

# ഇസ്‌ലാമിക വിശ്വാസം യുക്തിയും പ്രസക്തിയും

എ.പി.എം. ഫാറൂഖ്. കൊല്ലം

ഖാദിസിയ്യാ ബുക്സ്

# ഇസ്‌ലാമിക വിശ്വാസം യുക്തിയും പ്രസക്തിയും

എ.പി.എം. ഫാറൂഖ് കൊല്ലം

പ്രസാധകർ

**വാദിസിയ്യാ ബുക്സ്**

തഴുത്തല, മുഖത്തല പി.ഒ.

കൊല്ലം- 691 577, ഫോൺ: 531578

# ISLAMIKA VISWASAM YUKTHIYUM PRASAKTHIYUM
(Malayalam)


| | | |
|---|---|---|
| Author | : | A.P.M. Farooq, Kollam |
| Published by | : | Quadisiyya Books<br>Thazhuthala, Mukhathala P.O.,<br>Kollam- 691 577, Phone: 531578 |
| First Edition | : | 1999 June |
| Type Setting,<br>Layout &<br>Cover Design | : | Bright Computer Graphics, Kollam-3 |
| Printed at | : | Bright Offset Printers, Vellayittambalam,<br>Kollam-3. Ph: 0474- 794528 |
| Copies | : | 5000 |
| Price | : | Rs. 40.00 |


(Copy Right Reserved)

# ആശംസ

മുറകൾക്ക് പിറകെ.

ബുഖാരി ദഅ്‌വ കോളേജ് ബി.എ. മൂന്നാം വർഷ വിദ്യാർത്ഥി എ.പി. മുഹമ്മദ് ഫാറൂഖ്. കൊല്ലം രചിച്ച ഇസ്‌ലാമിക വിശ്വാസം യുക്തിയും പ്രസക്തിയും എന്ന ഗ്രന്ഥത്തിനും ഗ്രന്ഥകാരനും ഒരായിരം ആശംസകൾ. ഇതൊരു സത്കർമ്മമായി അല്ലാഹു സ്വീകരിക്കട്ടെ. ആമീൻ

തെന്നല അബൂഹനീഫൽ ഫൈസി
പ്രിൻസിപ്പാൾ
ബുഖാരി ദഅ്‌വ കോളേജ്
കൊണ്ടോട്ടി

# പ്രസാധകർ പറയുന്നു

**ഖാ**ദിസിയ്യ ബുക്സിന്റെ പ്രഥമ ഗ്രന്ഥമാണിത്. ഇസ്‌ലാമിക വിശ്വാസ യുക്തിയും പ്രസക്തിയും ഇസങ്ങളുടെയും മീമാംസകളുടെയും അതിപ്രളയത്തിൽ, പരിഷ്കരണ വാദികളുടെയും വിശ്വാസ കള്ളന്മാരുടെയും നുഴഞ്ഞുകയറ്റത്തിൽ, ഇസ്‌ലാമിക വിശ്വാസ പ്രമാണങ്ങളുടെ തനതായ തലം മൂടുപടമണിയാൻ തുടങ്ങി. പഴഞ്ചനായും അറുപഴഞ്ചനായും ചിലർ അതിനെ മുദ്രകുത്തി. ആറാം നൂറ്റാണ്ടിലെ അറേബ്യക്ക് മാത്രമുള്ളതാണെന്ന് ചിലർ തിരെഴുതി. ഈ വികല ധാരണകളുടെ മൂടുപടം പിച്ചിചീന്തി യുക്തിഭദ്രമായ വിശ്വാസ ശാസ്ത്രത്തിന്റെ സർവ്വാതിശയിത്വം എടുത്തുകാട്ടുന്നതിൽ ഈ ഗ്രന്ഥം വിജയം കൈവരിച്ചിട്ടുണ്ട്. .

താത്വികതയുടെ ഭാവമണിഞ്ഞ പ്രഖ്യാപനങ്ങളും അർത്ഥപൂർണ്ണമായ താരതമ്യ രീതിയും ഇതിനെ അലങ്കരിച്ചിട്ടുണ്ട്. സമകാലിക ലോകത്തിന്റെ ഭാവം തൊട്ടറിഞ്ഞ ഭാഷാ സമീപനവും, ശാസ്ത്രീയമായ അന്വേഷണങ്ങളും കൊഴുപ്പേറ്റുന്നുണ്ട്. ഇതി വൃത്തം അർത്ഥവ്യാപ്തിയുള്ളതും ആവിഷ്കാരം മധുമസൃണവുമാണ്. ഓരോ വിശ്വാസിയും സൂക്ഷിക്കേണ്ട ഒരുത്തമ കൃതിയാണ് ഇതെന്നതിൽ സംശയമുണ്ടാകില്ല.

ഇത് പ്രസാധനത്തിന് വിട്ടു തന്ന എ.പി.എം. ഫാറൂഖ് കൊല്ലം, സഹായിച്ച സഹപ്രവർത്തകർ, ഗുരുവര്യർ എവരെയും നന്ദിപൂർവ്വം സ്മരിച്ച് വിചാരവൃന്ദത്തിനി ഉപഹാരം നീട്ടുന്നു. സ്വീകരിച്ചാലും...

*പ്രസാധകർ*

# അകക്കാമ്പ്

പേജ്


അവതാരിക 1

അവതാരിക 2

അദ്ധ്യായം 1
വിശ്വാസം ............................................ 12

അദ്ധ്യായം 2
വിശ്വാസ കാര്യങ്ങൾ .............................. 16

അദ്ധ്യായം 3
ഏകസത്തായിലെ വിശുദ്ധ വിശ്വാസം ....... 19

അദ്ധ്യായം 4
മലക്കുകളിലുള്ള വിശ്വാസം ..................... 83

അദ്ധ്യായം 5
കിതാബുകളിലുള്ള വിശ്വാസം ................. 90

അദ്ധ്യായം 6
പ്രവാചകന്മാരിലുള്ള വിശ്വാസം ............... 118

അദ്ധ്യായം 7
അന്ത്യ ദിനം കൊണ്ടുള്ള വിശ്വാസം ................. 133

അദ്ധ്യായം 8
വിധി വിശ്വാസം ........................................ 152

# അവതാരിക



സയൻസിന്റെ പുരോഗതിയിൽ ഊറ്റം കൊള്ളുന്ന ഈ അത്യാധുനിക യുഗത്തിൽ സ്രഷ്ടാവിലുള്ള വിശ്വാസത്തിന്റെ അനിവാര്യതയേയും, യുക്തിവാദികൾ എന്ന് സ്വയം നാമം ധരിച്ച യുക്തിഹീനരുടെ വികല വാദങ്ങളുടെ കഴമ്പില്ലായ്മയും, വിശ്വാസം നിമിത്തമുളവായ മനശാന്തി, രോഗമുക്തി എന്നിത്യാദി നേട്ടങ്ങൾ തത്വ ചിന്തകരും, വൈദ്യശാസ്ത്ര നിപുണരും ആവർത്തിച്ച് പ്രഖ്യാപിച്ചു കഴിഞ്ഞ ഇരുപത്തി ഒന്നാം നൂറ്റാണ്ടിന്റെ പ്രാരംഭ ഘട്ടത്തിൽ ഇസ്ലാമിക വിശ്വാസ പ്രമാണങ്ങളിലെ ആഴത്തിലേക്കിറങ്ങിയ ഗ്രന്ഥകർത്താവ് ലളിതമനോഹരവും ചിന്തോദ്ദീപകങ്ങളായ ഉപമകളിലൂടെ ഓരോ വിശ്വാസ ശാഖകളിലേക്കും വെളിച്ചം വിശുന്നതിന് പരിശ്രമിച്ചിട്ടുണ്ടെന്നത് വസ്തുതയാണ്. പൂർവ്വകാല പണ്ഡിതന്മാർ വിവിധ അദ്ധ്യായങ്ങളിലായി അൻപത് അഖീദകൾ നാൽപ്പതും അതിലധികവും ദിനങ്ങളിലും രാത്രി വഅളുകളിൽ പ്രതിപാദിച്ച് സാധാരണക്കാരിൽ വിശ്വാസം രൂഢമൂലമാക്കിയ നാളുകൾ പഴമക്കാരുടെ മാത്രം ഓർമ്മകളിൽ മിന്നിമറഞ്ഞു കഴിഞ്ഞു. കാല പ്രവണതകൾ അയവിറക്കം മാത്രമേ ഇന്നു ചെയ്യാൻ കഴിയുന്നുള്ളൂ. മങ്ങി മാഞ്ഞു പോയ വിശ്വാസ അദ്ധ്യായങ്ങൾ വീണ്ടും നമ്മുടെ മനോമുകുരത്തിലേക്ക് എത്തിക്കാൻ രചയിതാവ് ശ്രമിച്ചിട്ടുണ്ടെന്നത് ചാരിതാർത്ഥ്യ ജനകമാണ്. ദൈവമെന്ന പരിഭാഷ 'അല്ലാഹു ' എന്ന അറബി ഉൾക്കൊള്ളുന്ന ആശയവുമായി ഒരിക്കലും പൊരുത്തപ്പെടാത്തപോലെ 'അഖുൻ ലി അബ് 'എന്നതിന് ബാപ്പ ഒത്ത സഹോദരൻ എന്ന അർത്ഥകൽപ്പനയും ശരിയായതല്ല. എങ്കിലും മലയാള ഭാഷയിൽ ഒറ്റവാക്കിൽ അങ്ങനെ പറയാനെ നിവൃത്തിയുള്ളൂ. സഹോദരൻ എന്ന മലയാള വാക്ക് കെട്ടഴിച്ച് അർത്ഥം പറയുമ്പോൾ ഒരു മാതാവിന്റെ ഉദരത്തിൽ നിന്നു തന്നെ പുറപ്പെട്ടവർക്കേ 'സഹ ഉദരൻ' ആകുവാൻ കഴിയുകയുള്ളൂ എന്നത് തീർച്ച. അപ്പോൾ മലയാള ഭാഷ

യിൽ ഇത്തരം അറബി വാക്കുകളുടെ വിപുലാർത്ഥം ഉൾക്കൊള്ളാൻ കഴിയാത്തത് മലയാള ഭാഷയുടെ ന്യൂനതയോ, പണ്ഡിറ്റുകൾക്ക് കണ്ടെത്താൻ കഴിഞ്ഞില്ലെന്നതോ ആണെന്ന് വ്യക്തം. അതിനാൽ തന്നെ സാധ്യമാകുന്ന അറബിവാക്കുകളുടെ അർത്ഥം ചേർക്കുകയും, അസാധ്യമായതിന് അറബി മാത്രം ഉപയോഗിക്കുകയും ചെയ്തിട്ടുള്ളത് ഭാഷയോടുള്ള നീതി മാത്രമാണെന്ന് കണ്ടെത്താൻ കഴിയും. ദൈവ നിഷേധിയും നിരീശ്വരവാദിയുമായ ഒരു സുഹൃത്തിന് ബുദ്ധിയില്ലാ എന്ന് ജൽപ്പിക്കുന്നവർക്കാണ് ബുദ്ധിശൂന്യത. എങ്കിലും പ്രസ്തുത സുഹൃത്ത് ആഴത്തിൽ ചിന്തിക്കുമ്പോൾ ഒരു മതവാദിയായി തീരുവാനുള്ള പന്ഥാവുകളെ ആധുനിക ശാസ്ത്രവിജ്ഞാന ശാഖകളിലൂടെ ഈ ഗ്രന്ഥം പരിചയപ്പെടുത്തുന്നുണ്ട്. സർവ്വോപരി ഖുർആൻ സൂക്തങ്ങളിലൂടെ ഓരോന്നും വരച്ചു കാണിക്കുകയും ചെയ്തതായി കാണുന്നത് നേട്ടം തന്നെ.

ഇണസംഗമത്തിലെ സ്ഖലൻ, ബീജങ്ങളുടെ ഓട്ടമത്സരം, ക്ലോട്ട് (അലഖ്), ലിംഗ നിർണ്ണയം, മോൾസസ് (മുള്ഗ) തുടങ്ങിയവയെ വിശദീകരിച്ചിട്ടുണ്ട്. ഖുർആനിന്റെ ഉത്ബോധനം, ''നിങ്ങളുടെ മാതാക്കളുടെ വയറിൽ മൂന്നുതരം ഇരുട്ടുകൾക്കുള്ളിൽ നാം സൃഷ്ടിയുടെ ഒരു ഘട്ടത്തിനു പിന്നിൽ മറ്റൊരു ഘട്ടമായി നിങ്ങളെ സൃഷ്ടിക്കുന്നു.''(39:6). സൃഷ്ടാവിലെ വിശ്വാസങ്ങൾക്കനിവാര്യമായ നാൽപ്പതു അഖീദ അഥവാ വാജിബായ 20-ഉം മുസ്തഹീലായ 20-ഉം ഓരോന്നോരോന്നായി വിശദീകരിക്കുന്നതിനിടയിൽ വഹ്ദത്തുൽ വുജൂദും, അദ്വൈത സിദ്ധാന്തവും ഒന്നായി ചിത്രീകരിക്കുന്ന അൽപ്പജ്ഞാനരുടെ മുനയൊടിച്ചു കാണിച്ചിട്ടുള്ളതും സ്മരണീയമാണ്. ഇല്ലായ്മയിൽ നിന്നും ഉത്ഭൂതമാകാത്ത, ഒരിക്കലും നാശം തൊട്ടു തീണ്ടാത്ത യഥാർത്ഥമായി ഉള്ളവന്റെ ഉണ്ടാകലിനെ ഉള്ളത് എന്ന് പ്രസ്താവിക്കുന്നതിനർത്ഥമുള്ളൂ. ''ഉള്ളതെല്ലാം ഉള്ളതല്ല ഉള്ളതൊന്നേ ഉള്ളതുള്ളൂ ഉള്ളതിന് നാശമില്ല''എന്നതാണ് വഹ്ദത്തുൽ വുജൂദിന്റെ ഏറ്റവും ചുരുങ്ങിയ സാരം. എന്നതല്ലാതെ ശങ്കരാചാര്യരുടെ ദൈവവും പ്രപഞ്ചവും ഒന്നാണെന്നും, എല്ലാ വസ്തുക്കളും ദൈവത്തിന്റെ ഭാഗമാണെന്നും, ഒരോ വസ്തു നശിക്കുമ്പോഴും അതിന്റെ മൂലകം ദൈവത്തിലേക്ക് മടങ്ങുന്നു എന്നതല്ല. അദ്വൈതവും വഹ്ദത്തുൽ വുജൂദും അജഗജാന്തരത്തിലാണ്. അപ്രകാരം ത്രിയേകത്വത്തിന്റെ അപാകതകളിലും കാര്യകാരണ സഹിതം സമർത്ഥിച്ചിട്ടുണ്ട്. ക്ലോണിംഗിന്റെ അധിപനായ 'വിൽമുട്ടിനും ' കോശം നിർമ്മിക്കാൻ കഴിയുന്നില്ല. സൃഷ്ടാവ് നിർമ്മിച്ച കോശത്തിൽ വിവിധ പരിവർത്തനങ്ങൾ നടത്തുക മാത്രമേ ചെയ്യുന്നുള്ളൂ. അതി വിദഗ്ദനായ ഡോക്ടറോടൊന്ന് അനുമതി ചോദിക്കാതെ കോശ

ങ്ങൾ വളരുന്നു, വന്ധ്യംവേദനയുളവാകുന്നു.

എല്ലാ കഴിവുള്ളവനും ഒരിക്കൽ തന്റെ കഴിവുകേട് സമ്മതിച്ച് പോകുന്നു. ഖുർആനിലെ 'മുതശാബിഹ് ' എന്നയിനം സൂക്തങ്ങളെ മാത്രം തേടിതിരിഞ്ഞ് തന്റെ ഇംഗിതത്തിനും യുക്തിക്കും യോജിപ്പിക്കാൻ വിഫലശ്രമം നടത്തുന്ന സുന്നി ഇതര വികല വിശ്വാസങ്ങളുടെ അപ്രായോഗികതയും പൊള്ളത്തരവും രചയിതാവ് കണക്കിന് കശക്കിയിട്ടുണ്ട്. കൂടാതെ 'അസ്മാ ഉൽ ഹുസ്നാ' എന്നറിയപ്പെടുന്ന 99 നാമങ്ങൾ അർത്ഥവും വിശദീകരണവും ചേർത്ത് സമർപ്പിച്ചിട്ടുള്ളത് വളരെ പ്രയോജനകരമാണെന്നതിൽ സന്ദേഹം ലവലേശമില്ല. അവ മനപാഠമാക്കുവാൻ പ്രവാചക പുംഗവർ(സ) പ്രോത്സാഹനം നൽകിയിട്ടുള്ളതും സൂഫിയാക്കളായ പണ്ഡിത വരേണ്യർക്കാണതിന്റെ പ്രത്യേക ഇജാസത്തും പരമ്പരാഗത സനദും ഉള്ളതാണെന്നത് സാധാരണ ജനത അറിഞ്ഞുകാണില്ല. ഇജാസത്തു മുഖേന അത് ദിനേന ഓതി പതിവാക്കിയാലുള്ള നേട്ടം ഒന്ന് വേറെ തന്നെയാണെന്ന് ഉണർത്താൻ ആഗ്രഹിക്കുന്നു.

ഗ്രന്ഥം അവസാനിക്കുന്നതിന് മുമ്പ് വളരെ പ്രാധാന്യം അർഹിക്കുന്ന മലക്കുകളിലെ വിശ്വാസം സവിസ്തരം പ്രതിപാദിക്കുകയും മതനിയമങ്ങളുടെ ഗുരുവര്യൻമാർ സാധാരണക്കാരെ സംബന്ധിച്ചിടത്തോളം പ്രവാചകവര്യർ ആയിരിക്കെ അവരെക്കാൾ മുമ്പായി തന്നെ മലക്കുകളെക്കുറിച്ച് പ്രതിപാദിക്കുന്നതിന്റെ ഔചിത്യം യുക്തി സഹമായി എടുത്തു കാണിക്കുവാൻ ശ്രദ്ധിച്ചിട്ടുണ്ട്. മലക്കുകളെ പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ടതിന്റെ പൊരുൾ ഔദ്യോഗികമായി അവർ ഏൽപ്പിക്കപ്പെട്ട കാര്യങ്ങളിലൂടെ മനസ്സിലാക്കാൻ കഴിയുന്നു. വേഗതയിൽ മുന്നിട്ടു നിൽക്കുന്ന പ്രകാശ വേഗതയെക്കുറിച്ചറിയാവുന്ന ഏതൊരു ബുദ്ധിക്കും സശിര കമ്പം സമ്മതമാകുമെന്നത് അവിതർക്കിതമാണല്ലോ. ഈ പുസ്തകം ആവർത്തിച്ച് വായിച്ചുകേട്ടതിനുശേഷം ജനസമൂഹത്തിലെ വിവിധ നിലവാരത്തിലുള്ളവർക്കും വിശിഷ്യാ മത-ഭൗതിക-വിജ്ഞാന ദാഹികൾക്കും വലിയൊരു മുതൽക്കൂട്ടാകുമെന്ന വസ്തുത പരിഗണിച്ചാണ് ഒരു അവതാരിക എഴുതാൻ ഞാൻ പ്രേരിതനായത്. വിദ്യാർത്ഥി ജീവിതത്തിന്റെ വിലപ്പെട്ട സെക്കന്റുകളിൽ ഇത്തരം ഗ്രന്ഥം രചിക്കാൻ ഗ്രന്ഥകർത്താവ് സമയം കണ്ടെത്തിയതിൽ അദ്ദേഹത്തെ അഭിനന്ദിക്കുകയും മേലിലും കാലോചിതവും, പ്രായോഗികവുമായ വിഷയങ്ങൾ ഉൾക്കൊള്ളുന്ന തൂലികയ്ക്ക് നാഥൻ തൗഫീഖ് കനിഞ്ഞേകുകയും ഈ ഗ്രന്ഥം ഒരു സാലിഹായ പ്രവർത്തനമായി സർവ്വാധിനാഥൻ സ്വീകരിക്കുകയും ഇതിന്റെ പ്രതിഫലം അദ്ദേഹത്തിനും, മാതാ-പിതാ-ഗുരുവര്യർ, ബന്ധുമിത്രാദികൾക്കും നൽകി അനുഗ്രഹിക്കുമാറാ

കട്ടെ എന്ന ആശംസയോടെ സമാപ്തം.

**പി.എ. ഹൈദ്രൂസ് മുസ്‌ലിയാർ ഫൈസി**
'കേന്ദ്ര മുശാവറ അംഗം'
പ്രസിഡന്റ് & പ്രിൻസിപ്പാൾ
ബാദിരിയ്യ ഇസ്‌ലാമിക്
എഡ്യുക്കേഷനൽ കോംപ്ലക്സ്
തഴുത്തല, കൊല്ലം.

# അവതാരിക



കാലം യുഗപകർച്ചയ്ക്ക് വിധേയമായി കൊണ്ടിരിക്കുന്നു. ഇസങ്ങളും, പ്രത്യയശാസ്ത്രങ്ങളും ജനിക്കുകയും അവയുടെ വളർത്തില്ലങ്ങളിൽ തന്നെ അവയ്ക്ക് അന്ത്യകുദാശ നൽകപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ വിശ്വാസവും കർമവും ഒത്തിണങ്ങിയ ഒരേയൊരു പ്രത്യയശാസ്ത്രം ഇസ്ലാം മാത്രമാണ്.(DOWN WITH GODE LONG LIVE ETHEISEM) ദൈവം നശിക്കട്ടെ, നിരീശ്വരത്വം നീണാൾ വാഴട്ടെയെന്ന് പ്രഖ്യാപിച്ചവരടക്കമുള്ള നാസ്തികൃത്തിന്റെ വക്താക്കൾ തകർന്നടിഞ്ഞത് പാശ്ചാത്യലോകം കണ്ടറിഞ്ഞതാണ്. എന്നാൽ യുക്തി വാദം യുക്തി വൽക്കരണമായി പരിണമിച്ച് പല ഭാഗത്തും തുടരുന്നു എന്നത് ഇതിനപവാദമാണെങ്കിലും പദാർത്ഥപിണ്ഡങ്ങൾക്കപ്പുറമുള്ള വസ്തുക്കൾ (സൃഷ്ടാവുൾപ്പടെ) യുക്തിമൂലം വിധിയെഴുതാൻ പര്യാപ്തമല്ലെന്ന സ്ഥാപിത നിയമ സംഹിത കാറ്റിൽ പറത്തി യാഥാർത്ഥ്യങ്ങളോട് കണ്ണടച്ചിരുട്ടാക്കുകയാണവർ. പാശ്ചാത്യ ലോകത്തെ റേഷണലിസ്റ്റുകളായ ബർണാഡ്ഷാ പ്രാപഞ്ചിക പ്രതിഭാസങ്ങളുടെ വിസ്മയാവഹമായ സൃഷ്ടി രഹസ്യങ്ങളിൽ ഊളിയിട്ടശേഷം മനനം ചെയ്തെടുത്തത് ഈ ലോകത്തിന്റെ നൂതനമായ സൃഷ്ടിക്കു പിന്നിൽ Supearior Force (പരമോന്നത ശക്തി) പ്രവർത്തിക്കുന്നു എന്നാണ്. ഇവിടെ ഇസ്ലാമിന്റെ വിശ്വാസം പ്രസക്തമാകുന്നു. ഖുർആൻ പ്രഖ്യാപിക്കുന്നു. "അല്ലാഹുവല്ലാതെ'മറ്റ് സൃഷ്ടികർത്താക്കളുണ്ടോ?" ഉപരിപ്ലവമായ വിശ്വാസത്തെയും വിട്ട് യഥാർത്ഥ വിശ്വാസത്തിലേക്കിറങ്ങുമ്പോൾ യുക്തി ചെന്നെത്തുന്നത് ഖുർആന്റെ പ്രഖ്യാപനത്തിലേക്കാണ്. അവൻ ഏകനാകുന്നു നിരാശ്രയനും, പ്രസവിക്കാത്തവനും പ്രസവിക്കപ്പെടാത്തവനും തുല്യതയില്ലാത്തവനുമത്രെ (വി:ഖു). ചിന്താദീപകമായ ഈ വചനം പല ചിന്താ മണ്ഡലങ്ങളെയും കോൾമയിർ കൊള്ളിച്ചു. മോറിസ് ബുക്കായിയെപോലുള്ളവർ ഇസ്ലാമിന്റെ ശീതളഛായയിൽ നിർവൃതിയടഞ്ഞു.

"പാരമ്പര്യത്തെ അനുകരിക്കലിലൂടെ നേടാവതല്ല സ്രഷ്ടാവിലെ വിശ്വാസമെന്ന" ശറഈ പണ്ഡിതരുടെ വീക്ഷണം ഇവിടെ ശ്രദ്ധേയമാകുന്നു.

പുരോഗമന പ്രവർത്തനങ്ങളും ബുദ്ധി വികാസവും പുതിയ മാനങ്ങൾക്ക് വിധേയമാകുമ്പോൾ മുസ്ലിം വേഷധാരികൾ ചിലർ സ്രഷ്ടാവിലെ വിശ്വാസത്തിൽ നിന്നും യുക്തിരഹിത മേഖലകൾ സ്വീകരിക്കുന്നു. മറ്റു ചിലർ വിശ്വാസത്തിൽ മായം ചേർക്കുന്നു, ഇവയുടെ നടുവിൽ ഇസ്ലാമിലെ അടിസ്ഥാന വിശ്വാസങ്ങളുടെ അന്തരാർത്ഥവും, അർത്ഥവ്യാപ്തിയും യുക്തി സഹമായി പരിചയപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ ദൗത്യം വളരെയേറെ ഉൾക്കൊണ്ട് വിഷയവുമായി സമീപിക്കുന്നതിൽ ഗ്രന്ഥകാരൻ വിജയിച്ചിട്ടുണ്ട്. ഇസ്ലാമിന്റെ മുഖത്തു നോക്കി അപ്രായോഗികത ആരോപിക്കുന്നവർ, പഴഞ്ചനെന്ന് തള്ളുന്നവർ ഈ കൃതി മനസ്സിരുത്തി വായിക്കുവാൻ സമയം കണ്ടെത്തുകയാണെങ്കിൽ മസ്തിഷ്കപ്രക്ഷാളനത്തിന് വിധേയമാകാത്തവർക്ക് നിരസം വരില്ല.

അപരിമേയമായ ഇലാഹി വിധികൾക്കു മുന്നിൽ വിറങ്ങലിച്ചു നിൽക്കുന്ന മനുഷ്യ മനസ്സിൽ വിശ്വാസത്തിന്റെ ദീപശിഖ കൊളുത്താൻ പരമമായ വിധേയത്വത്തോടെ വിനയാന്വിതമാകുന്നു ഈ കൃതി. ആനുകാലികതയുടെ ഭാഷയിൽ ഈ ആവിഷ്കാരം പണിഞ്ഞെടുത്തതിൽ രചയിതാവ് അഭിനന്ദനമർഹിക്കുന്നു. ഈ സദുദ്യമം അല്ലാഹു ഒരു സ്വാലിഹായ അമലായി സ്വീകരിക്കട്ടെ എന്ന പ്രാർത്ഥനയോടെ ഈ ജ്ഞാനചഷകം ചിന്താ കൈരളിക്ക് കൈമാറുന്നു.

എന്ന്

**പി.എ.മുഹമ്മദ്കുഞ്ഞ് സഖാഫി എം.എ., എം.ഫിൽ**

കൊല്ലം

അദ്ധ്യായം. 1

# വിശ്വാസം

മനുഷ്യ മനസ്സിലെ ഒരു മഹദ് പ്രതിഭാസമാണ് വിശ്വാസം. 'ഈമാൻ' എന്ന അറബി പദത്തിന്റെ ഭാഷാന്തരമത്രേ ഇത്. എതിർപ്പുകൾക്കോ, വിപരീത വാദഗതികൾക്കോ മുന്നിൽ ഇളകാത്ത രീതിയിൽ ഒരാശയത്തെ മനസ്സിനകത്ത് ദൃഢീകരിക്കുന്നതിനാണ് സാങ്കേതിക അർത്ഥത്തിൽ വിശ്വാസമെന്ന് പറയുന്നത്.

ഈശ്വര വാദിയും നിരീശ്വര വാദിയും ബഹുദൈവാരാധകനുമെല്ലാം ഭാവാർത്ഥത്തിൽ വിശ്വാസികളാണെന്ന് പറയാം. വിശ്വാസമില്ലാത്ത മനുഷ്യ മനസ്സുകളില്ല. അനുസ്യൂതം അരങ്ങേറുന്ന ഏതു ചലനങ്ങൾക്കു പിന്നിലും ഒരു വിശ്വാസത്തെ കണ്ടെത്താനാകും.

പ്രഭാതത്തിൽ അന്നം തേടിയിറങ്ങുന്ന പക്ഷി പറവാദികളും നിയന്ത്രിത അച്ചു തണ്ടിൽ അനുസ്യൂതം ചലിക്കുന്ന ഗോളഗണങ്ങളും ഒരു വിശ്വാസ സത്തയിൽ നിലംകൃതിയാകുന്നു. മനുഷ്യനും ഭൂതവുമല്ലാത്ത സൃഷ്ടികൾ എന്തും വിശ്വസിക്കട്ടെ, എങ്ങനെയും വർത്തിക്കട്ടെ അവർക്ക് മസ്തിഷ്ക്കമോ, ചിന്തയോ ഇല്ല. വിചാരമോ അന്ത്യനാളിൽ വിചാരണയോ ഇല്ല. ദുർഗുണമെന്നോ, സദ്ഗുണമെന്നോ വിഭേദിച്ച് പ്രത്യേക അനുഭവ മണ്ഡലങ്ങളും അവർക്കില്ല. അവ സൃഷ്ടിക്കപ്പെട്ടതും മസ്തിഷ്ക്കമുള്ള മനുഷ്യനു വേണ്ടിയാണ്. ഒരു പരിധി വരെ മനുഷ്യ സദ്ഗുണങ്ങൾ ഇതര ജീവികൾക്ക് അനുഗുണമാകുന്നു, തിരിച്ചും.

മനുഷ്യനെ നിയന്ത്രിക്കുന്ന പവർഹൗസാണ് മനസ്സ്. അതിന്റെ വികലത വ്യക്തിയുടെ വിശുദ്ധി നഷ്ടപ്പെടുത്തുന്നു. മനസ്സ് ശുദ്ധമെങ്കിൽ മനുഷ്യൻ വിശുദ്ധനാകുന്നു.

മതങ്ങളും വേദാന്തങ്ങളും ഒരു നിർമ്മിത സിദ്ധാന്ത, വിശ്വാസത്തിന് അടിത്തറ പാകുന്നു. മനുഷ്യ കൃത്യങ്ങളുടെ സദ്ഗുണവും, നിർഗുണവുമത്രയും വിശ്വാസമെന്ന അടിക്കല്ലിൽ ബന്ധപ്പെട്ടിരിക്കുന്നു. പക്ഷെ പരിഷ്കൃതരെന്ന് ധരിക്കുന്നവർ അത് അവഗണിക്കുന്നു. ശാസ്ത്രീയതയുടെ ചലനാനുചലനമാണ് മനുഷ്യ പുരോഗതിയെന്ന് അവർ വാദിക്കുകയും ചെയ്യുന്നു. പക്ഷെ യാഥാർത്ഥ്യം കാലം ഏറെ ചെന്നെങ്കിലും പുറത്തുവന്നു.

ശാസ്ത്ര വിശാരദനാവാൻ ഒരു വിശ്വാസം അത്യന്താപേക്ഷിതമാണെന്ന് ശാസ്ത്രജ്ഞർ ആണയിടുന്നു. ദൈവികത മാത്ര ജീവിക

ഉായി അവരെ ചിത്രീകരിച്ചതിന് അവർ മറുപടി പറഞ്ഞു.

ആൽബർട്ട് ഐൻസ്റ്റീന്റെ വാക്കുകൾ ഇവിടെ പ്രസ്താവ്യമാണ്. "മത വിശ്വാസത്തെ മാറ്റി നിർത്തിക്കൊണ്ടുള്ള ശാസ്ത്രം മുടന്തു പിടിച്ചതാണ്. ശാസ്ത്രീയ ഗവേഷണത്തിന്റെ ശക്തി കേന്ദ്രം അതീന്ദ്രിയമായ മതാനുഭൂതിയാണ്".

നിത്യ നിഗൂഢവും യഥാർത്ഥവുമായ മനുഷ്യ മനസ്സിനെയാണ് മതങ്ങൾ ചോദിച്ചത്. മജ്ജ മാംസ സമ്മിശ്ര മനുഷ്യനിൽ നിന്ന് ഇസ്‌ലാം ക്ഷണിച്ചത് അവന്റെ അർത്ഥ (മനസ്) ത്തെയാണ്. ഇസ്‌ലാം ആദ്യം രൂപം കൊടുക്കുന്നത്, നന്നാക്കുന്നത് അസ്ഥിക്കാണ്. മനുഷ്യന്റെ അസ്ഥിയാണത്രെ അവന്റെ വിശ്വാസം.

ആധുനിക മനഃശാസ്ത്രം ഇവിടെ എന്തു പറയുന്നുവെന്ന് നോക്കാം. മനഃശാസ്ത്രജ്ഞനായ പ്രൊഫ: വില്യംസിനെ ഉദ്ധരിക്കുന്നു. "ശാസ്ത്രം ചെയ്യുന്നതെന്തു തന്നെയായാലും കാലത്തിന്റെ അന്ത്യം വരെ മനുഷ്യൻ ആരാധനാ വ്യത്തിയിൽ ഏർപ്പെടുമെന്നാണ് തോന്നുന്നത്. നമുക്ക് ഒരു തരത്തിലും സ്വീകാര്യമല്ലാത്ത വിപ്ലവാത്മകമായ രീതിയിൽ മനുഷ്യ മനസ്സിന്റെ പ്രകൃതം മാറുന്നില്ലെങ്കിൽ മനുഷ്യാത്മാവിനെ കുറിച്ച് ഞാനീ പറഞ്ഞത് എന്തു സത്യമായിരിക്കും. മനുഷ്യ മനസ്സിന്റെ ഏറ്റവും ആന്തരികമായ സിദ്ധി പോലും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ സാമൂഹിക ചുറ്റുപാടുകളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നത് സത്യമാണ്. എന്നാലും ഏറ്റവും സംതൃപ്തമായ ബന്ധം മനസ്സിന് പുലർത്താൻ സാധിക്കുന്നത് അതിന് സദാ സ്വീകാര്യമായ ഒരു ആദർശ ലോകത്തിൽ മാത്രമാകുന്നു. അതായത് സ്വന്തം ബൃഹത് സഹചരനെ കണ്ടെത്തുമ്പോൾ മാത്രമാണ് മനുഷ്യ മനസ്സ് ഏറ്റവും സംതൃപ്തമാകുന്നത്. ആദർശ ലോകത്തെ കുറിച്ച് ചെറിയ ബോധമെങ്കിലും ഏതാണ്ടെല്ലാ മനുഷ്യരും നെഞ്ചിലേറ്റിയിട്ടുണ്ട്".

"എല്ലാം കാണുന്ന ആദർശവാനെ കുറിച്ചുള്ള ഈ ബോധം മനുഷ്യ മനസ്സുകളിൽ സ്ഥലം പിടിച്ചിരിക്കുന്നത് വിവിധ അനുപാതത്തിലാണ്. ഈ ബോധത്തിന്റെ തീക്ഷ്ണതയിൽ ഗണ്യമായി വിഭിന്നമാകാൻ ഇടയുണ്ട്. ചില മനുഷ്യർക്ക് ബോധ മനസ്സിന്റെ അവിഭാജ്യഘടകമാണിത്. മറ്റു ചിലർക്ക് അങ്ങനെയല്ല. തങ്ങൾക്ക് ഇത്തരം ആദർശ ബോധം ഇല്ലെന്ന് പ്രഖ്യാപിക്കുന്നവർ സ്വയം വഞ്ചിക്കുകയാണ് ചെയ്യുന്നത്. ചെറിയ തോതിലെങ്കിലും ഈ ബോധം ഉണർന്നുണ്ട്" (മതം, ശാസ്ത്രം, യുക്തിവാദം)

സ്പഷ്ടമായ അപഗ്രഥനത്തിലൂടെ അഖില മനസ്സുകളും വിശ്വാസമുള്ളതാണെന്നും അത് കേന്ദ്രീകൃതമാകുന്നത് ദൈവിക സത്തയിലാണെന്നുമാണ് ജെയിംസിന്റെ പ്രസ്താവന.

അഖില മനുഷ്യനും, സത്യമോ അസത്യമോ ആകട്ടെ ഒരു വിശ്വാസത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. സംശുദ്ധമായ വിശ്വാസം വ്യക്തിയെ ശുദ്ധമാക്കുമ്പോൾ പരിപൂർണ്ണമായ ആത്മ വിശ്വാസം അവനെ വിജയത്തിലെത്തിക്കുന്നു.

സുഭദ്രമായ ഒരാദർശ ലോകത്ത് മനസ്സ് പ്രതിഷ്ഠിച്ചവൻ പ്രതിബന്ധങ്ങളിലഖിലവും ആ ആദർശത്തോട് പ്രശ്നപൂരണം തേടുന്നു. ഇതിൽ നിന്ന് മാറിയവൻ വികാരങ്ങൾക്ക് മുഴുവൻ അടിമപ്പെടുന്നു. അലോസരമായ മാനസികാവസ്ഥകളിൽ വൈകാരികത രോഷം കൊള്ളുമ്പോൾ വിചാരം കൊണ്ട് വികാരം നിഷ്പ്രഭമാക്കുവാൻ ആദർശബന്ധിത മനസ്സിന് കഴിയുന്നു. വിഷമഘട്ടങ്ങളിൽ ആരാധനാ പൂജാദികളിൽ മത വിശ്വാസി സാന്ത്വനം തേടുമ്പോൾ മത രഹിതന് സാരിഡോണുകളും, ഫ്യൂരഡാൻ ടിന്നുകളും അഭയം നൽകുന്നു.

ഒരേ സമയം ഭൗതിക ശാസ്ത്രജ്ഞനും, മനോരോഗ ചികിത്സകനുമായിരുന്ന സി.ജി.യുങ്ങും അനേക വർഷം രോഗികൾക്കിടയിൽ ഗവേഷണം നടത്തി വിരൽ ചൂണ്ടുന്നത് കാണുക. "മത വിശ്വാസം നൽകുന്ന സത്ഫലങ്ങൾ നഷ്ടമാക്കിയത് മൂലമാണ് പലരും രോഗികളാകുന്നത്. മത വീക്ഷണം പുനഃപ്രാപിക്കാത്തവർക്ക് സ്ഥായിയായ രോഗശാന്തിയും ലഭിച്ചില്ല എന്നതാണ് അനുഭവം."

(വിശ്വാസം 21-ാം നൂറ്റാണ്ടിൽ)

എനിക്ക് സുദൃഢമായ ഈശ്വര വിശ്വാസമില്ലെങ്കിൽ എന്റെ ക്ലേശങ്ങളിൽ ഞാനൊരു കിറുക്കനാകുമായിരുന്നു എന്നതാണ് മഹാത്മാ ഗാന്ധി പറയുന്നത്.

വിശ്വാസ ബന്ധിയായ പ്രവർത്തനങ്ങൾ തന്റെ ശരീരം കൊണ്ട് നിത്യമായി ചെയ്യിക്കുമ്പോൾ വിശ്വാസം വ്യക്തിയുടെ എല്ലാ അവയവങ്ങൾക്കുള്ളിലും അവിഭാജ്യമായി അലിഞ്ഞു ചേരുന്നു.

ഇവയെല്ലാം മനുഷ്യമനസ്സ് ഒരു നിതാന്തവും അന്യൂനവുമായ വിശ്വാസത്തെ തേടുന്നു എന്നതിന് മതിയായ തെളിവുകളാണ്. ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം മാനസിക താൽപര്യങ്ങളോട് താദാത്മ്യം പുലർത്തുന്ന അന്യൂനമായ ഒരു വിശ്വാസ ശാസ്ത്രമാണ് അത് അവതരിപ്പിക്കുന്നത്. ഈ ഉലകത്തിനൊരുടയോൻ ഉണ്ടെന്നും

അവനെ കുറിച്ചുള്ള സുശക്തവും വ്യതിയാന രഹിതവുമായ വിശ്വാസമാണ് പ്രഥമമായി വേണ്ടതെന്നും ഇസ്‌ലാം അനുശാസിക്കുന്നു. അവൻ ഏകനാണെന്നും അവന്റെ നിശ്ചയമില്ലാതെ ഒന്നും സംഭവിക്കില്ലെന്നുമാണ് ഇസ്‌ലാമിന്റെ ഉദ്ബോധനം. ലോകത്ത് നിരവധി മതങ്ങളും ദൈവ സങ്കൽപങ്ങളും ഉണ്ട്. അതിൽ നിന്നെല്ലാം വ്യതിരിക്തമായി ഇസ്‌ലാം എങ്ങനെ യഥാർത്ഥ മതമാകുന്നു? വിശുദ്ധ ഇസ്‌ലാമിന്റെ വിശ്വാസ പ്രഭക്കുമുമ്പിൽ ഇതര പ്രത്യയശാസ്ത്രങ്ങൾക്ക് പ്രസക്തിയുണ്ടോ? ഇസ്‌ലാമിക വിശ്വാസ സംഹിതയുടെ പ്രായോഗികത എത്രമാത്രമാണ്? ഇസ്‌ലാമിലെ ദൈവിക സങ്കൽപം എങ്ങനെ? അല്ലാഹു എന്ന പരമ സത്തയുടെ വൈശിഷ്ട്യങ്ങൾ എന്തെല്ലാം? ഇത്യാദി വിഷയങ്ങളിലേക്കാണ് ഈ ഗ്രന്ഥം നിങ്ങളെ ക്ഷണിക്കുന്നത്.

അദ്ധ്യായം.2

# വിശ്വാസ കാര്യങ്ങൾ

ഒരു ദിവസം പ്രവാചകരും സ്വഹാബത്തും മദീന പള്ളിയിൽ ഇരിക്കുന്നു. ഒരപരിചിതൻ അവിടേക്ക് കടന്നുവന്നു. യാത്രാ ക്ഷീണം പ്രകടമാകാത്ത മുഖം. ചുളുവുകളില്ലാത്ത വസ്ത്രം, അടുക്കിവെച്ച ഇളക്കം തട്ടാത്ത മുടിച്ചുരുളുകൾ. അയാൾ പ്രവാചകന്റെ മുമ്പിൽ വന്നിരുന്നു. ജിജ്ഞാസുകനായി പ്രവാചകരോട് ചോദിച്ചു. എന്താണ് പ്രവാചകരെ ഈമാൻ? പ്രവാചകൻ പറഞ്ഞു "അല്ലാഹു, മലക്കുകൾ, പ്രവാചകർ, ദിവ്യ ഗ്രന്ഥങ്ങൾ, അന്ത്യദിനം, ഖദ്ർ ഇവകൊണ്ട് അർത്ഥശങ്കക്കിടമില്ലാത്ത വിധം വിശ്വസിക്കലാണ് ഈമാൻ." തുടർന്ന്, ഇസ്ലാം-ഇഹ്സാനുകളെ കുറിച്ച് (നന്മ) ചോദിച്ച് അയ്യാൾ സദസ്സ് വിട്ടു. പ്രവാചകൻ ചോദിച്ചു, ആഗതൻ ആരായിരുന്നെന്നറിയാമോ? സ്വഹാബത്ത് അറിയില്ലെന്ന് മറുപടി നൽകി. നബി പറഞ്ഞു "അതാണ് ജിബ്രീൽ" (ബുഖാരി)

ജിബ്രീൽ വന്ന് ഈമാൻ എന്തെന്ന് ചോദിച്ചപ്പോൾ ഈമാൻ കാര്യങ്ങളാണ് പ്രവാചകൻ പറഞ്ഞു കൊടുത്തത്. ജിബ്രീലിന്റെ ചോദ്യത്തിന്റെ ഉദ്ദേശം അറിഞ്ഞു മറുപടി കൊടുക്കുകയായിരുന്നു പ്രവാചകൻ എന്നാണിതു വ്യക്തമാക്കുന്നത്.

ഇസ്നുഹിബ്ബാൻ(റ) പറയുന്നു. ഈമാൻ കാര്യങ്ങൾ ഏറ്റവും സ്പഷ്ടമായി വിവരിച്ച ഒരു ഹദീസാണിത്. ഇതിൽ ഇസ്ലാമിന്റെ അടിത്തറയിൽ നിന്ന് വ്യതിചലിക്കാതിരിക്കാനും, ഇതര മതങ്ങളിൽ നിന്ന് തികച്ചും വ്യതിരിക്തമാകാനുള്ള സർവ്വ കാര്യങ്ങളും ഉൾകൊണ്ടിട്ടുണ്ട്. ആയതിൽ തന്നെ ഇതിൽ ഏതെങ്കിലും ഒന്ന് നിഷേധിച്ചാൽ അവൻ ഇസ്ലാമിന് പുറത്താണ്.

ഈ ആറുകാര്യങ്ങൾ ഖുർആനിൽ എണ്ണിപ്പറയുന്നു.

"അല്ലാഹു അവരുടെ മേൽ അവതരിപ്പിച്ചത് കൊണ്ട് പ്രവാചകൻമാർ വിശ്വസിച്ചിരിക്കുന്നു. മുഅ്മിനീങ്ങൾ അല്ലാഹുവിനെ കൊണ്ടും, കിതാബുകളെ കൊണ്ടും, മലക്കുകളെ കൊണ്ടും, മുർസലുകളെ കൊണ്ടും വിശ്വസിച്ചു. (അൽ ബഖറ) അന്ത്യദിനം കൊണ്ടവർ വിശ്വസിച്ചില്ല. അതിനാൽ അവർ ശിക്ഷിക്കപ്പെടുന്നു (ഗാഫിർ) ഖദ്റ് ചെയ്തവനും മാർഗദർശനം നൽകുന്നുമാണവൻ" (അഅ്ലാ 3) (ഒന്നാം സൂക്തത്തിൽ നിന്ന് ഈമാൻ കാര്യം 4 ഉം മറ്റ് രണ്ട് ആയത്തുകളിൽ നിന്ന് ബാക്കിയുള്ളവയും മനസ്സിലാക്കാം)

ഇവകളിൽ ഓരോന്നും അൽപം അപഗ്രഥിച്ചു പഠിക്കാം

ഈമാൻ കാര്യത്തിൽ ഒന്നാമത്, അല്ലാഹുവിലുള്ള വിശ്വാസമാണ്. ഇവിടെ ഇലാഹ് എന്തെന്നും അല്ലാഹുവെന്തെന്നും മനസ്സിലാക്കാം. ഇലാഹ് ഉണ്ടോ എന്നും നോക്കാം.

## ദൈവമുണ്ടോ?

നാം ജീവിക്കുന്നത് ഭൂമുഖത്താണ്. നാം വായു ശ്വസിക്കുന്നു, ജലം കുടിക്കുന്നു വ്യവഹാര മാർഗങ്ങളും ഭരണവും നിയന്ത്രിക്കുന്നു. അണ്ഡകടാഹത്തിലൊട്ടുക്കും പ്രത്യേക ക്രമീകരണത്തിൽ ചലനാനുചലനങ്ങൾ അനുസ്യൂതം നടക്കുന്നു. ഇതാരാണ് നടത്തുന്നത്? ഇതിനെ ക്രമം തെറ്റാതെ പരിപാലിക്കുന്ന പരിപാലകനാരാണ്? ഇവിടെയാണ് മതങ്ങൾ കടന്നുവരുന്നത്. മനുഷ്യ മസ്തിഷ്കങ്ങൾ അന്വേഷിക്കുന്നു. പൂരണത്തിനായി മൂളയുടെ സെല്ലുകൾ ക്രമീകരിക്കുന്നു.

ഒരുദാഹരണത്തിലൂടെ നമുക്ക് നിവാരണം കണ്ടെത്താം. സങ്കൽപിക്കുക, ശതാനുശതം ബൾബുകളും, ദശാനുദശം ഫാനുകളും, എണ്ണമറ്റ ട്യൂബുകളും പ്രവർത്തിക്കുന്നു. പിടിച്ചുകറക്കുന്ന ആരെയും കാണാനില്ല. ട്യൂബിലും ബൾബിലും പാറ ഉരച്ചുമിന്നിക്കുന്ന ആരുമില്ല. പിന്നെ എങ്ങനെയാണ് ഇവകൾ പ്രവർത്തിക്കുന്നത്? ഭിന്നതകളും ഭിന്നമായി സെല്ലുനിരത്തി തുടങ്ങി.

ഒരാൾ കണ്ടെത്തി അത് "പ്രാകൃതമാണ് " മറ്റെയാൾ പ്രതികരിച്ചു "പ്രാകൃതമെങ്കിൽ എപ്പോഴും പ്രവർത്തിക്കേണ്ടേ ? അതിനാൽ ഇത് ദേവന്മാരുടെ പണിയാണ് " മറ്റൊരാൾ പറഞ്ഞു " സ്വയം നിലനിൽപ്പിനപരന്റെ സഹായം തേടുന്ന ദേവന്മാർ എങ്ങനെയാണ് ബൾബ് കത്തിക്കുക" ? എണ്ണമറ്റ അഭിപ്രായങ്ങൾ. അങ്ങനെയിരിക്കെ അവർ അറിഞ്ഞു അടുത്തൊരിടത്ത് ഒരാൾ ഉണ്ട്. അയാൾ കള്ളം പറയാറില്ല. സാധാരണ പ്രകൃതക്കാരനല്ല. അയാൾക്കെന്തൊക്കെയോ പ്രത്യേകതകൾ ഉണ്ട്. ആളുകൾ അദ്ദേഹത്തോട് അന്വേഷിച്ചു. അപ്പോഴദ്ദേഹം പറഞ്ഞു "ഈ ബൾബുകൾ പ്രകാശിക്കുന്നതും, ഫാനുകൾ കറങ്ങുന്നതും വൈദ്യുതി പവറിനാലാണ്. പവർ ഹൗസിൽ നിന്ന് കുറെ യന്ത്രങ്ങളുടെ സഹായത്താൽ ആജ്ഞാനുവർത്തികളായ ഒരു പറ്റം സേവകന്മാരുടെ പ്രവർത്തി ഫലമായി പ്ലാസ്റ്റിക്കിനാൽ കവചിതമായ കമ്പികളിലൂടെ അത് ബൾബിന്റെ ഫിലമെന്റിലും ഫാനിന്റെ മോട്ടോറിലും എത്തുമ്പോൾ കത്തുകയും, കറങ്ങുകയും ചെയ്യുന്നു".

ഇത് കേട്ട് യുക്തിയുള്ളവർ അംഗീകരിച്ചു. ചില യുക്തികൾ പറഞ്ഞു വൈദ്യുതി കാണാനില്ലല്ലോ ? അതിനാൽ വിശ്വസിക്കാനാകില്ല ഇതിനേക്കാൾ യുക്തമായ മറ്റൊരു കാരണം കണ്ടെത്താൻ അവർക്കായതുമില്ല. ഉദ്ധൃത വിശ്വാസക്കാർ വീറോടെ നടന്നു. തർക്കമില്ല.

ഏത് പ്രവർത്തനത്തിന് പിന്നിലും കാരണം നോക്കുന്ന മസ്തിഷ്കങ്ങൾക്ക് ദൈവത്തെ മനസ്സിലാക്കാൻ ദൈവം തന്നെ പറഞ്ഞ റൂട്ടിൽ ചിന്തിച്ചാൽ മതി. കാരണം അല്ലാഹു പറയുന്നു. "എങ്ങനെയാണ് ഒട്ടകം സൃഷ്ടിക്കപ്പെട്ടത്, ആകാശം ഉയർത്തപ്പെട്ടത്, ഭൂമി പരത്തപ്പെട്ടത് ? ചിന്തിക്കുക." കൈകൾ കൊണ്ട് ഒരേ സമയത്ത് രണ്ട് വ്യത്യസ്ത അക്ഷരം എഴുതാൻ കഴിയാത്ത മനുഷ്യനിത് പിടികിട്ടില്ല. അതിനു പിന്നിലെ ശക്തിയെ പൂർണ്ണമായി ഗ്രഹിക്കാനുമാവില്ല. അതു പോലെ ഒരേ സമയത്ത് തന്നെ കാറ്റും ചൂടും പ്രകാശവുമായി മാറുന്ന വൈദ്യുതിയും അപ്രാപ്യമാണ്. പക്ഷെ നാം വിശ്വസിക്കുന്നു.

പിന്നെന്തുകൊണ്ട് ഈ ആകാശ, ഭൂമിയിൽ അനേകായിരം പ്രവർത്തനങ്ങൾ നടത്തുന്ന ഒരുവനുണ്ടെന്ന് വിശ്വസിച്ചുകൂട ? നിനക്ക് മസ്തിഷ്കം ഞാൻ തന്നില്ലേ. ചിന്തിച്ചുകൂടെ ? അല്ലാഹു ആവർത്തിച്ചാവർത്തിച്ച് ചോദിക്കുന്നു. ചിന്തയുടെ നിർവ്വചനം കൂടി ഇവിടെ പ്രസക്തമാണ്. ലബ്ധകാര്യങ്ങൾ ക്രമീകരിച്ച് ഗോപ്യ വസ്തുക്കൾ കണ്ടെത്തുക.

ഒരു അപരിഷ്കൃതനായ അറബിയോട് ചോദിക്കപ്പെട്ടു. നിനക്ക് ഒരു ഇലാഹുണ്ടെന്ന് നീ എങ്ങനെയാണ് ഗ്രഹിച്ചത്. വഴിയിൽ കാഷ്ഠം കണ്ടാൽ ആന മുതൽ അണ്ണാൻ വരെയുള്ള ജീവികളിൽ ഏതിന്റേതാണെന്ന് മനുഷ്യൻ തീരുമാനിക്കും. കാലടി കൊണ്ടും, വിരലടയാളം കണ്ടും മറഞ്ഞ വ്യക്തിയെ തിരുമാനിക്കുന്നു. എന്നിട്ട് ഈ ബ്രഹ്മാണ്ഡ ശക്തിയെ ദർശിച്ചുകൂടെ? ആറാം നൂറ്റാണ്ടിലെ കാട്ടറബിയുടെ ചിന്തപോലും നമ്മുടെ പരിഷ്കൃത യുക്തികൾക്കില്ലാതെ പോയിരിക്കുന്നു.

അദ്ധ്യായം. 3

# ഏകസത്തയിലെ വിശുദ്ധ വിശ്വാസം

ദൈവം ഉണ്ടെന്നതിന് മതിയായ വസ്തുതകൾ നാം ഗണിച്ചു. ഏകനായ അല്ലാഹു എന്തെന്നും അല്ലാഹുവിൽ എങ്ങനെയാണ് വിശ്വസിക്കേണ്ടതെന്നുമാണ് ഇവിടെ നാം നോക്കുന്നത്. (അല്ലാഹുവിന്റെ ഏകത്വത്തെക്കുറിച്ച് പരാമർശം പിന്നീട് വരുന്നുണ്ട്)

അഖില സൃഷ്ടികളുടെയും ഉടമയും അധിപനും ആകാരാകൃത കുടുംബ, രഹിതനുമായ മഹത് ശക്തിയാണല്ലാഹു. അല്ലാഹുവിനെക്കുറിച്ചെങ്ങനെയാണ് വിശ്വസിക്കേണ്ടതെന്ന് സംക്ഷിപ്തമായി ഖുർആൻ പറയുന്നു. നബിയെ പറയുക. അല്ലാഹു ഏകനാണ്. അവൻ നിരാശ്രയനാണ്. അവൻ ജനിക്കുകയോ അവന് ജനിക്കുകയോ ചെയ്തിട്ടില്ല. അവന് .സമാനമായി ഒന്നും ഇല്ല. (ഇഖ്‌ലാസ്) ഇതിനു പുറമെ അവന്റെ വൈശിഷ്ട്യങ്ങളിൽ മുഴുവൻ വിശ്വസിക്കുക. അവന്റെ വൈശിഷ്ട്യങ്ങൾ വിശദമായി നമുക്ക് നോക്കാം. (ഇ:അ)

അപ്രാപ്യനും ഗോപ്യനുമായ അല്ലാഹുവിന്റെ വിശേഷതകൾ നമുക്കെങ്ങനെ ഗണിക്കാനാവും? പ്രസക്തമായ ഒരു ചോദ്യമാണ്. പക്ഷെ, മറുപടി സരളമാണ്. അല്ലാഹു അപ്രാപ്യനെങ്കിലും അവന്റെ പ്രാപ്യമായ സൃഷ്ടികൾ നമ്മുടെ മുന്നിലുണ്ട്. അതിൽ നിന്നവന്റെ വൈശിഷ്ട്യങ്ങൾ പലതും ഗണിക്കാം. അതിൽ നിന്നും മനസ്സിലാകാത്ത അവൻ തന്നെ അവന്റെ കലാമായ ഖുർ ആനിലൂടെയും പ്രവാചകരിലൂടെയും നമുക്കെത്തിച്ചു തന്നിട്ടുണ്ട്.

ഇത് ഒരു ഉദാഹരണത്തിലൂടെ വ്യക്തമാകും. നാം ഒരു മേശ കാണുന്നു. ആരാണ് അത് പണിതതെന്ന് നമുക്കറിയില്ല. പക്ഷെ പണിതയാളുടെ പല വൈശിഷ്ട്യങ്ങളും ആ മേശയുടെ അപഗ്രഥനത്തിലൂടെ നമുക്ക് ഗണിക്കാം. മേശ മരത്താൽ നിർമ്മിതമാണ്. ഉളിപ്പാടുകളും, ചിത്തേര് നടന്ന അടയാളങ്ങളും, വാളിൻ വരകളും അതിൽ കാണാം. ഇതിൽ നിന്ന് ആ മേശ പണിതത് ഒരു വ്യക്തിയാണെന്നും, ഉളിയും, വാളും, തടിയും ഉപയോഗിച്ചാണ് അത് പണിതതെന്നും മനസ്സിലാക്കാം. അതു പോലെ അല്ലാഹുവിന്റെ സൃഷ്ടിയായ മനുഷ്യനെ കണ്ടാൽ അവനെ സൃഷ്ടിച്ചവൻ തന്ത്രജ്ഞനാണെന്നും മറ്റുമുള്ള വൈശിഷ്ട്യങ്ങൾ മനസ്സിലാക്കാം. പക്ഷെ പണിത ആൾ നിളമു

ഉള്ളവനാണോ, കുറിയവനാണോ ഭാഷയിൽ നിന്ന് മനസ്സിലാവുകയില്ല. അയാളോ, അയാളെ കണ്ടവരോ, ബന്ധമുള്ളവരോ പറഞ്ഞു തരണം. അതുപോലെ അല്ലാഹുവിന്റെ നഫ്സിനെ സംബന്ധിച്ച സ്വിഫത്തുകൾ ഖുർആനിലൂടെയും പ്രവാചകരിലൂടെയും തന്നെ പഠിക്കണം.

## സ്രഷ്ടാവിലെ വിശേഷണങ്ങൾ

അല്ലാഹുവിന്റെ സ്വിഫത്തുകൾ മൂന്നുതരമാണ്: (1) വാജിബ് (ഉണ്ടാകൽ നിർബന്ധമായത്) അതായത് ദൈവികത്വത്തിന് നിർബന്ധമായത്. (2) മുസ്തഹീൽ (ഉണ്ടാവാൻ പാടില്ലാത്തത്) ദൈവികത്വത്തിന് നിരക്കാത്തത്. (3) ജാഇസ് (ഉണ്ടാകാവുന്നത്). ഒന്നും രണ്ടും വിഭാഗങ്ങൾ 20 വീതവും 3-ാം തരത്തത് ഒന്നും, ആകെ 41 വിശേഷണങ്ങളാണ് അല്ലാഹുവിനുള്ളത്. ഇതിനപ്പുറം ഒന്നുമില്ലെന്നല്ല, മറിച്ച് അല്ലാഹുവിന്റെ സ്വിഫത്തുകളിൽ ഉൾക്കൊള്ളാൻ നിർണ്ണയിക്കപ്പെട്ടവയാണിവ.

## നിർബന്ധമായവ

### (1) വുജൂദ് (ഉള്ളവനായിരിക്കൽ)

സ്വയം വുജൂദിനെ അല്ലാഹു തന്നെ പല സൂക്തങ്ങളിലായി പറയുന്നു.

അല്ലാഹു അവനല്ലാതെ ഇലാഹില്ല. (അവൻ മാത്രമെയുള്ളൂ) അവൻ ശക്തനും ജീവസ്സുറ്റവനും അത്രേ. 2/255 3/2 നിശ്ചയം അല്ലാഹു ഉണ്ടെന്നത് യാഥാർത്ഥ്യമാണ്. അവനാണ് മരിച്ചവർക്ക് ജീവനും, ജീവികൾക്ക് മരണവും നൽകുന്നത്. 2/4 നിശ്ചയം, അല്ലാഹുവാണ് യാഥാർത്ഥ്യം.

അവനല്ലാതെ ആരാധിക്കപ്പെടുന്നവ മിഥ്യകളാണ്. നിശ്ചയം, അവൻ സ്ഥാനത്താൽ മേലെയായവനും, ഏറ്റവും വലിയവനുമാണ്. (31/30) ആകാശ ഭൂമികളുടെ സ്രഷ്ടാവായ അല്ലാഹുവിൽ സംശയമുണ്ടോ ? അഥവാ, അവൻ ഉണ്ടെന്നത് സംശയ രഹിതമാണ്. അവൻ ഉള്ളവൻ തന്നെയാണ്. (14:10)

മനുഷ്യരുടെ ചിന്തയിൽ രൂപം കൊള്ളുന്ന ആരാധന വെറും മിഥ്യ മാത്രമാണ്. ശേഷിയും ശേമുഷിയുമുള്ള മനുഷ്യൻ തന്റെ ശേമുഷിയിൽ രൂപം നൽകുന്ന ഒരു ശക്തിയോ മജ്ജ മസ്തിഷ്ക സമി

ശ്രമിതമോ ആരാധിക്കുന്നത് മനുഷ്യത്വത്തെ പോലും ചോദ്യം ചെയ്യുന്ന മിഥ്യയാണ്. ആയതിൽ തന്നെ ആരാധിക്കപ്പെടാൻ അർഹനായ അല്ലാഹുവിന് ആദ്യമേ തന്നെ ഉണ്ടാകേണ്ട വിശേഷണം അവൻ ഉള്ളവനായിരിക്കണം എന്നതാണ്. അവൻ ഉണ്ടെന്നുള്ളതിന് തെളിവുകൾ മേൽ ഉദ്ധരിച്ചതാണ്. വൈരുദ്ധ്യമില്ലാത്ത കഥ, ചിന്തിതവും ദൈവ വിശ്വാസിക്ക് ശാന്തി നൽകുന്നതുമാണ്.

ഇല്ലാത്ത ചിന്തയെ മാത്രം ധ്യാനിച്ച് ജീവിക്കുന്ന അൽപ ബുദ്ധികൾ രൂപകൽപന ചെയ്ത മതങ്ങളെ കുറിച്ചാവാം എ.ജെ. കട്ടക്കലിന്റെ മത നിർവ്വചനം. "ഭയത്തിൽ നിന്നും പ്രകൃതി പ്രതിഭാസങ്ങളിൽ നിന്നും രക്ഷതേടുന്ന മനുഷ്യ മനസ്സിൽ രൂപം നൽകപ്പെടുന്ന മിഥ്യാ ചിന്തയാണ് മതം". യാഥാർത്ഥ്യത്തിലുള്ള വുജൂദ് അല്ലാഹുവിന് മാത്രമുള്ളതാണ്. അവന്റെ ഉണ്മയുടെ പ്രതിഫലനമാണ് മറ്റെല്ലാറ്റിന്റെയും വുജൂദ്. അണു മുതൽ അർശുവരെ ഉൾക്കൊള്ളുന്നതാണ് അല്ലാഹുവിന്റെ ഉണ്മ. മറ്റെല്ലാം ഉള്ളതായിരിക്കലും അതിന്റെ പ്രതിബിംബങ്ങളാണ്. തിരമാലകളിൽ പതിക്കുന്ന സൂര്യ പ്രതിബിംബം എണ്ണമറ്റതാകുന്നു. കണ്ണാടികൾക്ക് മദ്ധ്യേ ഇരിക്കുന്ന ഒരു സാധനം എണ്ണമറ്റതായി തോന്നുന്നു. തഥൈവയാണ് എല്ലാ വസ്തുക്കളുടെയും ഉണ്മ.

അല്ലാഹുവിന്റെ ഉണ്മ അപ്രാപ്യമാണ്. ആറാം ഇന്ദ്രിയം കൊണ്ട് അനുഗ്രഹിതരായവർക്ക് ആ ഉണ്മ പ്രാപ്യമായേക്കും. വുജൂദിനെ പ്രാപ്യമല്ലെന്ന് കരുതി വിശ്വസിക്കാനാവില്ലെന്ന് പറയാൻ പറ്റില്ല. കാരണം ഉണ്മയെ സങ്കൽപത്തിൽ ദർശിച്ചു കഴിയുന്നവരാണ് മനുഷ്യർ. ഫ്രാൻസിൽ നിന്ന് കത്തുവന്നാൽ ഇന്ത്യയിലുള്ളവർ സന്തോഷിക്കുന്നു. കാരണം, ആ കത്തിൽ ഫ്രാൻസിലുള്ളവന്റെ സ്വന്തതയാണ് തുടിച്ചു നിൽക്കുന്നത്. അപ്രാപ്യമെങ്കിലും ഉള്ളവനെന്ന് വിശ്വസിച്ച് സമാധാനിക്കുന്നു.

അല്ലാഹുവിന്റെ സത്തയെ കാണുവാനുള്ള കണ്ണ് സൃഷ്ടികൾക്ക് നൽകിയിട്ടില്ല. ആയിരത്താണ്ടുകൾക്കപ്പുറം അല്ലാഹുവിനെ കാണുവാൻ മൂസാ നബിക്ക് പൂതിയായി നിർബന്ധം പിടിച്ചു. മൂസയോട് പറഞ്ഞു. പർവ്വത മുകളിലേക്ക് നോക്കൂ മൂസാ. മൂസ നോക്കി, പക്ഷെ അല്ലാഹുവിന്റെ പ്രഭയുടെ അംശം തൂർസീനായിലൂടെ വെളിവായപ്പോഴേക്കും മൂസാനബി(അ) ചിന്നം ചിതറി നിലംപതിച്ചു. പിന്നെ അല്ലാഹു പ്രത്യേകം തിരഞ്ഞെടുത്ത നമ്മുടെ നബി കണ്ടു എന്നത് വാസ്തവം ആണ്, മറ്റൊരാളും കണ്ടിട്ടില്ല.

എണ്ണമറ്റ വസ്തുക്കൾ ഭൂതലത്തിലുണ്ടെങ്കിലും ഒന്നിനെക്കുറിച്ചും യഥാർത്ഥത്തിലുള്ള വുജൂദ് പ്രയോഗിച്ചുകൂടാ.

## വുജൂദിന്റെ അവസ്ഥകൾ

### വുജൂദിന്റെ അവസ്ഥകൾ ഏഴ്

1. അഹദിയ്യത്ത്: ഏക ചൈതന്യത്തിന്റെ നിരുപാധിക അവസ്ഥയാണിത്. ഗുണങ്ങളെ തൊട്ടും സംജ്ഞകളെ തൊട്ടും വ്യതിരിക്തമായ പരമസത്ത. അഖണ്ഡ പരിപൂർണ്ണ ചൈതന്യം. ഇതാണ് വുജൂദിൽ ഒന്നാംതരം.

2. വഹ്ദത്ത്: പരമസത്തയുടെ സത്തയെയും ഗുണത്തെയും വേർതിരിക്കാത്ത അവസ്ഥ. സോപാധികമാണിത്. പ്രപഞ്ചങ്ങളൊന്നും തന്നെ അവനിൽ നിന്ന് വെളിവാകാത്ത അവസ്ഥ.

3. വാഹിദിയ്യത്ത്: സോപാധികമായ രണ്ടാം അവസ്ഥ. സത്തയിൽ നിന്നും ഗുണങ്ങൾ പ്രകടമായ അവസ്ഥ. ഇതിന് ഹഖീഖത്തുൽ ഇൻസാനിയ്യ എന്നും പേരുണ്ട്. മേൽ പറഞ്ഞ മൂന്നവസ്ഥകളും ആരംഭരഹിതമാണ്.

4. ആലമുൽ അർവാഹ്: ആത്മാക്കൾ ഓരോന്നും ആദ്യം വെളിപ്പെട്ട അവസ്ഥയാണിത്. ഇവിടെ ആത്മാക്കൾ പരസ്പരം അവസ്ഥകൾ അറിയുന്നു. ഇതിന് 'ജബറൂത്ത് 'എന്നും പേരുണ്ട്.

5. ആലമുൽ മിസാല്: ഇതാണ് ആലമുൽ ഗൈബ്.

6. ആലമുൽ അജ്സാം: പ്രപഞ്ചമാണിത്. കൂട്ടലും, ചുരുക്കലും, കുറക്കലുമൊക്കെയുള്ള പ്രത്യക്ഷ പ്രപഞ്ചമാണിത്.

7. ഉദ്ധൃത അവസ്ഥകൾ മുഴുക്കെ ആവാഹിക്കുന്ന അവസ്ഥയാണ് "ആലമുൽ ഇൻസാൻ." ഈ മറ നീങ്ങികിട്ടിയ മനുഷ്യർക്ക് പരമസത്ത വെളിപ്പെടുന്നു.

പരമസത്തയുടെ ഏഴവസ്ഥകളാണിവ. പരമസത്തയുടെ ഉണ്മയ്ക്ക് രണ്ടു തരം പൂർണ്ണത. അല്ലാഹു മറ്റൊന്നിനോട് ചേർക്കപ്പെടാത്ത അവസ്ഥ. ഇതത്രെ സത്താപരമായ പൂർണ്ണത. അതായത് അല്ലാഹുമാത്രമുള്ള അവസ്ഥ. അവന്റെ ചൈതന്യമുൾക്കൊണ്ട മറ്റൊന്നുമില്ല.

രണ്ടാമത്, ചൈതന്യം ഉൾക്കൊണ്ട അവസ്ഥകൾ ഉള്ള അവസ്ഥ. (തുഹ്ഫത്തുൽ മുർസല)

ചുരുക്കത്തിൽ യഥാർത്ഥമായ ഉണ്മ അല്ലാഹുവിന് മാത്രമാ

ണ്. അല്ലാത്തവയെ കുറിച്ചൊന്നും യഥാർത്ഥത്തിൽ വുജൂദുണ്ടെന്ന് പറയാൻ പറ്റില്ല.

ഇതിനാൽ ഇല്ലാത്ത ചിന്തയും ചിന്തയിൽ രൂപമെടുത്ത ഇല്ലായ്മയും ദൈവികതയ്ക്ക് നിരക്കുന്നതല്ല.

ഏതെങ്കിലും ഒരു കാലത്തിൽ ഇല്ലായ്മയോട് ബന്ധിക്കുന്ന സത്തയോ സത്തകളോ ദൈവികത്വത്തിന് അർഹമല്ല.

ഇക്കാരണത്താൽ അല്ലാഹുവിന്റെ മുസ്തഹീലായ സ്വിഫത്തിൽ ഒന്നാമത്തേത്ര അദം. (ഇല്ലായ്മ)

എന്തെല്ലാം കാരണങ്ങളാൽ അല്ലാഹുവിന് ഉണ്ടാകൽ നിർബന്ധമാണോ അതേ കാരണങ്ങളാൽ കൊണ്ട് തന്നെ അവൻ ഇല്ലാതിരിക്കൽ അസാധ്യവുമാണ്.

## ഖിദം (അനാദ്യത)

തുടക്കം ഉണ്ടാവുക എന്നത് ദൈവികത്വത്തിന് നിരക്കുന്നതല്ല. അല്ലാഹുവിന്റെ വിശേഷണങ്ങളിൽ രണ്ടാമത്തേതാണിത്. ഉള്ളവൻ എന്ന വിശേഷണത്തിൽ മാത്രം ദൈവികത്വം ക്ലിപ്തപ്പെടുത്തിയാൽ ഒരർത്ഥത്തിലെങ്കിലും അചേതന വസ്തുക്കൾ മുഴുവനും ആ ഗണത്തിൽ പെടുമെന്ന് പറയാവുന്നതാണ്.

എന്നാൽ അനാദ്യനും ഉള്ളവനും എന്ന യാഥാർത്ഥ്യത്തിൽ അല്ലാഹു മാത്രമാകുന്നു.

ഖിദം എന്ന പദത്തിന് പണ്ടേ ഉള്ളവൻ എന്നർത്ഥം വരുമ്പോൾ കാലങ്ങൾക്കപ്പുറം ഒരു കാലത്തോടത് നിർബന്ധിതമാകുമെങ്കിൽ ആ പ്രയോഗം അർത്ഥപൂർണ്ണമല്ല. കാലത്തിന്റെ കർത്താവായ അല്ലാഹു കാലത്തെ തൊട്ട് ഐശ്വര്യവാനും കാലം കൊണ്ടുള്ള ആവശ്യമില്ലാത്തവനുമാണ്. പ്രപഞ്ചോൽപത്തിയോട് അനുബന്ധിച്ചാൽ സൃഷ്ടിയാണ് കാലം, കാലം ദൈവമല്ല ദൈവസൃഷ്ടിയാണ്.

കാണപ്പെടുന്ന ഒന്നിനും ആദ്യമില്ല എന്ന് പറയാൻ ബുദ്ധിയുള്ളവർ ആരും മുതിരില്ല. കാരണം എല്ലാ പകർച്ചയ്ക്ക് വിധേയമാകുന്നവയും പുതുതാണ്. പുതുതായത് ഒരു രൂപാ നിയന്താവിലേക്ക് സൂചിപ്പിക്കുന്നു. അപ്പോൾ ആ നിയന്താവ് തുടക്കമുള്ളവനായിക്കൂടാ. പുതിയതും ആകാൻ വകുപ്പില്ല. ആയതിൽ അല്ലാഹുവിന്റെ മുസ്തഹീലായ സ്വിഫത്തിൽ രണ്ടാമത്തേതു പുതുതാകൽ എന്നതാണ്. അത് അല്ലാഹുവിന് അനുയോജ്യമല്ല.

നാം ഈ പ്രപഞ്ചത്തിലേക്ക് നോക്കുക. ഓരോ കോശങ്ങളും

നിമിഷാനുനിമിഷങ്ങളിലും പകർച്ച സംഭവിച്ചുകൊണ്ടിരിക്കുന്നു. പ്രപഞ്ചത്തിനാരംഭമില്ലെന്നും അവസാനമില്ലെന്നും അതിനാൽ ഒരു നിയന്താവിന്റെ ആവശ്യമില്ലെന്നും സ്റ്റീഫൻ ഹോക്കിംഗ്സിനെ പോലുള്ളവർ വാദിച്ചു. മറ്റു 'ശാസ്ത്രജ്ഞന്മാർ മറുപടിയും നൽകി. 'ബിഗ് ബാംഗ്' തിയറിക്ക് പിന്നിൽ ചിന്ത പായിക്കുന്നവർ ചോദിച്ചു. ലോകം മഹാസ്ഫോടനത്തിലൂടെ ഉണ്ടായതാണ്. മൈക്രോ യുഗവും സമയകാല പുരോഗതിയും ലോകത്തിന്റെ പരിവർത്തനവും അനാദിരാഹിത്യവുമാണ് സൂചിപ്പിക്കുന്നത്.

## ബഖാഅ്

(അന്ത്യമില്ലാത്ത അവശേഷം, അല്ലാഹുവിന് നിർബന്ധമായ മൂന്നാം ഗുണമാണിത്. പരിണാമത്തിനോ, പരിവർത്തനത്തിനോ, അവൻ വിധേയനായിക്കൂടാ. അവൻ സൃഷ്ടിയല്ലാത്തതിനാൽ അവന്റെ അന്ത്യം നടത്താനും ആരും ഉണ്ടാകില്ല. ദൈവികത്വം എന്ന പരമസത്ത തന്നെ ഒരു നാൾ നശിക്കുമെന്നു വന്നാൽ പിന്നെ കഥയെന്താണ് ? ഉണ്ടായ ഒന്നില്ലാതെ ഇല്ലാതാകൽ സംഭവിക്കുകയില്ല. ഒരു വസ്തു ഇല്ലാതാവുക എന്നാൽ അതിൽ മറ്റേതോ വസ്തുക്കൾ പ്രവർത്തനം നടത്തി എന്നാണ്. പക്ഷെ ഉണ്ടായവരെന്ന സംജ്ഞയിൽ നിന്നും വ്യതിരിക്തമായി ഉള്ളവൻ എന്ന സത്തയുടയവൻ എങ്ങനെയാണ് ഇല്ലാതാവുക. പക്ഷെ, അവൻ ഉണ്ടാക്കിയത് മുഴുവൻ അവൻ ഇല്ലാതാക്കിയേക്കാം. അല്ലാഹു പറയുന്നു. അല്ലാഹു അല്ലാത്ത സർവ്വതും നശ്വരമാണ് അല്ലാഹു അനശ്വരനും. ഉള്ളവൻ എന്നെങ്കിലും പുതുതായി ഉണ്ടാകുമോ? എന്നുള്ള സംശയം അടിസ്ഥാനരഹിതമാണ്.

ഏതൊരു കാരണമോ അവനെ അനാദ്യനാക്കിയത് ആ യാഥാർത്ഥ്യം തന്നെ അവനെ അന്ത്യനുമാക്കുന്നു. പണ്ടേ ഉള്ളവൻ എന്ന വസ്തുതകളും ഉണ്ടെന്ന വസ്തുതയും താത്കാലികതയുടെ മേൽ അവരോധിച്ച് ഏതെങ്കിലും വസ്തുക്കൾ ആരാധിക്കപ്പെട്ടാലും അനന്തത എന്ന ഗുണം അവരോധിക്കപ്പെടാനാവാതെ അവകൾ തെന്നിമാറുന്നു.

ഇക്കാരണത്താൽ അല്ലാഹുവിന്റെ മുസ്തഹീലായ സ്വിഫത്തിൽ മൂന്നാമത്തു തന്നെ ഫനാഅ്-നാശം. പ്രപഞ്ചം നശ്വരമാവുന്നു. അല്ലാഹു മാത്രം അനന്ത്യനാവുന്നു. ദൈവം മരിച്ചാൽ ലോകം ആര് നിയന്ത്രിക്കും? ദൈവത്തിന്റെ മണ്ണറകൾ ഉലകത്തിൽ ഉണ്ടാ

കുമോ? ഇല്ല. ദൈവികത്വത്തിന്റെ ഏറ്റവും ഭദ്രമായ വൈശിഷ്ട്യ വിശേഷണങ്ങളിൽ മുഖ്യമാണിത്രെ-ഖദാമത്. ഇതിന്റെ വിപരീതം ഫനാഉം.

## മുഖാലഫത്തുൻലിൽ ഹവാദിസി

സർവ്വവിധേനയും സൃഷ്ടികളോട് വിപരീതമാകുക. പുതുതായി ഉണ്ടായവർ എന്നും ചാരണം കൊണ്ടവനാണ്. അല്ലാഹു എങ്ങനെ? എപ്പോൾ? എവിടെയെന്നത് ഗോപ്യമായ വസ്തുതയാണ്.

നമുക്ക് പ്രപഞ്ചത്തിലേക്ക് നോക്കാം. കോടാനുകോടി നക്ഷത്രങ്ങളും, സൂര്യനും അടങ്ങുന്ന സൗരയൂഥം, സൂര്യനെ ചുറ്റുന്ന ഗ്രഹങ്ങൾ, ഇവയുടെയെല്ലാം ഉത്ഭവം, ചലനം, സർവ്വതും അറിയപ്പെടുന്നതാണ്. പുതിയതെന്ന സ്വഭാവം ഉൾക്കൊണ്ടവയും മാറ്റത്തിനും ഉപമാറ്റത്തിനും വിധേയവുമാണ്.

ദൈവിക ദൃഷ്ടാന്തങ്ങളെ ഗ്രഹിച്ചെടുക്കുമ്പോൾ പലയിടത്തും ഖുർആൻ ഉത്ബോധിപ്പിക്കുന്നു. മനുഷ്യ സൃഷ്ടിപ്പിലേക്ക് നോക്കൂ, ലോക സംവിധാനത്തിലേക്ക് നോക്കൂ, നമുക്കും നോക്കാം, ഏറ്റവും വലിയ യന്ത്രമായ മനുഷ്യനിലേക്ക് നോക്കാം.

മനുഷ്യവർഗത്തിൽ പിറവും ഇണകൾ ചേരുന്നു. ഇണചേരൽ അല്ലാഹു മനുഷ്യരിൽ മാത്രം ഒതുക്കി നിർത്തുന്നില്ല. ഖുർആൻ പറയുന്നു. എല്ലാ വസ്തുക്കളിൽ നിന്നും രണ്ട് ഇണകളെ നാം സൃഷ്ടിച്ചിരിക്കുന്നു. ഈ സത്യം ശാസ്ത്രം അംഗീകരിക്കുന്നു. ഇണചേരൽ എന്നത് ഉണ്ടായ വസ്തുക്കളുടെ പ്രത്യേകതയാണ്. ഉള്ളവൻ ഇവിടെ ഏകനാകുന്നു. അവനത്രെ അല്ലാഹു.(അവൻ ജനിപ്പിച്ചിട്ടില്ല) ഖുർആൻ

## ഇണസംഗമത്തിലെ പയർ

പ്രായപൂർത്തി പ്രാപിക്കുന്നതോടെ പുരുഷ വൃഷണങ്ങൾ ബീജോത്പാദനം ആരംഭിക്കുന്നു. ഇവിടുത്തെ സംവിധാനം അത്ഭുതാതിപരമാണ്. ഏകദേശം 4സെ.മി. നീളവും, രണ്ടര ഹാരത് സെ.മി. വീതിയുമുള്ള പയർ മണിയുടെ ആകൃതിയിലുള്ള ഗ്രന്ഥിയാണ് വൃഷണങ്ങൾ. ഈ രണ്ടും വൃഷണ സഞ്ചിയിൽ ഒതുക്കപ്പെട്ടിരിക്കുന്നു. പ്രായപൂർത്തി പ്രാപിക്കുന്നതോടെ ബീജ നിർമ്മാണ

ഫാക്ടറിയായി ഇത് പ്രവർത്തനം ആരംഭിക്കുന്നു. നാനൂറോളം അറകളായി വിഭജിക്കപ്പെട്ടു കിടക്കുന്ന നീണ്ട നാളികളാണ് ബീജ നിർമ്മാണ യന്ത്രം. Semini Forous Tubules എന്നറിയപ്പെടുന്ന ഈ നാളികൾ ശരിക്കൊന്ന് നിവർത്തിവച്ചാൽ 800 അടിയോളം നീളമുണ്ടാകും. ഇത് ഉത്പാദിപ്പിക്കപ്പെടുകയും പ്രായ പൂർത്തിയെത്തിച്ച് ചലന ശേഷി നേടുകയും ചെയ്യുന്നു. ഈ ബീജങ്ങൾ (Epidimys) മൂത്ര നാളിയിൽ എത്തിപ്പെടുകയും അവിടുന്ന് ശുക്ലമെന്ന പാടരൂപത്തിലൂടെ പുറത്തേക്ക് ഒഴുകുകയും ചെയ്യുന്നു. ഈ ബീജങ്ങളാണ് ഈ സംഗമത്തിലെ സുപ്രധാന കണ്ണികൾ. മനുഷ്യരാശിയെ സൃഷ്ടിക്കപ്പെട്ട (ആദം നബിയും, ഹവ്വയും ഒഴികെ അതിനെ കുറിച്ചുള്ള ചർച്ച ശേഷം ചേർക്കാം) ഈ രൂപം വ്യക്തമായി ഒന്നു ചിന്തിക്കുക. 800 മീറ്റർ നീളമുള്ള ഗ്രന്ഥി ഒരു സഞ്ചിയിൽ ചുരുക്കി, ഒരു വലിയ ഫാക്ടറിയുടെ പ്രവർത്തനം നിർവ്വഹിക്കപ്പെടുന്നത്, കർമം രൂപീകരിക്കുന്നത്, പ്രകൃതിയോ, മനുഷ്യനോ, ശിലാകണങ്ങളോ ഒന്നുമല്ല. അത്രയും അല്ലാഹു. അവനിൽ ഇങ്ങനെ ഒരു ചലനം ഉണ്ടാകുമോ? ഉണ്ടാകാൻ പാടില്ല. അവനത്രെ മുഖാലിഫുൻ ലിൽ ഹവാദിസി.

## ഓട്ടമത്സരം

പുരുഷനിൽനിന്ന് ഒരു പ്രാവശ്യം ഏകദേശം 200 കോടിയോളം ബീജങ്ങൾ സ്രവിക്കുന്നു. (ഒരു മില്ലി ലിറ്റർ ശുക്ലത്തിൽ 20-40 കോടി ബീജങ്ങൾ ഉണ്ടാകും) പുരുഷബീജം സ്രവിക്കുന്നതോടെ അണ്ഡം ലക്ഷ്യം വച്ച് അണ്ഡാശയത്തിൽ ഒരു മാരത്തോൺ ആരംഭിക്കുകയായി. ഈ മത്സരത്തിൽ ഒരാൾക്കേ ഫസ്റ്റുണ്ടാവുകയുള്ളൂ. അണ്ഡം പ്രാപിച്ച് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ പുരുഷബീജം, ഇതത്രെ ഉടലും അവയവങ്ങളും ഉൾക്കൊള്ളുന്ന മനുഷ്യന്റെ ആകെത്തുക. ഇവിടെയാണ് ഖുർ ആന്റെ ഉദ്ബോധനം. നിങ്ങൾ സ്രവിക്കുന്ന ശുക്ലത്തെക്കുറിച്ച് നിങ്ങൾ ചിന്തിക്കുക. അതിന്റെ സൃഷ്ടികർത്താവ് നിങ്ങളോ? നാമോ? 56:58:,59. എന്തിൽ നിന്നാണല്ലാഹു മനുഷ്യനെ പടച്ചത്, ബീജത്തിൽ നിന്ന് പടച്ച് നാം അതിന്റെ പൂർണ്ണ നിയമം തയ്യാറാക്കി ഖുർആൻ തന്നെ മാരത്തോണിലെ വിജയിയുടെ എണ്ണം പറയുന്നു, തെറിച്ചിറങ്ങിയ ശുക്ലത്തിലെ കോശങ്ങളിലെ ഒരു കോശമല്ലെന്ന്.

ഇവിടെ ചിന്താകവാടം വിശാലമാണ്. ഒരു സുപ്രഭാതത്തിൽ ആലിൻമൂട്ടിൽ ഒരു പാറയുണ്ടായാൽ അതിനെ ദൈവമാക്കി കരു

തിഷോകരുത്. സ്രവിക്കപ്പെടുന്ന പുംബീജത്തെ കുഴലിലാക്കാനും പെട്ടിയിലാക്കാനും അതിൽ ക്രയവിക്രയം നടത്താനും മനുഷ്യനാകുന്നു. പക്ഷെ ഒരു കോശമുണ്ടാക്കാൻ ഇവിടെ മനുഷ്യർക്കാകുമോ? കോടാനുകോടി കോശങ്ങളാൽ നിർമ്മിക്കപ്പെട്ട മഹാഗോപുരമായ മനുഷ്യന് ഇത് അസാദ്ധ്യം. ഈ വസ്തുതയോട് വിപരീതമാവൽ ദൈവികത്വത്തിന് അത്യന്താപേക്ഷിതം. ആ വിശിഷ്ട വ്യക്തിത്വം നേടിയ സ്രഷ്ടാവത്രെ അല്ലാഹു. അവന് ഒരു വിഷയത്തിലും സൃഷ്ടി സാദൃശ്യം ഉണ്ടായിക്കൂട.

## ആർത്തിയെഴുന്ന അസ്തിത്വം

പെണ്ണിന്റെ 'ഓവറിയിൽ' എത്തിപ്പെടുന്ന പുംബീജത്തെ അത് സ്വീകരിച്ചിരുത്തി സത്കരിക്കുന്നു. ഈ അണ്ഡാശയത്തെ നമുക്കൊന്ന് പരിചയപ്പെടാം.

ബദാം പരിപ്പിന്റെ ആകൃതിയിൽ 3.5 സെ.മി. നീളവും 2 സെ.മി. കനവും 48 ഗ്രാം തൂക്കവുമുള്ളതത്രെ ഇത്. ഒരു പെണ്ണ് ജനിക്കുമ്പോൾ 20 ലക്ഷം അണ്ഡങ്ങൾ ഈ പാത്രത്തിലുണ്ടാകും. പ്രായപൂർത്തിയാകുമ്പോഴേക്കും 3 ലക്ഷം ഒഴിച്ച് ബാക്കിയെല്ലാം നശിക്കുന്നു. 'എസ്ട്രജൻ' ഉത്പാദിപ്പിക്കപ്പെടുന്നതോടെ ഗർഭാശയം തയ്യാറാകുന്നു. ഗർഭാശയത്തിന്റെ ഉള്ളിലെ പാളിയായ എൻഡോമെട്രിയത്തിൽ പുതിയ രക്തവാഹികുഴലുകൾ രൂപപ്പെടുക്കുകയും രക്തപ്രവാഹം ഏറുകയും ചെയ്യുന്നു. ഇതോടെ നവഗ്രന്ഥികൾ സജീവമാകുകയും എന്റോമെട്രിയത്തിന്റെ കട്ടി ഒരു മില്ലി മീറ്ററിൽ നിന്ന് ഏകദേശം നാലു മില്ലി മീറ്ററായി വർദ്ധിക്കുന്നു. ഇതോടെ അണ്ഡോത്സർജനം നടക്കുന്നു. ഇതോടെ പുംബീജം സ്വീകരിച്ച് ജനനം നടത്താൻ സജ്ജീകൃതമാകുന്നു.

ഇത് മനുഷ്യകുഞ്ഞ് ജനിക്കുന്നതിനുള്ള ഒരു കോശത്തെ പരിപാലിച്ച് കുഞ്ഞാക്കാനുള്ള സജ്ജീകരണങ്ങളാണ്. ദൈവത്തിനെ സൃഷ്ടിക്കപ്പെടാൻ ഇങ്ങനെ ഒരു സജ്ജീകരണവും നടന്നിട്ടില്ല. ദൈവം (അല്ലാഹു) ജനിച്ചിട്ടുമില്ല "അവൻ ജനിപ്പിച്ചിട്ടുമില്ല" സൃഷ്ടി ശ്രേഷ്ടനായ മനുഷ്യന്റെ സജ്ജീകരണ അവസ്ഥ ഇതെങ്കിൽ മറ്റേതെങ്കിലും ജീവികളോട് യോജിക്കൽ ദൈവികത്വത്തിന് നിരക്കുമോ? പറ്റില്ല. അല്ലാഹു മുഖാലിഫുൻ ലിൽ ഹവാദിസി തന്നെ.

10 മാസം കൊണ്ട് ഒരു കോടിയായി വർദ്ധിക്കുന്നു.

മനുഷ്യ സൃഷ്ടിപ്പിനെ ചിന്തകൾക്ക് ദൃഷ്ടാന്തമായി അല്ലാഹു

ചൂണ്ടികാട്ടുന്നു. നമുക്ക് ആ മനുഷ്യന്റെ ജനനംവരെയുള്ള അവസ്ഥകൾ ഒന്നനാവരണം ചെയ്യാം.

## ബീജസങ്കലനം

ആർത്തവ ചക്രത്തിന്റെ മദ്ധ്യത്തിൽ ഒരു അണ്ഡം അണ്ഡാശയത്തിൽ നിന്ന് പ്രയാണമാരംഭിക്കുന്നു. ഗർഭാശയ മുഖത്ത് നിന്ന് അണ്ഡവാഹിനി കുഴലിൽ എത്തുവാൻ ചുരുങ്ങിയത് ഒരു മണിക്കൂറെങ്കിലും അത് വിനിയോഗിക്കുന്നു. അണ്ഡോത്സർജനം കഴിഞ്ഞ് 24 മണിക്കൂറിനുള്ളിൽ അണ്ഡവാഹിനി കുഴലിൽ എത്തിയാൽ മാത്രമേ ബീജ സങ്കലനം നടക്കൂ. അണ്ഡവാഹിനി കുഴലിന്റെ ആദ്യ ഭാഗത്ത് വച്ചാണ് സാധാരണയായി സങ്കലനം നടക്കുന്നത്. ഈ സമ്മിശ്ര രൂപത്തെയാണ് സിക്താണ്ഡം (Zysole) എന്ന് പറയുന്നത്. ഇത് വളർന്ന് (Exobryo) ഭ്രൂണമായിത്തീരുന്നു.

## ക്ലോട്ട് (അലഖ്)

ഗർഭാശയം ലക്ഷ്യം വച്ച് ഭ്രൂണം സഞ്ചാരമാരംഭിക്കുന്നു. സ്വയം സഞ്ചാര ശേഷിയില്ലാത്ത ഭ്രൂണം കുഴലിന്റെ നിത്യ സങ്കോചം മൂലമാണ് നീങ്ങുന്നത്. അണ്ഡോത്സർഗം കഴിഞ്ഞ് നാലാം ദിവസമേ ഭ്രൂണം ഗർഭപാത്രത്തിലെത്തുകയുള്ളൂ. ഏഴാം ദിവസമാകുമ്പോൾ ഭ്രൂണം ഗർഭപാത്രത്തിന്റെ ആന്തരിക പാളിയെ ക്രമീകരിച്ച് അകത്ത് കടക്കാൻ ആരംഭിക്കും. 9-ാം ദിവസമാകുമ്പോഴേക്കും ഏതാണ്ട് ഈ ഉദ്യമം പൂർണ്ണമാവും. ഇതോടെ ഭ്രൂണം ഗർഭാശയത്തിന്റെ ഭിത്തിയെ ചുറ്റിപിടിക്കും. ഇതിനാണ് 'ഇംപ്ലാന്റേഷൻ' അഥവാ പ്രതിഷ്ഠാപനം എന്നു പറയുന്നത്.

ഇതത്രെ അലഖ് എന്ന പദം കൊണ്ടുള്ള ഉദ്ദേശം. അഥവാ ഒട്ടിപിടിക്കുന്നത്. ഖുർആൻ പറയട്ടെ, "പിന്നെ അത് ഭ്രൂണമായി എന്നിട്ടല്ലാഹു അവനെ സൃഷ്ടിച്ചു സംവിധാനിച്ചു." (ഖു:75:38)

ഇനി സൃഷ്ടി സംവിധാനം ആരംഭിക്കുകയായി. ജനനം നടക്കുന്നതിന് മുമ്പ് തന്നെ ഇനം തിരിക്കേണ്ടതുണ്ടല്ലോ?

## ലിംഗ നിർണ്ണയം

സിക്താണ്ഡം രൂപമാകുന്നതോടെ ലിംഗ നിർണ്ണയവും നടക്കുന്നു. മനുഷ്യ കോശത്തിൽ 23 ജോഡികളായി 46 ക്രോമസോമു

കളാണുള്ളത്.

ഓരോ ജോഡിയും x,y, എന്നു വ്യവഹരിക്കപ്പെടാം. x സ്ത്രീക്രോമസോമും, y പുരുഷ ക്രോമസോമുമാണ്. പുരുഷനിൽ നിന്ന് സ്രവിക്കപ്പെടുന്ന ബീജത്തിൽ x,y, സ്ത്രീ, പുരുഷൻ, ക്രോമസോമുകൾ ഉള്ളതിൽ തന്നെ, ഈ ക്രോമസോമുകളിൽ നിന്നും സിക്താണ്ഡത്തിനോട് ചേരുന്നത് y, എങ്കിൽ അണ്ഡത്തിലെ xx ഉം y ഉം ചേർന്ന് കുട്ടി ആൺ ആവുകയും, xx ഉം x ഉം ആണ് ചേരുന്നതെങ്കിൽ കുട്ടി പെണ്ണാവുകയും ചെയ്യുന്നു. പക്ഷെ കുട്ടിയെ ആണോ പെണ്ണോ ആക്കി മാറ്റിയെടുക്കാനുള്ള കഴിവ് ഇതുവരെയും ശാസ്ത്രത്തിന് ലഭിച്ചിട്ടില്ല. പിന്നെ ഈ കർമ്മം ചെയ്യുന്നതാരാണ്? സൃഷ്ടികൾക്കിത് ചെയ്യാനാകുമോ? തികച്ചും അത് നിർണ്ണയിക്കുന്നവൻ സൃഷ്ടികളോട് സമമായിക്കൂടാ. ആയാൽ സൃഷ്ടികർമ്മം അവതാളത്തിലാകും. ആയതിൽ തന്നെ അല്ലാഹുവിന്റെ നിർബന്ധ വിശേഷതയത്രെ. (മുഖാലഫതുൻലിൽ ഹവാദിസി)

## ഇരുട്ടുകൾ പിന്നിടുന്നു.

ഗർഭസ്ഥ ശിശുവിനെ സംരക്ഷിക്കാനും പരിചരിക്കാനും ആവശ്യമായ തരത്തിലാണ് ഗർഭാശയം സംവിധാനിച്ചിട്ടുള്ളത്. സാധാരണ ഗർഭാശയത്തിന്റെ വലിപ്പം നീളം 8 സെ.മി. ഉം വീതി 4 സെ.മി. ഉം ആണ്. ഗർഭപാത്രം ക്രമേണ വലിപ്പം കൂടുകയും ആർദ്രത കുറയുകയും ചെയ്യുന്നു. തുടക്കത്തിൽ 8 സെ.മി. ഉള്ള ഗർഭപാത്രം പ്രസവമടുക്കുമ്പോഴേക്കും 30 സെ.മി. ആയിമാറുന്നു. സാധാരണ ഒരു സ്പൂൺ സാധനം ഉൾക്കൊള്ളാത്ത ഗർഭപാത്രം പ്രസവ സമയമാകുമ്പോഴേക്കും 5 ലിറ്റർ സാധനം ഉൾക്കൊള്ളാൻ പര്യാപ്തമാകുന്നു. ഗർഭപാത്രത്തിന്റെ നിർമ്മാണം വളരെ ഭദ്രമായാണ് അല്ലാഹു നിർവ്വഹിച്ചിരിക്കുന്നത്. മൂന്നു പേശീ പാളികളാൽ ആവൃതമാണത്. ഒന്ന്, അടിവയറിന്റെ ഭിത്തി. ക്ഷതങ്ങളിൽ നിന്നും മറ്റും സംരക്ഷകമാണിത്. രണ്ട്, കൊറിയോൺ, ആംമ്നിയോൺ തുടങ്ങിയ പാടകൾ. ഇത് കുഞ്ഞിനെ പൊതിഞ്ഞു കിടക്കുന്നു. മൂന്ന്, പ്ലസന്റ. ഇവകൾ കുഞ്ഞിന്റെ സംരക്ഷണത്തിന് നൽകുന്ന സേവനം മഹത്തരമാണ്. ഖുർആൻ ഉത്ബോധിപ്പിക്കുന്നു. നിങ്ങളുടെ മാതാക്കളുടെ വയറിൽ മൂന്നുതരം ഇരുട്ടുകൾക്കുള്ളിൽ നാം സൃഷ്ടിയുടെ ഒരു ഘട്ടത്തിനു പിന്നിൽ മറ്റൊരു ഘട്ടമായി നിങ്ങളെ സൃഷ്ടിക്കുന്നു. (39:6)

വയറിനുള്ളിൽ 3 അറകൾ സജ്ജീകരിച്ചതാരാണെന്ന് ചോദി

ച്ചാൽ ഉത്തരം നൽകാൻ ആർക്കാണാവുക? അല്ലാഹുവിനല്ലാതെ. അവൻ സൃഷ്ടികളോട് സാദൃശ്യനല്ലെന്ന് ഓർക്കുക. കടന്നുവന്ന ഇരുളുകൾ അത് സംവിധാനിച്ചവനെ നാം വണങ്ങുക നാം സൃഷ്ടികൾ, ആരാധിക്കാൻ അർഹൻ അവനത്രെ മുഖാലിഫുൻ ലിൽ ഹവാദിസ് (അല്ലാഹു)

## മോർസൽ (മുള്ഗ)

ശരീരത്തിലെ എല്ലാ കലകളെയും കടത്തിവെട്ടുന്നതാണ് മുള്ഗയുടെ വളർച്ച. ഒരൊറ്റ കോശത്തിൽ നിന്ന് 9 മാസം കൊണ്ട് 2000 കോടി കോശമുണ്ടാകുന്നു. ഒരു കോശം പോയിട്ട് കോശത്തിന്റെ ഒരു ഘടകം പോലും ഉണ്ടാക്കാൻ ആർക്കെങ്കിലുമാകുമോ ? ഇല്ല. ലോകാന്ത്യം വരെ അസാധ്യം മാത്രം. ഉള്ള കോശം കൊണ്ട് കളിക്കുന്നു. ആ കോശം ഉണ്ടാകുന്നതിനു പിന്നിൽ ഉലകമാകെ സർവ്വേശ്വരനു മുന്നിൽ മുട്ടുകുത്തുന്നു.

അവൻ മുള്ഗയെന്ന വളർച്ച സംവിധാനിച്ചതെത്ര അത്ഭുതകരം. 27 ദിവസം പ്രായമുള്ള ഭ്രൂണത്തെ പ്രതിനിധാനം ചെയ്യാൻ പര്യാപ്തമായ ഏറ്റം ഉൽസാരമുള്ള പദമത്രെ മുള്ഗ. ഇതിന് സമാനമായ മറ്റുപദം ഇനിയും ജനിക്കാനിരിക്കുന്നു.

ഭ്രൂണം അഞ്ചാഴ്ച പ്രായമാകുന്നതോടെ അസ്ഥി രൂപീകരണം ആരംഭിക്കുന്നു. ഒരു കോശാന്തരത്തിൽ നിന്ന് എല്ലും, മുള്ളും, ഉടലും, ഊരയും, നെഞ്ചും, മാറും രൂപമെടുക്കുന്നു. ഈ അസ്ഥിയിൽ മാംസം പൊതിയുന്നതോടെ മനുഷ്യൻ രൂപമാവുന്നു. പത്തുമാസം ആകുമ്പോൾ കരഞ്ഞ് കണ്ണും പൂട്ടി കൈയും മുറുക്കി പിടിച്ച് മനുഷ്യക്കുഞ്ഞ് പുറത്തുവരുന്നു.

10 മാസത്തിനുള്ളിൽ ഒരു കോശം നടന്നു വന്ന വഴിയിൽ നടന്ന വിഭജനങ്ങൾ, ഊനഭംഗങ്ങൾ ഇതൊക്കെ ദൈവത്തിൽ ഇടപെടുത്തതോ അല്ല. അല്ലാഹു വ്യക്തിത്വം പ്രഖ്യാപിക്കുന്നു. നബിയെ പറയുക - അല്ലാഹു ജനിപ്പിച്ചിട്ടില്ല.

## പരാശ്രയ രാഹിത്യം

ആവശ്യം നിർവ്വഹിക്കപ്പെടേണ്ടി വരുമ്പോഴാണ് ആശ്രയം ജനിക്കുന്നത്. ഒരാൾക്ക് വിശപ്പ് പൂരണം ചെയ്യേണ്ടി വരുമ്പോഴാണ് അയാൾ ഭക്ഷണം ആശ്രയിക്കുന്നത്. ഭക്ഷണ പ്രാപ്തിക്ക് വേണ്ടി

വേറെ പലതിനെയും. പക്ഷെ ലോക നിയന്താവായ സർവ്വാധിപന് ആവശ്യങ്ങളില്ല. വിശപ്പില്ല, ദാഹമില്ല, ഉറക്കമില്ല, മഴയിൽ നിന്ന് രക്ഷപ്പെടാൻ കുടവേണ്ട, തണുപ്പിൽ നിന്ന് രക്ഷനേടാൻ പുതപ്പ് വേണ്ട. പക്ഷെ സൃഷ്ടികൾ ആശ്രിതരാണ്. ഡോക്ടർക്കും രോഗം മാറാൻ മരുന്നിനെ ആശ്രയിക്കുന്നു. ഡോക്ടറെ സമീപിക്കുന്നു. ഡോക്ടറുടെ ശരീരത്തെ പരിശോധിക്കാനും സ്റ്റെതസ്കോപ്പ് വേണം. അങ്ങനെ മുഴുവൻ വസ്തുക്കളും ആശ്രിതരാണ്.

സ്വയം നിലനിൽപ്പിനോ, ആവശ്യസാധൂകരണത്തിനോ അപരനെ ആശ്രയിക്കുന്ന ഒന്നും ദൈവികത്വത്തിന് അവകാശികളല്ല. അവിടെ അല്ലാഹുമാത്രം ഒറ്റയാനാകുന്നു. അവന്റെ സ്ഥാനം ഒരിക്കലും നശിക്കുകയില്ല. കാരണം, അവൻ ആരുടെയും ഔദാര്യംകൊണ്ട് സ്ഥാനം നേടിയവനല്ല. അവൻ എന്തെങ്കിലും കാര്യമോർത്ത് വിഷമിക്കുകയോ, വിലപിക്കുകയോ ഇല്ല. കാരണം അവൻ മനസ്സുള്ളവനല്ല. മലക്കുകൾ പോയാൽ അവൻ ഇരിപ്പിടം തേടി അലയില്ല. അവൻ ഇരിപ്പിടത്തിലല്ല. അവനെ ശ്വാസംമുട്ടിക്കാനോ വെള്ളം കുടിപ്പിച്ച് കൊല്ലാനോ ആർക്കുമാവില്ല. അവൻ സദാ ശക്തവാൻ- ശക്തി- മുക്തിദായകൻ.

അവൻ ഏവരെയും ശ്വസിപ്പിക്കുന്നു, കുടിപ്പിക്കുന്നു, രസിപ്പിക്കുന്നു, കരയിക്കുന്നു. കാറും, വാനും, വിമാനവും നൽകുന്നു. അവനെ ഏവർക്കും വേണം. അവന് ആരെയും വേണ്ട. അവനത്രെ "സ്വയം നിൽപുള്ള ഏകൻ അല്ലാഹു" അവന് നിരക്കാത്ത വൈശിഷ്ട്യമത്രെ "ഇഹ്തിയാജ്" (പരാശ്രയം)

ആരും നിസ്കരിക്കുന്നത് അവന് സന്തോഷിക്കാനാണ്. പരമസത്തയിൽ നിന്ന് പ്രതിഫലം ലഭിക്കാനാണ്. പ്രതിഫലം അല്ലാഹുവിന്റെ ഔദാര്യമാണ്. എന്ത് ശിക്ഷയും അവന്റെ അളവറ്റ നീതിയാണ്. അവൻ പരമാധികാരിയത്രെ. അല്ലാഹുവിനെ ആരാധിക്കൽ അവന്റെ ആവശ്യത്തിനായിരുന്നെങ്കിലല്ലേ അല്ലാഹുവോട് പ്രതിഫലം നിർബന്ധിക്കാനാവൂ. അവന്റെ പരമ ഔദാര്യം തടയാൻ അവൻ ആശ്രയിക്കുന്ന ഒരു കണിക പോലും എവിടെയും ഇല്ല.

പ്രപഞ്ചത്തിലെ അത്ഭുത പ്രതിഭാസങ്ങളത്രെ പ്രകാശവും ജലവും ആകർഷണവും വായുവും. പക്ഷെ ഇവകൾക്കും നിലനിൽപിന് മാധ്യമങ്ങളും ഉപമാധ്യമങ്ങളും വേണമെന്നത് വാസ്തവം. 3000000000000000, 00, 000 ഇത്രമാത്രം തന്മാത്രകളുടെ ജലം സമ്മിശ്രരൂപമത്രെ ഒരിറ്റുജലം. $H_2O$ എന്ന് ചുരുക്കി പറയാം. $H_2O$ ഭിന്നിച്ചാലോ

പിരിഞ്ഞു പോയാലോ ജലം ജലമല്ലാതാകുന്നു. ഒരിറ്റു ജലത്തിലുള്ള കണികകൾ ഇത്രയെങ്കിൽ ലോകത്താകമാനമുള്ള തന്മാത്രകൾ എണ്ണിയെടുക്കാൻ മനുഷ്യനാവില്ലെന്ന് മനസ്സിലാക്കാമല്ലോ? ഭൂവിതാനത്തിലെ ഏറ്റവും ഉൽകൃഷ്ടനായ മനുഷ്യന്റെ കാര്യം ഇതെങ്കിൽ മറ്റുള്ളവയുടെ കാര്യം പറയേണ്ടതുണ്ടോ ?

അല്ലാഹുവിന് മരണം പേടിയില്ല. അവൻ ജനിച്ചിട്ടില്ല. കൊല്ലുമെന്ന് പേടിയില്ല. ശക്തിയും അവന്റെ സ്വന്തം മാത്രം.

## വഹ്ദാനിയ്യത്ത് (ഏകനായിരിക്കൽ)

ഏകത്വം എന്നതാണ് അല്ലാഹുവിന്റെ അടുത്ത അടുത്ത സ്വിഫത്ത്. ബഹുദൈവാരാധനയെയും ബഹുദൈവ സങ്കൽപ്പത്തെയും മാറ്റി നിർത്തുന്നതാണ് ഈ വിശേഷണം. അല്ലാഹു എന്ത് കൊണ്ട് ഏകനായിരിക്കണം? ദൈവങ്ങൾ ഉണ്ടായിക്കൂടെ? ഇവ ചോദ്യങ്ങളാണ്. സകല പരമാധികാരമർഹിക്കുന്ന ഒരു സത്തയെ ദൈവമായി കണ്ടവരാരും അല്ലാഹുവിന്റെ ഏകത്വത്തെ നിഷേധിക്കുകയില്ല. രണ്ട് ജീവികൾ ഉണ്ടെന്ന് സങ്കൽപ്പിക്കുക. അവർക്ക് രണ്ടാൾക്കും വിഭിന്നമായ പലതുമുണ്ടാകാം. രണ്ടു പേരും ഒന്നുകിൽ ബന്ധുക്കളോ അല്ലെങ്കിൽ ശത്രുക്കളോ ആകുന്നു. പരമാധികാരം നിർവ്വഹിക്കുന്ന രണ്ടാൾ ഉണ്ടാകുമോ? രണ്ട് ദൈവം ഉണ്ടെന്ന് നിനക്കുക. രണ്ടാൾക്കും എല്ലാറ്റിന്റെയും അധികാരം. രണ്ടാളെയും ആരും കീഴ്പെടുത്തുന്നില്ല. ഇങ്ങനെയൊരവസ്ഥ മസ്തിഷ്കം വകവെച്ചുതരുമോ?

ഇനി നമുക്ക് പ്രപഞ്ചത്തിലെ വസ്തുക്കളിലേക്ക് നോക്കാം. പല മൂലകങ്ങളും ഘടകങ്ങളും ഏകത്വം എന്ന തലക്കെട്ടിൽ അറിയപ്പെടുന്നു. വിശാലമായ പഠനം നമ്മെ എത്തിക്കുന്നത് അഖില മൂലകങ്ങളുടെയും ഏകത്വ നിഷേധത്തിലേക്കാണ്. മറ്റൊന്നിനോട് സങ്കൽപ്പിച്ചോ സംഗമിച്ചോ അല്ലാതെ ഒരു മൂലകവും നിലനിൽക്കുന്നില്ല.

ലോകത്തുള്ള സർവ്വ പദാർത്ഥങ്ങളെയും മൂന്നായിതിരിക്കാം. മൂലകങ്ങൾ, യൗഗികങ്ങൾ, മിശ്രിതങ്ങൾ.

ഹൈഡ്രജൻ, ഓക്സിജൻ, കാർബൺ എന്നിങ്ങനെയുള്ള പദാർത്ഥങ്ങളാണിവ. ഏകത്വം എന്ന പദാർത്ഥങ്ങളാണിവ. ഏകത്വം എന്ന സ്വഭാവത്തിന്മേലാണിവ അറിയപ്പെടുന്നത്. സകല ക്രിസ്റ്റലീകരണത്തിന്റെയും മറ്റും പരിണിത ഫലമായി ഇവയും ഏകത്വം എന്ന

പരിധി വിടുന്നതായി കാണാം. അതിലുപരി അല്ലാഹുവിന്റെ ഏകത്വം മറ്റുള്ളവയിൽ ലയിക്കുന്നതോ ലയിച്ച് ചേരുന്നതോ അല്ല. സൃഷ്ടികൾ എത്രതന്നെയായാലും പരമസത്തയുടെ ഏകത്വം എന്നും നിലനിൽക്കുന്നു.

കാർബൺ കരി കത്തുമ്പോൾ ഓക്സിജനുമായി കാർബൺ സംഗമിക്കുന്നു. അങ്ങനെ കാർബൺഡൈഓക്സൈഡായി മാറുന്നു. ഇവകൾക്കാണ് യൗഗികങ്ങൾ എന്ന് പറയുന്നത്. സോഡിയം ക്ലോറിനിൽ കത്തുമ്പോൾ സോഡിയം ക്ലോറൈഡ് എന്ന യൗഗികം ഉണ്ടാകുന്നു.

മൂന്നാമത്തേതിനമാണ് മിശ്രിതങ്ങൾ. രണ്ടോ അതിലധികമോ മൂലകങ്ങളോ യൗഗികങ്ങളോ ഏതെങ്കിലും അനുപാതത്തിൽ ചേർന്ന കലർപ്പിനാണ് മിശ്രിതം എന്ന് പറയുന്നത്.

അല്ലാഹു മിശ്രിതം എന്നതിന്റെ ഏഴയലത്തും എത്തില്ലെന്നത് വിശദീകരിക്കേണ്ടതില്ല.

ലോകത്തിലെ മുഴുവൻ പദാർത്ഥങ്ങളെയും ആകമാനം ഉൾക്കൊള്ളുന്നു. പദാർത്ഥങ്ങൾ മുഴുക്കെ ഏകത്വത്തോട് വിട്ട് നില്ക്കുന്നു. പദാർത്ഥങ്ങളുടെ സംവിധായകൻ ഏകത്വത്തിൽ പരമാധികാരം നടത്തുന്നു.

## ത്രിയേകത്വം

ദൈവം ഏകനാണെന്നും എന്നാൽ ഏകത്വം പൂർത്തിയാകുന്നത് ദൈവശക്തി, പരിശുദ്ധാത്മാവ്, ദൈവ വചനം എന്നിവ കൂടിയാണെന്നുമുള്ള 'ത്രിഏൽവൺ സിദ്ധാന്തമാണിത്.' അല്ലാഹുവിന്റെ മേൽ ഈ ത്രിയേകത്വം ആരോപിക്കാൻ പറ്റുമോ?

സത്തയിൽ വചനവും, ആത്മാവും പരിശുദ്ധാത്മാവിനോട് ഭിന്നിച്ചു നിൽക്കുന്നു. ഏറിവന്നാൽ വചനത്തിലും ആത്മാവിലും പരിശുദ്ധാത്മാവ് സംതൃപ്തി അടയുന്നു.

ഇതവരുടെ വാചകങ്ങളിൽ തന്നെ കാണുക.

1. സ്വയംഭൂ ആയി നിൽക്കുന്നവൻ

അതിനാൽ ദൈവത്തെ പിതാവാം ദൈവമായി പ്രഖ്യാപിക്കുന്നു.

2. വചനം മുഖാന്തിരം സംസാരിക്കുന്നവൻ

ആകയാൽ ദൈവത്തിന്റെ വചനം പുത്രനായി ചിത്രീകരിക്കുന്നു.

3. ആത്മാവിൽ ജീവിക്കുന്നവൻ

ആകയാൽ ദൈവത്തെ പരിശുദ്ധാത്മാവിന് നാമകരണം ചെയ്തിരിക്കുന്നു.

ഏകത്വം സാരാംശത്തെയും ത്രിത്വം ആ തത്വങ്ങളെയും കാണുന്നു. (വിശുദ്ധത്രിയേകത്തിൽ ദൈവം ഒന്ന്)

ഇവിടെ ദൈവം സൃഷ്ടികളെക്കാൾ അധ:പതിക്കുന്നു. സൃഷ്ടികൾ കേൾവി, കാഴ്ച തുടങ്ങി പല വൈശിഷ്ട്യങ്ങളുടെയും ഉടമകളാണ്. അന്തരീക്ഷത്തിൽ മൂന്നായി തിരിക്കപ്പെട്ട ദൈവം രണ്ട് വിശേഷണങ്ങളിൽ സംതൃപ്തനാകുന്നു.

ഇത് മനുഷ്യ യുക്തിക്ക് നിരക്കുന്ന ഏകത്വമല്ല. മസ്തിഷ്കം പണയം വെച്ചവർക്ക് എന്തും ദൈവികമാക്കാം. എന്തിനെയും ദൈവമാക്കാം.

അതുകൊണ്ടാവാം ഈ ത്രിയേകത്വത്തെ അവരിൽ തന്നെ പലരും തള്ളിപ്പറഞ്ഞത്.

## അദ്വൈത സിദ്ധാന്തം

ഹിന്ദു മതത്തിലെ ഒരു വിശ്വാസധാരയാണിത്. ശങ്കരാചാര്യരാണ് ഇതിന്റെ ഉപജ്ഞാതാവ്. ദൈവവും പ്രപഞ്ചവും ഒന്നാണെന്നതാണ് ഈ വാദത്തിന്റെ ആകെത്തുക.

എല്ലാ വസ്തുക്കളും ദൈവത്തിന്റെ ഭാഗമാണ്. ഓരോ വസ്തു നശിക്കുമ്പോഴും അതിന്റെ അടിസ്ഥാന മൂലകം ദൈവത്തിലേക്ക് മടങ്ങുന്നു.

ഇസ്‌ലാമിനെ തൊട്ടറിവും ബുദ്ധിയുമുള്ളവർക്ക് ഉൾക്കൊള്ളാനുമാവാത്ത വാദമാണിത്. ഏകനും അനാദ്യനുമായ അരൂപസത്തയായ ദൈവത്തിന്റെ ഭാഗങ്ങളാണ് ബ്രഹ്മാണ്ഡകടാഹവും അതിലെ അഖിലവസ്തുക്കളുമെങ്കിൽ ദൈവം സൃഷ്ടികർമ്മം നടത്തിയതെവിടെ? ഭാഗം തിരിഞ്ഞതാണ് അതിന് സൃഷ്ടികർമ്മമെന്ന് പറയുമോ?

കാലത്തിന്റെ കോലത്തിനനുസരിച്ചു മാറുന്ന ദൈവഭാഗങ്ങൾ, കള്ളുകുടിയനും, പെണ്ണു പിടിയനും, പുരോഹിതനും, പണ്ഡിതനും, ശാസ്ത്രജ്ഞനും ഒരേ ദൈവത്തിന്റെ ഭാഗങ്ങൾ. അപ്പോൾ ദൈവമോ? നന്മയുടെയും, തിന്മയുടെയും ഒരു സമ്മിശ്രവിഗ്രഹം. നീതിയും, അനീതിയും അവിഭാജ്യമായ സംഗമമാതു.

കാലം ദൈവത്തിന്റെ ഭാഗം, കാലത്തിന്റെ കളിയിലകളിൽ ഞെരിഞ്ഞമരുന്ന മനുഷ്യ മൃഗാദികളും, പടുകൂറ്റൻ മണിമാളികകളും വിശുദ്ധ ദൈവത്തിന്റെ ഭാഗങ്ങൾ

ഇതെങ്ങനെ യുക്തിസഹമാകും?

പക്ഷെ ഇസ്ലാമിലെ ദൈവ സങ്കല്പം, അവൻ ഏകനാണ്. ഭാഗമാക്കപ്പെടുന്നവനോ പരാശ്രിതനോ അല്ല. അവനല്ലാത്തതെല്ലാം അവന്റെ സൃഷ്ടികൾ മാത്രം.

വഹ്ദത്തുൽ വുജൂദിനെ വക്രീകരിച്ച് അദ്വൈത സിദ്ധാന്തമാക്കിയ ചിലരുണ്ട്. അത് വിവരക്കേടാണ്. കാരണം വഹ്ദത്തുൽ വുജൂദും ഇതും പരസ്പരം ഭിന്നങ്ങളാണ്.

## ഖുദ്റത്ത്

കഴിവ് എന്നിതിനെ മലയാളീകരിക്കാം. നാം മുന്നിൽ കാണുന്ന ലോകം കഴിവിന്റെ ലോകമാണ്. ഗ്രാമത്തിലെ വീട്ടിലിരുന്ന് ലോകാന്തരിടെയുമുള്ള എന്തുമറിയാം. കേരളത്തിലെ ഓണം കേറാമൂലയിലിരുന്ന് ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ പുസ്തക ശേഖരത്തിൽ നിന്ന് ഇഷ്ടമുള്ളതെടുത്ത് റഫർചെയ്യാം. തന്തയും തള്ളയുമില്ലാതെ മനുഷ്യനെ ഉണ്ടാക്കാം. ഇതൊക്കെ മനുഷ്യകഴിവായി നാം കൊട്ടിഘോഷിക്കുന്നു. പക്ഷെ അപ്രാപ്യമായ ഒരു മഹത് ശക്തിയുടെ ഔദാര്യമായ സംഭാവനകളുടെ ലീലാവിലാസങ്ങളാണിവയെന്ന വസ്തുതകൾ കൂടി മനസ്സിലാക്കാൻ നാം മുതിരുന്നില്ല. ഉദരത്തിൽ ഇച്ഛിക്കുന്നവനൊന്നായും ശാസ്ത്രജ്ഞനാകുന്നില്ല. ശാസ്ത്രജ്ഞനാകാനുള്ള കുതന്ത്രിവെയ്പ്പും ഇതുവരെയില്ല. ക്ലോണിംഗ് നടത്തുന്നവിൽമുട്ടിനും ഒരു കോശമുണ്ടാക്കാൻ കഴിയുന്നില്ല. അതി വിദഗ്ദനായ ഡോക്ടർക്കും വയറുവേദന വരുന്നു. അവനോടനുമതി ചോദിക്കാതെ അവന്റെ കോശങ്ങൾ വളരുന്നു. മുടികൾ നരയ്ക്കുന്നു. ഇതൊക്കെ ആരാണ് ചെയ്യുന്നത്. പ്രിയതമ തൻകൺമുന്നിൽ കിടന്നു മരിക്കുമ്പോൾ ഏത് കൊലകൊമ്പനും നിസ്സഹായനാകുന്നു. ഇവിടെയാണ് ഒരു സൃഷ്ടികർത്താവിന്റെ ആവശ്യം ജനിക്കുന്നത്. ബുദ്ധികൾ അതിനെ കണ്ടെത്തുന്നത്. എല്ലാ കഴിവുള്ളവരും ഒരു ദിനം തന്റെ കഴിവുകേട് സമ്മതിച്ച് ഏറ്റവും കഴിവുള്ളവന്റെ കയ്യിലമരുന്നു.

മനുഷ്യന്റെ കഴിവുകൾ ഭിന്നമാണ്. മൃഗങ്ങളുടേതു ഭിന്നമാണ്. മറ്റുള്ളതിന്റേതെല്ലാം വിഭിന്നങ്ങളാണ്. കാര്യം വിധി നിർണ്ണ

യിക്കപ്പെട്ട കഴിവുകളാണിതെല്ലാം. അതിനാൽ മനുഷ്യർ ദൈവമായിക്കൂടാ. പശുവും, യന്ത്രവും, കല്ലും, കരടും ദൈവികത്വം അർഹിക്കുന്നില്ല.

ദൈവികത്വത്തിനവകാശി അഖില കഴിവിന്റെയും ഉടമ അല്ലാഹുമാത്രം.

അസ്തമിക്കുന്ന കഴിവിന്റെ ഉടമകൾക്ക് ദൈവമാകാൻ പറ്റുമോ?

ഇല്ല.

ചില മതത്തിലെ 'ദൈവത്തിന്റെ വചനം' കുരിശിലേറ്റപ്പെട്ടു. മറ്റു ചില ഇസത്തിലെയും ദേവതകൾ മരിച്ചുപോയി. അനങ്ങാപാറകൾ സ്വയം നീങ്ങാൻപോലും കഴിയാതെ നോക്കുകുറ്റിയായി നിൽക്കുന്നു. മുസ്‌ലിംകൾ വിശ്വസിക്കുന്ന ദൈവം അല്ലാഹു അന്തസ്സോടെ അന്ത്യമില്ലാതെ, ആകാരമില്ലാതെ, അവസ്ഥാന്തരമില്ലാതെ നിലനിൽക്കുന്നു.

-യാ ഖാദിർ ഖുദ്റതുക ഖുദ്റത് വലാഖുദ്റത ഇല്ലാബിക്- ഖുർആൻ പറയുന്നു. ആകാശഭൂമിയുടെ പരമാധികാരം അല്ലാഹുവിനാണ്. അല്ലാഹു എല്ലാകാര്യത്തിനും കഴിവുള്ളവനാണ്.(3:189)

ഈ വാദം നെഞ്ചുറപ്പോടെ പറയാൻ മുസ്‌ലിംകൾക്കല്ലാതെ കഴിയില്ല.

പലമേഖലയിലെ കഴിവുകൾ കണ്ട് പലരെയും പലരും ദൈവമാക്കി. പക്ഷെ ആ കഴിവുകളെയൊക്കെ കടത്തിവെട്ടിയ കഴിവുകൾ കാട്ടിയവരെ അത് സമ്മതിക്കുന്നതിനൊപ്പം ദൈവികത്വം കൊടുക്കാതെ മാറ്റി നിർത്തുന്നു.

മൂസാ നബിയോട് ജനങ്ങൾ ചോദിച്ചു, കുടിക്കാൻ വെള്ളം തരണം. ഇവിടെ മൂസാനബിയെ ദൈവമാക്കിയില്ല.

ഖുദ്റത്തിന്റെ വിപരീതമാണ് അശക്തി(അജ്സ്). ഇത് ദൈവികത്വത്തിന് നിരക്കാത്ത വൈശിഷ്ട്യമാണ്.

മനുഷ്യന് സൃഷ്ടികർത്താവായ അല്ലാഹു പ്രകൃതി പരമായി തന്നെ കുറെ കഴിവുകൾ നൽകി. അത് ഉപയോഗിച്ചവൻ കാര്യങ്ങൾ സാധിക്കുന്നുണ്ടെങ്കിലും അർത്ഥത്തിൽ അത് ചെയ്യുന്നത് അല്ലാഹുവാണ്. അതിനാൽ മനുഷ്യൻ എന്തെങ്കിലും അത്ഭുതം കൂടിയായാൽ അത് വ്യക്തിയുടെ കഴിവല്ല. മറിച്ച് അതും ദൈവത്തിന്റെ കഴിവ് അവനിലൂടെ വന്നുവെന്ന് മാത്രം. ദൈവത്തിന്റെ കഴിവിന്റെ മാധ്യമമായി എന്ന നിലക്ക് അവൻ ആദരിക്കപ്പെടുന്നെങ്കിലും അർത്ഥത്തിൽ അല്ലാ

ഹുവാണ് ഇവിടെ സ്തുതിക്കപ്പെടുന്നത്. അതിനാൽ തന്നെ വിജയം വരുമ്പോൾ മുസ്‌ലിംകൾ പറയുന്നു.

"അല്ലാഹുവിന് മാത്രം സർവ്വസ്തുതിയും".

ഉറക്കമൊഴിഞ്ഞ് പഠിച്ചവൻ ഇവിടെ വ്യഥാവിലാക്കപ്പെടുന്നോ? ഇല്ല. അവനെ ഉറക്കമൊഴിയിപ്പിച്ചതും, പഠിക്കാൻ മനസ്സു കൊടുത്തതും, പഠിച്ചത് ഓർമിക്കാൻ ശക്തി നൽകിയതും അല്ലാഹു മാത്രം.

## ഇറാദത്ത്

അല്ലാഹുവിന് ഉണ്ടായിരിക്കൽ നിർബന്ധമായ 8-ാമത്തെ സിഫത്താണിത്. ഭൂമി കറങ്ങുന്നതും ഗോളങ്ങൾ ചലിക്കുന്നതും അടുക്കളയിൽ അരി വേവുന്നതും അന്താരാഷ്ട്രതലത്തിലെ വാർത്താവാഹിനികൾ അനങ്ങുന്നതും എല്ലാം അല്ലാഹുവിന്റെ മുൻതീരുമാനങ്ങൾ അനുസരിച്ചാണ്.

മനുഷ്യന് സ്വയം ചിന്തമെനയാനുള്ള സ്വാതന്ത്ര്യം കൊടുത്ത അല്ലാഹു അവന്റെ സെല്ലുകൾ നീക്കേണ്ടതെങ്ങനെയെന്നും തീരുമാനിക്കുന്നു. അവന്റെ കർമ്മ ക്രമീകരണമനുസരിച്ച് അല്ലാഹു അവന്റെ ഹൃദയത്തിൽ ചിന്തകൾ വിരിയിച്ചു കൊടുക്കുന്നു.

ഓരോ മനുഷ്യന്റെയും യുവഹൃദയത്തിൽ ദൈവികത്വമായി ചിന്തിക്കുന്ന ഒരു മാലാഖാദൃഷ്ടി ചിന്താസെല്ലും ഇബ്‌ലീസിന്റെ നേതൃത്വത്തിലുള്ള ഒരു പൈശാചിക സെല്ലും പ്രവർത്തിക്കുന്നു. ഓരോ തീരുമാനത്തിനു പിന്നിലും ഈ സെല്ലുകൾ സംഘട്ടനം നടത്തുന്നു. മാനസിക ശുദ്ധിയുള്ളവൻ- അതായത് കർമ്മത്താൽ ഹൃദയം ഭദ്രമാക്കിയവൻ, ഹീനവൃത്തിയാൽ ഹൃദയം കറപുരട്ടാത്തവന്റെ ദൈവിക ബന്ധിത സെൽ വിജയം നേടുന്നു. അവന്റെ വചസ്സും പ്രവർത്തിയും നന്നാകുന്നു. മോശമായവന്റെ പൈശാചിക സെൽ വിജയം നേടി അവൻ ഹീനനാകുന്നു. ഖുർആൻ പറയട്ടെ മനുഷ്യഹൃദയം അല്ലാഹുവിന്റെ രണ്ട് കരങ്ങൾക്കിടയിലാണ്.

ഇവിടെ സ്വാഭാവികമായ ഒരു ചോദ്യമുണ്ട്. അല്ലാഹു തന്നെയല്ലേ ഇറാദത്ത് ചെയ്യുന്നത്. മനുഷ്യൻ എങ്ങനെയാകണമെന്ന് അവനാണതിന് കഴിവുനൽകുന്നതും. പിന്നെയെങ്ങനെയാണ് മനുഷ്യൻ ശിക്ഷിക്കപ്പെടുന്നത്? അല്ലാഹു തന്നല്ലേ തെറ്റു ചെയ്യിച്ചത്?

അല്ലാഹുവിന്റെ ആസൂത്രണത്തിന്റെ അന്തഃസ്സത്തയാകമാനം അവന്റെ സൃഷ്ടികൾക്ക് വ്യക്തമല്ലെന്ന ആമുഖം നാം ഉറപ്പിക്കുക. കാരണം നമ്മുടെ ഇന്ദ്രിയങ്ങൾക്ക് അതിരുവെച്ചതു

പോലെ മസ്തിഷ്കത്തിനും അതിരുവച്ചിട്ടുണ്ട്. അതിൽ തെളിയാത്തതൊന്നും ഇല്ലെന്ന വാദം കണ്ണിൽ കാണാത്തതൊന്നുമില്ലെന്നു വാദിക്കും പോലെ തന്നെയാണ്. ഇനി നമുക്ക് പ്രശ്നോത്തരി നോക്കാം.

പിതാവ് മകന് 10 രൂപാ കൊടുത്തു എന്ന് സങ്കൽപിക്കുക. ഇതുകൊണ്ട് എന്തും വാങ്ങുവാൻ അവനനുവാദമുണ്ട് അത് ബസാറിൽ കൊണ്ടുചെന്നാൽ ബീഡികിട്ടും, കള്ള് കിട്ടും, നല്ല പുസ്തകങ്ങൾ കിട്ടും, പലതും കിട്ടും. കുട്ടിപോയി കുറച്ചു ബീഡിവാങ്ങിവലിച്ചാൽ മകനെ അച്ഛൻ തല്ലുന്നു. ഇവിടെ പൈസ കൊടുത്ത അച്ഛനെയാണോ തല്ലേണ്ടത് ? അല്ല, മറിച്ച് മകനെ തന്നെയാണ്. ഈ സാധനം വാങ്ങാനുള്ള തീരുമാനം ഇവന് വിട്ടുകൊടുത്തതുപോലെ, ഒരു മൈക്രോ പോയിന്റ് സെലക്ഷൻ പവർ മനുഷ്യന് അല്ലാഹു തന്നെ കൊടുത്തു. ഇതിലേക്ക് സൂചകമായിട്ടാണ് ഖുർആൻ പറയുന്നത്, തീർച്ചയായും അല്ലാഹു ദോഷം ചെയ്യാൻ കൽപിക്കുന്നില്ലെന്ന് പറയുക. 7:28 പക്ഷെ ദേഹേച്ഛയെ ഇലാഹാക്കിയവന് നിങ്ങൾ ജാമ്യക്കാരനല്ല. 25:43 സ്ഥലകാലങ്ങളുടെ അതിരുകളാൽ നിർണ്ണയിക്കപ്പെടാത്ത ജ്ഞാനത്തിന്റെ ഉടമയായ അല്ലാഹു ഇവൻ എന്ത് തിരഞ്ഞെടുക്കുമെന്നും അറിവുള്ളവനാണ്. അതിനാലാണ് അവന്റെ മുഴുവൻ രേഖകളും അല്ലാഹു മുൻകൂട്ടി തയ്യാർ ചെയ്തത്.

അല്ലാഹു ഇഷ്ടം പോലെ എന്തും ചെയ്യാവുന്നവനാണ്. അവനെ ആരാധിക്കാൻ മാത്രം ചിന്ത നൽകിയ ഒരു വിഭാഗത്തെ അവൻ സൃഷ്ടിച്ചു. അവരത്രെ മലക്കുകൾ.

അവന്റെ ദൃഷ്ടാന്തങ്ങളെ പഠിച്ച് ഗുണം ഉൾക്കൊള്ളാനുള്ള ബുദ്ധിയും നൽകി അതിൽ നിന്ന് വൈവിധ്യം ഉൾക്കൊള്ളാൻ പരിപക്വമായ ഒരു വിഭാഗത്തെ സൃഷ്ടിച്ചു. അവരത്രെ മനുഷ്യർ. അവരിൽ നിന്ന് സുകൃതരെയും നിഷ്ക്രിയരെയും വേർതിരിച്ച് രക്ഷാശിക്ഷകൾ വിധിച്ചു. അവനത്രെ ഉന്നതൻ. പരിപൂർണ്ണനായ അല്ലാഹു.

കറാഹത് - ഇഷ്ടമില്ലാതിരിക്കുക എന്നാണിതിന്റെ അർത്ഥം. അല്ലാഹുവിന് നിരക്കാത്തതാണത്. പ്ലാനും പദ്ധതിയുമില്ലാത്ത പരിപാടികളില്ല. അല്ലാഹു പ്രപഞ്ചത്തെ, അവന്റെ മുമ്പേയുള്ള പ്ലാൻ അനുസരിച്ചാണ് ഭരിക്കുന്നത്. (വി:ഖു. 25.2) എല്ലാ കാര്യങ്ങൾക്കും അല്ലാഹുവിന്റടുക്കൽ ബന്ധിതമായ വ്യവസ്ഥകളുണ്ട്. 13:2

അല്ലാഹുവിന്റടുക്കൽ ചെയ്തതു പിഴച്ചു എന്ന അവസ്ഥയി

ല്ല. ചെയ്തത് അബദ്ധമായി എന്ന പ്രശ്നവുമില്ല. അതിനാൽ തന്നെ പ്ലാൻ ഇല്ലാതിരിക്കുക എന്നത് അവനെ സംബന്ധിച്ചിടത്തോളം ഉണ്ടാവാൻ പാടില്ലാത്ത വിശേഷണമാണ്.

എന്തിനും ഖുദ്റത്തുള്ള അവൻ(ഇറാദത്ത്) പ്ലാനിംഗിനും ആ പ്ലാനിംഗ് അന്യൂനമാക്കുന്നതിനും കഴിവുള്ളവനാണ്. അവന്റെ ആസൂത്രണത്തിന്റെ പവർ സൃഷ്ടികളിൽ വളരെ അധികം നിഴലിച്ചു കാണാം. ഒരേ ആദമിൽ; ഭൂമിയിൽ നിന്ന് സൃഷ്ടിച്ച മനുഷ്യനെ വിഭിന്ന ചിന്താഗതിക്കാരും വിഭിന്ന നിറങ്ങളിലുള്ളവരുമാക്കി. അഭിരുചികളെ വിഭിന്നമാക്കുക വഴി ആഗോള മനുഷ്യരുടെ അഭിരുചികളെ പൂർത്തീകരിച്ചു. അതായത്: ഒരാൾക്ക് ഇലക്ട്രിസിറ്റിക് ചിന്ത നൽകി. മറ്റൊരാൾ മരം കയറാനുള്ള അഭിരുചി നൽകി. പരസ്പരം സഹകരിച്ച് ഇരുവരുടെയും രണ്ട് പ്രശ്നവും പരിഹരിക്കപ്പെടുന്നു. സ്വേച്ഛാധിപത്യത്തെ ഇഷ്ടം വെക്കുന്ന മനുഷ്യകുലത്തെ പരസ്പരാശ്രിതരാക്കി സ്നേഹത്തിനും കെട്ടുറപ്പിനും വകുപ്പ് നൽകി. സസ്യങ്ങൾ ഓക്സിജൻ ഉത്സർജിക്കുന്നു. മനുഷ്യൻ അതിനെ ശ്വസിക്കുന്നു, കാർബൺഡൈ ഓക്സൈഡ് ഉച്ഛ്വസിക്കുന്നു. ഇതെത്ര ഭദ്രമായ തന്ത്രം, എത്ര ആസൂത്രിതമായ ക്രമീകരണം.

പ്ലാനില്ലാത്ത ആൾക്കും ദൈവമാകാമെങ്കിൽ സൃഷ്ടിയാകാൻ പിന്നെ ആരുമുണ്ടാകില്ലായിരുന്നു.

## ഇൽമ്

പരിശുദ്ധ അസ്തിത്വത്തിന്റെ 9-ാം മത്തെ വിശേഷണമാണിത്.

ലോകത്തുള്ളതും ഉണ്ടായതും ഉണ്ടാകാനുള്ളതും എല്ലാം അറിയേണ്ട രീതിയിൽ അറിയുന്നവനാണവൻ. ഓരോ അടിമകളെയും ആ അടിമകളുടെയെല്ലാം അന്തരംഗവും അതിലെ ചിന്തയും അറിയുന്നവനാണല്ലാഹു.

അങ്ങനെ അറിഞ്ഞില്ലെങ്കിൽ പിന്നെ പ്രതിഫല- പ്രതി ക്രിയകൾ ചെയ്യാൻ പറ്റില്ലല്ലോ. അതുകൊണ്ട് എല്ലാം അറിഞ്ഞിരിക്കുക എന്നത് ദൈവികത്വത്തിനനിവാര്യമായ സ്വിഫത്താണ്.

ഭൗതിക ലോകത്തെ രാജാവ് പ്രജകളെക്കുറിച്ചറിഞ്ഞിരുന്നില്ലെങ്കിൽ അയാൾക്കെങ്ങനെ അവരോട് പ്രതികരിക്കാനാവും. താൻ ഒരു മനുഷ്യനായതിനാൽ തന്നെ അറിയാനായി പല ഉപ വകുപ്പുകളെയും മാധ്യമം തേടുന്നു. ഇതിൽ നിന്നും അറിയൽ എന്ന വസ്തുത സർവാംഗീകൃതമാകുന്നു.

ലോകത്തിപ്പോൾ ഏറ്റവും കൂടുതലായി സൃഷ്ടികർമം അറിയുന്നയാൾ ക്ലോണിംഗ് നടത്തുന്ന വിൽമുട്ടാണ്. അയാൾ ഒരു കോശത്തെയും ഒരു ഗർഭപാത്രത്തെയും ആശ്രയിക്കുന്നു. പക്ഷെ അല്ലാഹു ഒരേമണ്ണിൽ തന്നെ പുരുഷ ബീജവും അണ്ഡവും ഗർഭപാത്രവും സംവിധാനിച്ച് സൃഷ്ടിച്ചു. സൃഷ്ടികർമത്തിൽ അവൻ എത്ര അറിവുള്ളവൻ. വിൽമുട്ട് മനുഷ്യനാണ്. കുറെ മനുഷ്യരെ കണ്ടയാളാണ്. അയാൾ മനുഷ്യനെ സൃഷ്ടിക്കുകയല്ല. കോശത്തിന്റെ സംവിധാന രീതിയിൽ കൈക്രിയകൾ നടത്തുക മാത്രം ചെയ്യുന്നു. അല്ലാഹു കോശം പോലും ആശ്രയിക്കാതെ മനുഷ്യനെ മുൻ മാതൃകയില്ലാതെ പടച്ചു.

ശാസ്ത്രീയ വിശാരദന്മാർ ഗോളങ്ങൾ കറങ്ങുന്നുണ്ടോ എന്ന് തർക്കിച്ചു. ഭൂമി കറങ്ങുന്നു എന്ന് പറഞ്ഞ ഗലീലിയോവിനെ ക്രിസ്ത്യൻ പോപ്പുമാർ ചിത്രവധം നടത്തി. അല്ലാഹു പറഞ്ഞു എല്ലാ ഗോളങ്ങളും അതാതിന്റെ ഭ്രമണ പഥത്തിലൂടെ നീങ്ങുന്നു.

എല്ലാറ്റിനെയും സൃഷ്ടിച്ച അല്ലാഹുവിന് എല്ലാം അറിയാം. കാലാതീതനായ അല്ലാഹുവിന് കാലാധീനമായ എല്ലാത്തിനെയും കാലത്തെ തന്നെ അറിയാം. പണ്ടേ ഉള്ള അല്ലാഹുവിന് പുതുതായി വന്ന എല്ലാത്തിനെയും അറിയാം. അവശേഷിപ്പിനന്ത്യമില്ലാത്ത അല്ലാഹുവിന് വരാനുള്ള അഖിലവും അറിയാം.

ഇൽമിന്റെ വിപരീതമാണ് ജഹ്ൽ. അല്ലാഹുവിന് നിരക്കാത്ത സ്വിഫത്താണിത്. ബ്രഹ്മാണ്ഡ കടാഹത്തെയും അതിലുള്ള ആസകലത്തെയും നിയന്ത്രിക്കുന്നവൻ അതിനെ അറിയാതിരിക്കുക. അത് ദൈവത്തിന്റെ ദൈവികത്വത്തിനെ തന്നെ ചോദ്യം ചെയ്യുന്നു.

മറ്റെല്ലാ സ്വിഫത്തിനെയും പോലെ അല്ലാഹുവിന്റെ ജ്ഞാനവും സ്വന്തം ഉള്ളതാണ്. അവൻ അടിമകൾക്കതിൽ നിന്നും വ്യത്യസ്ഥ അനുപാതത്തിൽ ജ്ഞാനം നൽകും. എല്ലാം കൂടിയാൽ തന്നെ "വിജ്ഞാനത്തിൽ നിന്ന് വളരെ തുഛമല്ലാതെ നിങ്ങൾക്ക് തന്നിട്ടില്ല." (ഖു:17:85) നമ്മുടെ എല്ലാം കൂടി ഇൽമുകൾ കൂട്ടിയാൽ അപാരമായ അല്ലാഹുവിന്റെ വിജ്ഞാന സമുദ്രത്തിന്റെ അല്പം പോലുമെത്തില്ല. അതിനാൽ തന്നെ നിങ്ങൾ വെറുക്കുന്നതൊക്കെ നിങ്ങൾക്ക് ഗുണമായിട്ടുള്ളതും നിങ്ങളിഷ്ടപ്പെടുന്നതൊക്കെ നിങ്ങൾക്കു ദോഷമായിട്ടുള്ളതും അല്ലാഹുവിനറിവുള്ളതാണ്. നിങ്ങൾക്ക് യാതൊന്നും അറിയില്ല. ഇമാം റാസി(റ) ഇവിടെ ഒരുദാഹരണത്തിലൂടെ പറയുന്നു. അല്ലാഹുവിന്റെ ജ്ഞാനം

സമുദ്രംപോലെ അപാരമാണ്. അതിൽ നിന്ന് നദിയോളം ജ്ഞാനം നബി(സ)ക്കു നല്കി. സൃഷ്ടികളിൽ അവരെത്ര ഏറ്റവും വലിയ ജ്ഞാനി. ആ നദിയിൽ നിന്ന് കിണറളവിലും പാത്രത്തിന്റളവിലുമുള്ള ജ്ഞാനമാണ് മറ്റുള്ളവർക്കുള്ളത്.

മനുഷ്യരുടെ ജ്ഞാനവാഹിനിയുടെ വലിപ്പം ചെറുതാണ്. സമുദ്രത്തിന്റെ ആകമാനം അറിവും ആ ചെറിയ പാത്രത്തിൽ കിട്ടണമെന്നത് അസാദ്ധ്യവും ശാഠ്യവുമാണ്. മനുഷ്യനാവാഹിക്കാനാവാത്ത പലതുമുണ്ട്. പക്ഷെ അത് നിഷേധിക്കാൻ മുതിരുന്നത് ബുദ്ധിപരമല്ല. അത് മേൽപറഞ്ഞ ജ്ഞാന വ്യത്യാസത്തെക്കുറിച്ചറിവില്ലാത്തതിന്റെ ലക്ഷണമാണ്.

## ഹയാത്ത്

അല്ലാഹു ഉള്ള അവസ്ഥയിൽ അവൻ ഹയാത്ത് 'ജീവിക്കുക' എന്ന വിശേഷണമുടയവനാണ്. സ്വയം ജീവനുള്ള അല്ലാഹു മറ്റു ജീവജാലങ്ങളെ സൃഷ്ടിക്കുന്നു. അവന്റെ ജീവൻ മറ്റുള്ളവയുടെ ജീവൻ എന്നർത്ഥത്തിലല്ല. മറ്റുള്ള ജീവികൾ എല്ലാം ദേഹവും ദേഹിയും കൂടിയ രൂപമാണ്. ദേഹി ദേഹത്തോട് വിടചൊല്ലുമ്പോൾ ജീവികൾ മരണമടയുന്നു. എന്നാൽ അല്ലാഹുവിനിങ്ങനെ ദേഹിദേഹ വിഭിന്ന സംഗമങ്ങളൊന്നുമില്ല. അവനെപോലെ എവിടെയും പ്രതിഫലിപ്പിക്കാനുതകുന്ന മസ്തിഷ്ക പ്രതിബിംബിനികൾ പോലും അവൻ പടച്ചിട്ടില്ല. സ്ഥലകാല ആവശ്യമില്ല അല്ലാഹു ജനിച്ചിട്ടില്ല എന്നതിൽ തന്നെ അവൻ മരിക്കുകയും ഇല്ല. കാരണം ജനിപ്പിച്ചവൻ ഉണ്ടെങ്കിലല്ലെ മരിക്കുന്നവൻ ഉണ്ടാകൂ.

മേൽപറഞ്ഞ സിഫത്തുകളെ കൊണ്ടൊക്കെ ദൈവികത്വത്തിന്റെ വൈശിഷ്ട്യങ്ങളിൽ ഹയാത്തിനെകൂടി ഉൾക്കൊള്ളിച്ചു എന്ന് ചോദിച്ചേക്കാം. എന്നാൽ യേശുവിന് തന്റെ മരണം മുതൽ തന്നെ ദൈവികരണം കല്പിച്ച ഒരു വിഭാഗത്തിന്റെ വിശ്വാസക്രമത്തിൽ നിന്ന് വിശുദ്ധവും പരിപക്വവുമായ ഇസ്‌ലാമിക വിശ്വാസം രക്ഷിക്കാനായിരുന്നു അത്.

## സംഅ് (കേൾവി)

അല്ലാഹുവിന്റെ വാജിബായ സിഫത്തുകളിൽ 11-ാ മത്തേതാണിത്. അല്ലാഹുവിന്റെ പൂർണ്ണതയെ സൂചിപ്പിക്കുന്ന വിശേഷണവും.

മനുഷ്യന്റേയും സൃഷ്ടികളുടെയുമെല്ലാം കേൾവിക്ക് പരിധിയുണ്ട്. പക്ഷേ അല്ലാഹുവിന്റെ കേൾവിക്ക് പരിധിയില്ല. കാതുള്ളവരുടെ കേൾവി പരിമിതമാണ്. പക്ഷേ കാതിന്റെ സ്രഷ്ടാവും എന്നാൽ കാതില്ലാതെ കേൾക്കുന്നവനുമായ അല്ലാഹുവിന്റെ കേൾവി പരിപൂർണ്ണവും പരിധി നിശ്ചയിക്കപ്പെടാത്തതുമാണ്. ഒരേ സമയത്ത് ഒരുകൂട്ടം ആളുകൾ ഒരു പോലെ ഒച്ചവെച്ചാൽ ശ്രോതാവിനൊന്നും തിരിയുന്നില്ല. പക്ഷേ അല്ലാഹു ലോകത്തുള്ള എല്ലാവരുടെയും ശബ്ദം യാതൊരു കൂട്ടിക്കലരലും കൂടാതെ ശ്രവിക്കുന്നു.

ഒരു സെക്കന്റിൽ 3,00,00,000 മീറ്റർ വേഗതയിൽ സഞ്ചരിക്കുന്ന വൈദ്യുത കാന്തിക തരംഗങ്ങളാണ് റേഡിയോ പ്രക്ഷേപണ തരംഗങ്ങൾ. നിരവധി ഗോളങ്ങളെ ചുറ്റി സഞ്ചരിക്കാനുള്ള കഴിവതിനുണ്ട്. ഓരോ പ്രക്ഷേപണ കേന്ദ്രങ്ങളിൽ നിന്നും വ്യത്യസ്ഥ ആവൃത്തികളിൽ പ്രക്ഷേപണം നടത്തുന്നു. പക്ഷേ ഒരേ സമയത്ത് ഒരേ റേഡിയോവിലൂടെ ഒരു പരിപാടിയെ നമുക്ക് ശ്രവിക്കാൻ കഴിയൂ. ഇനി വ്യത്യസ്ഥം പുറത്തു വന്നാൽ തന്നെ ഒരു മനുഷ്യനത് കേട്ട് മനസ്സിലാക്കാൻ കഴിയില്ല.

എന്നാൽ അല്ലാഹു എല്ലാ സ്റ്റേഷനിലേയും എല്ലാ പരിപാടിയും എല്ലാജീവികളുടെയും പോലെ ശബ്ദം കേൾക്കുന്നു. കേൾവിയെ സൃഷ്ടിച്ചവനുണ്ടോ കേൾവിക്ക് ക്ഷാമം.

പേപ്പർ പ്രതലത്തിൽ പേന നടക്കുന്ന ശബ്ദവും അല്ലാഹു കേൾക്കുന്നു. അതിന് ശബ്ദമുണ്ടോ എന്ന് ചോദിച്ചേക്കാം. വെടി പൊട്ടിക്കുമാറില്ലെങ്കിലും അതിനും ശബ്ദമുണ്ട്. ആധുനിക സംവിധാനമുള്ള ബെഡ് റൂമുകളിൽ കൊതുകിനെ ഓടിക്കുന്ന ശബ്ദയന്ത്രമുണ്ട്. പക്ഷേ മനുഷ്യനെ അലോസരപ്പെടുത്തുന്നില്ല. എന്നാൽ അത് കേട്ട് കൊതുകുകൾ ഓടിമാറുന്നു. ഇവിടെയാണ് ഖബ്റിലെ ചോദ്യത്തെക്കുറിച്ചുള്ള നബി വചനം പ്രസക്തമാകുന്നത്. ജിന്നും ഇൻസും ഒഴികെ അഖില ജീവികളും അത് ശ്രവിക്കുന്നു.

ഇതിന്റെ വിപരീതമായ ബധിരത(സ്വമം) അല്ലാഹുവിന് നിരക്കാത്ത വിശേഷണങ്ങളിൽ പെട്ടതാണ്. ബധിരത നമുക്കില്ലാത്തിട്ടും നമ്മുടെ അടുത്തുകൂടിയുള്ള റേഡിയോ തരംഗങ്ങൾ നാം കേൾക്കുന്നില്ല. കൊതുകു കേൾക്കുന്ന ശബ്ദവും നാം കേൾക്കുന്നില്ല. അല്ലാഹു ഏത് ആവൃത്തിയുള്ള ശബ്ദത്തിനു മുന്നിലും ബധിരനല്ല. എല്ലാ ശബ്ദവും അവന് പ്രാപ്യവും ശ്രാവ്യവുമാണ്.

“ദൈവം ബധിരനാണെന്ന് കരുതി എന്തും പറയാമെന്ന്

ചിന്തിച്ചുപോകരുത്.'' ഇതാണ് സിഫത്തിന്റെ ഉത്ബോധനം. അല്ലാഹുവിന്റെ കേൾവിക്ക് മാധ്യമങ്ങൾ സ്വീകരിക്കുകയും അവൻ അത് പ്രത്യക്ഷമാക്കുകയും ചെയ്താൽ മനുഷ്യൻ അത് കണ്ഠത്തിന്റെ പേരിൽ നിയന്ത്രണം സ്വീകരിച്ചേക്കും. പക്ഷേ വേണ്ടത് കേൾക്കുമെന്ന വസ്തുത ഉൾക്കൊണ്ട് ചിന്ത കൊണ്ട് തന്നെ നിയന്ത്രിക്കുകയാണ്. അല്ലാഹു ചെവി നിശ്ചയിച്ചു വെച്ചാൽ ആ ചെവിയുടെയടുക്കൽ മാത്രം മനുഷ്യൻ അസ്വസ്ഥതയോടെ മൗനം ദീക്ഷിക്കും. ലോകം മുഴുവൻ ചെവിയാക്കിയാൽ പിന്നെ ബാക്കിയൊക്കെ എവിടെയാകും. എല്ലാംകൂടി എല്ലായിടവുമാകിയാൽ, അത് തന്നെയാണിപ്പോഴുള്ള അവസ്ഥ. കാരണം മാധ്യമം വേണ്ടാതെ കേൾക്കുന്നവൻ എല്ലായിടത്തും ചെവി കൂർപ്പിക്കുന്നത് പോലെ അവന് ശ്രാവ്യമാണ്.

## ബസ്വർ (കാഴ്ച)

മനുഷ്യ കാഴ്ച ഒരു പരിധിയിൽ മുട്ടുന്നു. അവൻ മൈക്രോസ്കോപ്പെടുത്തു സൂക്ഷ്മദർശനം തുടങ്ങിയാൽ അതും ഒരു പരിധിയിൽ അവസാനിക്കും. ടെലസ്കോപ്പെടുത്ത് ദൂരം നോക്കിയാൽ നിശ്ചിത അതിരെത്തുമ്പോൾ അതും നിൽക്കുന്നു. ഒരേ മൈക്രോസ്കോപ്പിലൂടെ ഒരേ സമയത്ത് ഒരു വസ്തുവിനെ മാത്രമേ കാണുന്നുള്ളൂ. ടെലസ്കോപ്പൊരു ദിക്കിലേക്കേ നീളം കൂടുന്നുള്ളൂ. ടെലിവിഷൻ ഒരു സമയത്ത് ഒരു സ്ഥലത്തെ മാത്രമേ കാട്ടിതരുന്നുള്ളൂ. പക്ഷേ, സർവ്വാധിപതിയായ അല്ലാഹു എപ്പോഴും എവിടെയും എല്ലാം കാണുന്നു. മേൽപറഞ്ഞ റഡാർ ശക്തിയും എക്സറേ പവറും സ്കാനിംഗ് ദർശനവും മാധ്യമങ്ങൾ കൂടാതെ അല്ലാഹു അവന്റെ അടിമകളിൽ നിന്ന് അവനിഷ്ടപ്പെട്ടവർക്ക് നൽകും. അതാണ് മദീനാമിമ്പറിൽ നിന്ന് ഉമർ(റ) സാരിയയെ കണ്ടത്. സാരിയ(റ) ഉമറി(റ)ന്റെ ശബ്ദം കേട്ടത്. മുഹ്‌യിദ്ദീൻ ശൈഖ് കാണുമെന്ന് വാദിച്ചത്. ഇത്തിക്കണ്ണികൾക്ക് മൈക്രോസ്കോപ്പ് മുശ്‌രിക്കാകുന്നില്ല. മുഹ്‌യിദ്ദീൻ ശൈഖ് മുശ്‌രിക്കാകുന്നു. മുഹ്‌യിദ്ദീൻ ശൈഖ് കാണുമെന്ന് പറഞ്ഞാൽ ദൈവികത്വം വാദിച്ചു എന്ന് പറയും. മൈക്രോസ്കോപ്പാകുമ്പോൾ മൗനം പ്രാപിക്കും.

അവൻ സർവ്വത്ര കാര്യങ്ങളും കാണുന്നവനും കേൾക്കുന്നവനുമാണ് (ഖു:17:1) കേൾക്കുന്നിടത്ത് പറഞ്ഞ (കേൾവി മാധ്യമം)

ന്യായം ഇവിടെയും ചേർത്തു വായിക്കാവുന്നതാണ്.

## കലാം (സംസാരം)

മനുഷ്യ സംസാരം നാവ്കൊണ്ടും, ആരംഭവും, അവസാനവും ഉള്ളതുമാണ്. ദേശങ്ങൾക്കനുസരിച്ചവന്റെ ഭാഷകളും വ്യത്യാസപ്പെട്ടിരിക്കുന്നു. എന്നാൽ അല്ലാഹുവിന്റെ സംസാരത്തിന് ഭാഷ ആവശ്യമില്ല. സർവ്വ ഭാഷയുടെയും സ്രഷ്ടാവായ അല്ലാഹുവിന് ഭാഷയില്ല.

അല്ലാഹുവിന്റെ കലാം ഉൾക്കൊള്ളാൻ എല്ലാ മനുഷ്യർക്കും അവൻ കഴിവ് കൊടുത്തിട്ടില്ല. അങ്ങനെ കൊടുത്തിരുന്നെങ്കിൽ ഒരു പക്ഷെ ആവലാതി ബോധിഷ്ക്കപ്പെടുമ്പോഴെല്ലാം പ്രതികരണവും വന്നേക്കാം. അതിവിടുത്തെ നിലനിൽപ്പിനെ തന്നെ ബാധിക്കും.

അല്ലാഹുവിന്റെ പരമ സത്തയിൽ ആദ്യമോ അന്ത്യമോ ഇല്ലാത്ത കലാം എന്ന വിശേഷണം മനുഷ്യർക്കപ്രാപ്യമെങ്കിലും കാലാനുഗതിയനുസരിച്ച് അല്ലാഹു നിയോഗിച്ച പ്രവാചർക്ക് എത്തിച്ചുകൊടുക്കുന്നു. (കലാമിനെ കുറിച്ച് കിതാബുകൾ എന്ന ഭാഗത്ത് വിശദമായി ചർച്ചവരുന്നുണ്ട് )

ഖുർആനും അത് പോലെ അവതീർണ്ണമായ കിതാബുകളും, അല്ലാഹുവിന്റെ കലാമും, മുസ്ഹഫുകൾ അതിന്റെ പ്രതിയുമാണ്.

മൂകത ഇതിന് വിപരീതമാണ്. അല്ലാഹു മൂകനാണെന്ന് ബുദ്ധിക്ക് അംഗീകരിക്കാൻ പറ്റില്ല. കാരണം അവൻ ഉണ്ടെന്ന് സമ്മതിക്കുന്ന അതേ കാരണത്തിൽ തന്നെ നാം അവന്റെ കലാമിനെയും അംഗീകരിക്കുന്നു.

അവൻ സാധാരണ മനുഷ്യർക്കുൾക്കൊള്ളാൻ കഴിയാത്ത രീതിയിൽ അവന്റെ സന്ദേശങ്ങൾ അസാധാരണക്കാരായ പ്രവാചകന്മാരിലേക്കയച്ചു. അവർ അത് ഭാഷീകരിച്ച് നമ്മുക്ക് തരികയും ചെയ്തു. സാധരണക്കാരന് ഒരാളുടെ ഭാഷ മനസിലാക്കാൻ ശബ്ദവും ഭാഷാഐക്യവും മറ്റും വേണമെങ്കിൽ ഇതൊന്നുമില്ലാതെ ദൈവിക വചനങ്ങൾ ഉൾക്കൊണ്ട പ്രവാചകന്മാരെ സാധാരണക്കാരാക്കുന്നവർ എന്ത് വഷളത്തരമാണ് വിളമ്പുന്നത്.

"നബിയെ പറയുക ഞാൻ നിശ്ചയം ഒരു മനുഷ്യനാണ്, പക്ഷെ ഞാൻ വഹ്‌യിറക്കപ്പെടുന്നു."

അതായത് ഞാൻ ദൈവത്തിന്റെ മകനോ ഭാഗമോ ഒന്നുമല്ല. മനുഷ്യത്വത്തിൽ ഞാനും ഒരു മനുഷ്യപിതാവിൽ നിന്നും മാതാവിൽ നിന്നും പിറന്നവനാണ്. പക്ഷെ ദൈവിക സംവേദനങ്ങൾ

ഉൾക്കൊള്ളാൻ കഴിവുള്ളവനാണ്. ഈ ആയത്തിനെ ഉദ്ധരിച്ച് പലരും നബിയെ സാധാരണക്കാരനാക്കുന്നു. യഥാർത്ഥത്തിൽ അസാധാരണക്കാരനാണെന്നാണ് ഇതിന്റെ ഉദ്ബോധനം.

he has not any work except reading.

അയാൾക്കൊരു വർക്കുമില്ല, വായനയല്ലാതെ. എന്നു പറഞ്ഞാൽ അയാൾക്ക് വായനയുണ്ടെന്നാണർത്ഥം. ഇതേ പ്രയോഗം തന്നെയാണ് ഇവിടെയും കാണുന്നത്.

## ഖാദിർ- മുതകല്ലിം

ഖാദിറായിരിക്കുക (കഴിവുള്ളവനായിരിക്കുക) എന്നാണ് ഇതിന്റെ അർത്ഥം. ഖുദ്റത്ത് എന്ന സ്വിഫത്ത് പറഞ്ഞതിന് ശേഷം എന്തിനാണ് ഖാദിറായിരിക്കുക, സംസാരിക്കുന്നവനായിരിക്കുക എന്ന സ്വിഫത്തുകൂടി ഉൾക്കൊള്ളിച്ചത് എന്നൊരു സംശയം ഇവിടെ ജനിക്കുന്നു. (സൈദുൻ അദ്ലുൻ) സൈദ് നീതിയാണ് (സൈദുൻ ആദിലുൻ) സൈദ് നീതിമാനാണ് ഈ പ്രയോഗ വ്യത്യാസമേ ഇവിടെയും ഉള്ളൂ. പക്ഷെ അപൂർണ്ണനായ സൈദിനെ സംബന്ധിച്ച് അദ്ലുന്ന പൂർണ്ണത അതിരുകടന്നതും, ആധിക്യത്തെ സൂചിപ്പിക്കാനുമാണ്. അല്ലാഹുവിനെ സംബന്ധിച്ച് അവൻ പൂർണ്ണനാണല്ലോ? അതിന് പുറമെ ചില ചരിത്രപശ്ചാത്തലം കൂടി ഇതിനു പിന്നിലുണ്ട്.

സ്വഹാബിമാരുടെ കാലത്ത് മുഅ്തസിലത്തിൽ പെട്ട ചിലർ അല്ലാഹുവിന് ഖുദ്റത്തുണ്ടെന്നതിനാൽ ഖാദിറായിക്കൊള്ളണമെന്നില്ല എന്ന് വാദിച്ചു. ഇത് പല മുസ്ലീംകളെയും ബാധിച്ചതിനാൽ പണ്ഡിതന്മാർ ഈ സ്വിഫത്തുകളെക്കൂടി ഉൾക്കൊള്ളിച്ചതാണ്.

## ഫിഅ്ലുകുല്ലിം മുകിനിൻ ഔതർകുഹു

അല്ലാഹുവിന്റെ ജാഇസായ ഏക സ്വിഫത്താണിത്. അല്ലാഹുവിന്റെ പരമാധികാരം സ്ഥിരപ്പെടുത്തുന്നതും, യാതന, സമാധാന വേളകളിൽ സൃഷ്ടികളെ സമാശ്വസിപ്പിക്കുന്നതുമാണിത്. സാധ്യമായതെന്തും പ്രവർത്തിക്കാനും പ്രവർത്തിക്കാതിരിക്കാനുമുള്ള അവകാശം അല്ലാഹുവിന് മാത്രമുള്ളതാണ്. സൃഷ്ടികൾക്കാർക്കും ഈ വൈശിഷ്ട്യത്തിൽ അല്ലാഹുവിനോട് തുല്യത പ്രഖ്യാപിക്കാനാവില്ല.

ഒരാളെ ധനികനാക്കാനും മറ്റൊരാളെ ദരിദ്രനാക്കാനുമുള്ള

പരമാധികാരം അല്ലാഹുവിനുള്ളതാണ്. മറ്റൊരുത്തന്റെ പ്രവർത്തി കൊണ്ടും പരമാധികാരിയായ അല്ലാഹുവിന്റെ തീരുമാനം തട്ടിമാറ്റപ്പെടുന്നതല്ല. അല്ലാഹു കൊടുത്തതിനെ തടയുന്നവനോ, നൽകാത്തതിനെ കൊടുക്കുന്നവനോ ഇല്ല തന്നെ. പക്ഷെ കാര്യകാരണം ബന്ധപ്പെടുത്തി തീരുമാനമാക്കുന്ന, തന്ത്രജ്ഞനായ അല്ലാഹു മനുഷ്യന് ഒരു മൈക്രോ പോയിന്റ് സെലക്ഷൻ പവർ നൽകിയിട്ടുണ്ട്. അതിലൂടെ മാത്രമാണ് മനുഷ്യൻ ഗുണവാനും ഗുണരഹിതനുമായി വിലയിരുത്തപ്പെടുന്നത്.

അല്ലാതെ അല്ലാഹുവിന് തോന്നുന്നവരെ സദ്‌വഴിക്ക് നടത്തി സ്വർഗം കൊടുക്കുന്നു, അവന് തോന്നുന്ന മറ്റു ചിലരെ ദുർവഴിക്ക് തെളിച്ച് നരകം നൽകുന്നു. ഇത് ദൈവിക തന്ത്രമാകില്ല. ഖുർആൻ പറയട്ടെ, “ഒരു സമുദായത്തെയും നാം പരിവർത്തിച്ചിട്ടില്ല. അവർ അവരുടെ അടുക്കലുള്ള ഒന്നിൽ മാറ്റം വരുത്തിയിട്ടല്ലാതെ” ഈ സൂക്തം നമ്മെ പഠിപ്പിക്കുന്നത് മേൽ പറഞ്ഞ സെലക്ഷൻ പവറിനെയാണ്. ഇരുമാർഗങ്ങൾ അവൻ കാണിച്ചുതന്നു. നല്ലതും, തീതയും ചൂണ്ടി കാണിച്ചു. ഒപ്പം സെലക്ഷൻ പവറും തന്നു. മനുഷ്യൻ സെലക്ട് ചെയ്യുന്നു. അവന്റെ സെലക്ഷനനുസരിച്ചവനെ അല്ലാഹു വഴി നടത്തുന്നു.

പക്ഷെ സൃഷ്ടികൾക്ക് ഗുണം ചെയ്യൽ അല്ലാഹുവിന് നിർബന്ധമാണെന്ന ചില വാദക്കാരുണ്ട്. അവർ അവരുടെ ചിന്തയിൽ വന്ന കാർക്കശ്യം പരമാധികാരിയായ അല്ലാഹുവിനു മേൽ വച്ചു കെട്ടുകയാണ്. പരമാധികാരിയായ അല്ലാഹുവിന് കുറെ ഗുണം ചെയ്തവനെ നരകത്തിലിടാം, ദോഷം ചെയ്തവനെ സ്വർഗത്തിലുമാക്കാം. മനുഷ്യ ബുദ്ധി അതിനെ അനീതി എന്ന് വിളിച്ചേക്കാം. എന്നാൽ പരമനീതി കേന്ദ്രത്തിന്റെയടുക്കൽ തെളിയുന്ന പലതും ലോകത്തെ ഇസ്സാനാറ്റകളായ നമുക്ക് തിരിഞ്ഞു കൊള്ളണമെന്നില്ല. മൃഗം മരിക്കുന്നു. മൃഗ സംഗമം അത് ദൈവനീതിയായി പ്രഖ്യാപിക്കുന്നു. മനുഷ്യൻ അത് ഭുജിക്കുന്നു, വിശപ്പടക്കുന്നു. അതിനാൽ ആഭക്ഷണം നൽകിയത് ദൈവനീതിയായി ഘോഷിക്കുന്നു. സൃഷ്ടി നീതികൾ മുഴുവൻ ആപേക്ഷികതയിൽ തറഞ്ഞു നിലം പതിക്കുന്നു. ആപേക്ഷികതകളില്ലാത്ത ദൈവനീതി പ്രാപിക്കാൻ സൃഷ്ടികൾക്കാകുന്നില്ല. “മനുഷ്യൻ അബലനായി സൃഷ്ടിക്കപ്പെട്ടു”. ദൈവനീതിയെ ഉൾക്കൊള്ളാനുള്ള ശേഷിപോലും അവനില്ല.

ഇലാഹീ വൈശിഷ്ട്യങ്ങൾക്കെല്ലാം മുമ്പിൽ മനുഷ്യൻ

കഴിവുകേട് സമ്മതിച്ച് തലകുനിക്കുന്നു.

നാഥാ ഞങ്ങൾക്ക് സ്വർഗം തരൽ നിനക്ക് ബാളസാണ് നിന്നെ ആരും അതിന്റെ പേരിൽ ആക്ഷേപിക്കില്ല. ഞങ്ങൾക്കും സ്വർഗപ്രവേശം ഔദാര്യമായി തരണേ അല്ലാ.........

## ചില സ്വിഫത്തുകൾ കൂടി

ഖുർ ആനിൽ വന്ന ചില വൈശിഷ്ട്യങ്ങൾ വളച്ചൊടിച്ച് കേവലം ഒരു ചബാല സൃഷ്ടിയെപ്പോലെ ദൈവസങ്കല്പങ്ങളെ മാറ്റുന്നവരുണ്ട്. അവർ ഖുർ ആനിനോടും അല്ലാഹുവിനോടും അനീതികാട്ടിയവരാണ്. എന്നാൽ ആ ആയത്തുകളുടെയും വിശേഷണങ്ങളുടെയും നിജസ്ഥിതി ഒന്നു മനസ്സിലാക്കാം.

ഖുർ ആനിലെ ആയത്തുകൾ രണ്ട് വിധമാണ്. ഒന്ന് - "മുഹ്കമ്" രണ്ട്-മുതശാബിഹ്. ഖുർആൻ തന്നെ പറയുന്നു. "മുതശാബിഹും മുഹ്കമും ആയ ആയത്തുകളാലുള്ള ഖുർആൻ നാം അവിടുത്തേക്കിറക്കിത്തന്നു."

## മുഹ്കമ്

വിധി വിലക്കുകൾ ഉൾകൊണ്ടതും വ്യാഖ്യാനങ്ങളെ കൊണ്ട് മനസ്സിലാക്കുന്നതുമാണിവ. ജീവിത വിധി വിലക്കുകളെല്ലാം ഇത്തരം ആയാത്തുകളിൽ ഉണ്ട്.

## മുതശാബിഹ്

വിധിവിലക്കുകൾ ഉൾക്കൊള്ളാത്തതും എന്നാൽ ഖുർആനിന്റെ അസാധാരണത്വം എന്നോണം അല്ലാഹുവിന് മാത്രം അറിയുന്നതുമായ ആയതുകളാണിവ. അക്ഷരങ്ങൾ കൊണ്ടുള്ള സൂറ: ആരംഭങ്ങളും അല്ലാഹുവിന്റെ ചില സ്വിഫത്തുകൾ ഉൾക്കൊള്ളുന്ന സൂക്തങ്ങളും ഇതിൽപ്പെടുന്നു.

ഇനി ആയതുകളിൽ വന്ന ചില സ്വിഫത്തുകളും അതിന്റെ സുന്നീ ഇതര വിശ്വാസവും നമുക്ക് നോക്കാം.

"ഇസ്തവാ അലൽ അർശി" ഖുർആനിലെ ഈ സൂക്തത്തിന് അല്ലാഹു സിംഹാസനത്തിൽ ആസനസ്ഥനായി എന്നാണ് വഹാബികളും മറ്റും അർത്ഥംവെക്കുന്നത്. എന്നാൽ ഇവിടെ ആസനസ്ഥനായി എന്നർത്ഥം വെച്ചാൽ ദൈവം ഒരു പീഢത്തിലിരി

ക്കാൻപോന്ന ഏതോ ഒരു സാധനമാണെന്നും, നമ്മെപ്പോലെ തടിയുള്ളവനാണെന്നും അർത്ഥം വരും. അതിനു പുറമെ ഒരു ഇരിപ്പിടത്തിലേക്ക് ആവശ്യമുള്ളവനാണെന്നും ഈ ചിന്ത ചെന്നെത്തിക്കും. അല്ലാഹുവിന് തടിയുണ്ടെന്ന് വാദിച്ചാൽ അവൻ ഇസ്‌ലാമിൽ നിന്ന് പുറത്തുമാകും.

ഇവിടുത്തെ സുന്നി വിശ്വാസം ഭദ്രമാണ്. "അർറഹ്മാനു അലൽ അർശിസ്തവാ" എന്നുള്ള സ്വിഫത്ത് അറിയപ്പെട്ടതാണ്. അതെങ്ങനെയെന്ന് അറിയപ്പെടാത്തതും ചിന്താതീതവുമാണ്. ഖുർആനിൽ വന്നതിനാൽ അങ്ങനെ (ഇസ്തവാ) ഉണ്ടെന്ന് വിശ്വസിക്കേണ്ടതുമാണ്. എങ്ങനെ എന്ന ചോദ്യം ബിദഅത്താണ് താനും. ഇബ്നു ഹജർ(റ) പറയുന്നു. അല്ലാഹുവിന്റെ സ്വിഫത്തുകൾ "തൗഖീഫിയ്യാണ് "അതായത് വന്ന അതേ പദത്തിൽ നിന്ന് പദപരമായ തെറ്റിക്കൽ(വ്യതിയാനം വരുത്തൽ) പോലും പാടില്ലാത്തതാണ്.

ഇൽമിൽ നിപുണരും അല്ലാഹുവുമല്ലാതെ അറിയില്ല ഖുർആൻ സൂക്തത്തിന്റെ വ്യാഖ്യാന  പ്രകാരം ചില പണ്ഡിതർ അതിന് സാധുവായ വ്യാഖ്യാനം നൽകിയിട്ടുണ്ട്.

ആ വ്യാഖ്യാനങ്ങളുടെ ഒക്കെ സത്ത അല്ലാഹു അർശിന്റെ മേലെയാണ് എന്നാണ്. സ്ഥലം കൊണ്ട് മേലെയാണെന്നല്ല മറിച്ച് സ്ഥാനം കൊണ്ട് മേലെയാണെന്നാണർത്ഥം.ഖലഫുകളുടെ കാലത്താണ് ഈ വ്യാഖ്യാനങ്ങൾ വന്നത്. കാരണം അന്നുള്ള പുത്തൻ വാദികൾ വ്യാഖ്യാനിച്ച് വികലമാക്കിയപ്പോൾ ഈമാനിൽ നിന്ന് പുറത്ത് പോകാത്ത വ്യാഖ്യാനം കണ്ടെത്തുക മാത്രമാണ് ഈ പണ്ഡിതർ ചെയ്തത്. അല്ലാഹു മനുഷ്യന് മേലെയാണ് സ്ഥാനത്തിൽ എന്നു പറയുന്നർത്ഥം ഈമാനിൽ വിരുദ്ധമല്ലാത്തതുപോലെയെ ആ അർത്ഥവും ഉള്ളൂ. അല്ലാഹു മനുഷ്യന്റെ തലയിലാണെന്ന് സ്ഥലപരമായി പറഞ്ഞാൽ അർശിന്മേൽ ഇരിക്കുന്നു എന്നതിന് സമാനവുമാണ്.

ആ മന്നാ ബിമാ അൻസൽ തവകറഹ്നാബിമാ കറഹ്തയാ അല്ലാ.

"യദുല്ലാഹി ഫൗഖ ഐദീഹിം"

ഇവിടെ അല്ലാഹുവിന് കൈയെന്നും മറ്റും അർത്ഥം. എന്നാൽ അല്ലാഹുവിന് കൈയുണ്ടെന്ന വാദം തൗഹീദിന് നിരക്കാത്തതും, അല്ലാഹുവിന്റെ കൈയാണ് എന്ന സാങ്കേതിക പ്രയോഗം നിരക്കുന്നതുമാണ്. ഒരാൾക്ക് നാട്ടിൽ നല്ല ഹാൻഡ് ആണെന്ന

പ്രയോഗം മാത്രമേ ഇവിടെയുള്ളൂ. ഇതൊരു സാമാന്യ ബുദ്ധിക്ക് നിരക്കുന്ന പ്രയോഗം മാത്രമാണല്ലോ. ഈ വ്യാഖ്യാനം ഉൾക്കൊള്ളാമെങ്കിലും ഇത് കൊണ്ടുള്ള യഥാർത്ഥ ഉദ്ദേശത്തിനു മുന്നിൽ മനുഷ്യൻ പൂർണ്ണമായും അജ്ഞനൊരാണ്.

ആകാശം അല്ലാഹുവിന്റെ വലംകൈകയ്യിൽ ചുരുട്ടപ്പെട്ടതാണ് എന്നാണതിന്റെ നേരെ പദാർത്ഥം. എന്നാൽ അല്ലാഹുവിന്റെ അധികാര ശക്തിയും പരമാധികാരത്വവും സൂചിപ്പിക്കുന്ന ഒരു വാചകമാണിത്. ഇതിൽ നിന്നും അല്ലാഹുവിന് കൈയുണ്ടെന്നും ആ കൈ ആകാശം ചുരുട്ടി പിടിക്കുന്നു എന്നും അർത്ഥം വെക്കൽ തെറ്റാണ്.

അല്ലാഹു ഇരിക്കുന്നു, കൈയുണ്ട്, കണ്ണുണ്ട്, വലം കൈയ്യിൽ ആകാശമാണ് എന്നിങ്ങനെ അല്ലാഹുവിനെ ഒരു രൂപമായി സങ്കല്പിക്കൽ അല്ലാഹുവിനോട് കാണിക്കുന്ന നിന്ദയാണ്. അർശാകുന്ന ഏറ്റവും വലിയ സൃഷ്ടിയെക്കാൾ മാഹാത്മ്യത്തിൽ മേലെയാണ് അല്ലാഹു എന്ന് ഒന്നാമത്തെ ആയത് പഠിപ്പിക്കുമ്പോൾ പ്രവാചകരുമായി ബൈഅത്തു ചെയ്യുന്നവരോട് പറയുന്നു, നിങ്ങൾ വാഗ്ദത്തം ലംഘിക്കരുത്. എന്റെ റസൂലിനോട് കരാറ് ചെയ്യുന്നത് എന്നോട് കരാറ് ചെയ്യുന്നതിന് തുല്യമാണ്. അപ്പോൾ നിങ്ങളുടെ കൈക്കുമേൽ എന്റെ കൈ എന്ന പ്രയോഗത്തിനും സമാനമാണ്. ആകാശം അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം നിസാരമായ ഒരു സൃഷ്ടി മാത്രമാണ് എന്നീ ആശയങ്ങളാണ് ഉദ്ധൃത സൂക്തങ്ങൾ പഠിപ്പിക്കുന്നത്. ഈ ആയത്തുകളിൽ നിന്നും അല്ലാഹുവിന് തടി സങ്കല്പിച്ചവരുടെ തടി അല്ലാഹു വിറകുകൊള്ളികളാക്കാതിരിക്കുമോ?

## ലാ ഇലാഹ ഇല്ലല്ലാ

സാക്ഷ്യ വാക്യത്തിന്റെ ഒന്നാം പദമാണിത്. ഇതിന്റെ സത്തയിലെ അല്പം കാര്യങ്ങൾ മാത്രമാണ് നാം ഇതുവരെ ചർച്ചചെയ്തത്. എന്നാൽ അല്ലാഹു എന്ന ഏക പരമ സത്തയെ മാത്രം ഞാൻ ആരാധ്യനായി അംഗീകരിക്കുകയും, മറ്റെല്ലാ ദൈവ സങ്കല്പങ്ങളെയും ഞാൻ നിഷേധിക്കുന്നു എന്നാണിതിന്റെ അർത്ഥം. ഈ സാക്ഷ്യ വാക്യത്തിന്റെ ക്രമീകരണം തന്നെ വളരെ അർത്ഥവത്താണ്. "അല്ലാഹു ഇലാഹാണ് "എന്നോ ഇലാഹ് അല്ലാഹു ആണ് എന്നോ അല്ല ഇവിടെ പ്രഖ്യാപിക്കുന്നത്. മറിച്ച് "ഒരിലാഹും ഇല്ല അല്ലാഹു അല്ലാഹു അല്ലാതെ." ഇതോടെ മറ്റെല്ലാ ഇലാഹീ വിശ്വാസങ്ങളുടെയും പ്രവേശന കവാടങ്ങളെ നിഷേധിച്ച് ഏകനായ അല്ലാ

ഹുവിനെ മാത്രം മനസ്സിൽ കുടികൊള്ളിക്കുകയാണ് ചെയ്യുന്നത്. മറ്റൊരു വാക്യം ഇവിടെ പ്രയോഗിച്ചാലും ഇത്രമാത്രം അർത്ഥവത്താകില്ല. ഇസ്‌ലാമിക വിശ്വാസത്തിന്റെ നെടുംതൂണാണിത്. ഭദ്രതയ്ക്ക് കോട്ടമില്ലാത്ത അടിത്തറ.

## പ്രാചീനതയിലെ ഏകദൈവസങ്കല്പങ്ങൾ

ആഫ്രിക്കൻ ആദിവാസികളുടെ (സുലുക്കളുടെ) ദൈവം ഉംവലിംക്വങ്ക് ആയിരുന്നു. ആരാണ് ഉംവലിംക്വങ്ക് എന്നവരോട് ചോദിച്ചാൽ അവർ പറയും ജനിക്കുകയോ, ജനിപ്പിക്കുകയോ ചെയ്തിട്ടില്ലാത്ത ഏകനും പരിശുദ്ധാത്മാവുമാണവൻ. അവനെ പോലെ ആരുമില്ല.

അവനെ പോലെ ആരുമില്ല എന്ന യഥാർത്ഥ തൗഹീദിയൻ വിശ്വാസമാണിവിടെ നിഴലിച്ചു കാണുന്നത്. ദൈവത്തിന്റെ സത്തയെ ഉൾക്കൊള്ളിക്കുന്ന അർത്ഥം തന്നെയാണ് 'ഉൻകുമ്മിൻ ക്വഹി' എന്നതിന്റെയും അർത്ഥം എന്ന് നമുക്ക് കാണാം.

ആസ്ട്രേലിയൻ കിരാതവർഗങ്ങളുടെ വിശ്വാസവും മറ്റൊന്നായിരുന്നില്ല. ബ്രഹ്മാണ്ഡ കടാഹത്തിലെ അഖിലവും പടച്ചു സംരക്ഷിക്കുന്ന ഏകസത്തയിലായിരുന്നു അവരും വിശ്വസിച്ചിരുന്നത്. (തർജമാനുൽ ഖുർആൻ)

നദീതട സംസ്കാരങ്ങളിൽ അധിവസിച്ചവരും അതിന്റെ സൃഷ്ടാവിനെയാണ് ആരാധിച്ചിരുന്നത്. ചരിത്രഫലകങ്ങളും അവിടെ നിന്നും ബിംബങ്ങളുടെ പൊടിപോലും കിട്ടാത്ത അവസ്ഥയും ഈ ചരിത്ര യാഥാർത്ഥ്യം തുറന്നു സമ്മതിക്കുന്നു.

ഇൻഡ്യയിലെ മതങ്ങളെ കുറിച്ച് പഠിച്ചാലും ഏക ദൈവ വിശ്വാസത്തിന്റെ അടിത്തറ കാണാവുന്നതാണ്. ഏക ദൈവത്തിൽ വ്യംഗ്യമായി ത്രിത്വം കടത്തികൂട്ടിയ ക്രിസ്ത്യാനിസവും ഏകമെന്നോ ബഹു എന്നോ തീർപ്പ് കൽപ്പിക്കാത്ത ഹിന്ദുമതവുമാണ് ഇവിടെ പ്രധാനമായും ഉള്ളത്.

ഇതിൽ നിന്നും ഏകത്വം എന്നത് ഉറച്ചതും ബഹുത്വം എന്നത് താർക്കികവുമാണെന്ന വസ്തുതയാണ് നമുക്ക് ബോദ്ധ്യപ്പെടുത്തുന്നത്.

## ദിവ്യനാമങ്ങൾ (അസ്മ ഉൽ ഹുസ്നാ)

അല്ലാഹുവിന്റെ ദിവ്യ നാമങ്ങൾ പറയാതെ ഈ വിഷയം പൂർത്തിയാകില്ല. അല്ലാഹുവിന് 99 നാമങ്ങളുണ്ട്. ആരെങ്കിലും അത് ഹൃദിസ്ഥമാക്കിയാൽ അവൻ സ്വർഗ പ്രവേശിയാകും. (ഹദീസ്) അല്ലാഹുവിന്റെ പ്രസ്തുത നാമങ്ങൾ അവന്റെ പരമ സത്തയുടെ പരമാം ഏകദൈവ വിശ്വാസത്തിന്റെ ഭദ്രതയും കാര്യം സൂക്ഷിക്കുന്നു. അസ്മാ ഉൽ ഹുസ്നായിലൂടനീളം അടിമ-ഉടമ ബന്ധം നിലനിർത്തുന്നതായി കാണാം. എന്നാൽ അതിനൊപ്പം തന്നെ സൃഷ്ടികളിൽ നിന്നവൻ വേർതിരിക്കുകയും ചെയ്യുന്നു. അല്ലാഹു: ഇലാഹി നാമങ്ങളിൽ വെച്ചേറ്റവും മഹത്തായ നാമമാണിത്. ഈ നാമത്തിൽ അവൻ മാത്രം ഒറ്റപ്പെടുന്നു. മറ്റെല്ലാ നാമങ്ങളുടെയും അർത്ഥങ്ങൾ ഉൾക്കൊള്ളുന്ന ഉത്കൃഷ്ട നാമമാണിത്. ഇതൊരു വിശേഷണമാണെങ്കിലും വ്യാപകമായി ഇത് അവന്റെ നാമമായി ഉപയോഗിക്കപ്പെടുന്നു. മറ്റെല്ലാ നാമങ്ങളിലും മധ്യവർത്തികൾ ഉണ്ടാകാമെങ്കിലും ഈ നാമത്തിൽ അതുണ്ടായിക്കൂടാ. എല്ലാ നാമങ്ങളും അവനോട് ചേർത്തതായി അറിയപ്പെടുമ്പോൾ അല്ലാഹു എന്ന നാമം അവനിൽ തന്നെയായി, അതിൽ മാത്രമായി അറിയപ്പെടുന്നു.

'അല്ലാഹു' എന്ന നാമം എല്ലാ ഭാഷയിലും അല്ലാ എന്നുതന്നെ. ദൈവമെന്നോ, ഗോഡ്' എന്നോ പരിഭാഷപ്പെടുത്തിയാൽ ഇതിന്റെ മുഴുവൻ അർത്ഥങ്ങളും അതിൽ ഉൾക്കൊള്ളുന്നില്ല. അല്ലാഹു എന്നതിന് യഥാർത്ഥത്തിൽ പരിഭാഷയില്ല. അതാണ് സീബവൈഹി പറഞ്ഞതും. "അഅ്റഫുൽ മആരിഫ്" വ്യക്തമായവയിൽ വെച്ചേറ്റവും വലിയ വ്യക്തമായത് അല്ലാഹുവാണ്.

ഈ പ്രഖ്യാപനം അദ്ദേഹത്തിന്റെ സ്വർഗപ്രവേശനത്തിന് കാരണമായി എന്നു പറയപ്പെടുന്നു. അല്ലാഹു എന്നതിന് ബഹുവചനമേയില്ല. ക്രിയകളുടെ പരിഗണനയിലുള്ള ഭൂതമോ, ഭാവിയോ, വർത്തമാനമോ ഇല്ല. അവൻ ഉള്ളത് പോലെ തന്നെ എപ്പോഴും നിലനിൽക്കുന്നു എന്ന് അല്ലാ എന്ന നാമം തന്നെ നമ്മെ പഠിപ്പിക്കുന്നു.

## അർറഹ്മാൻ, അർറഹീം

റഹ്മത് എന്നതിൽ നിന്ന് പിടിക്കപ്പെടുന്നതാണിത്. രണ്ടിന്റെയും നേരെ പരിഭാഷ കാരുണ്യവാൻ എന്നതാണ്. പക്ഷെ റഹ്മാൻ എന്നത്, ഗുണവാനെന്നോ ഗുണ രഹിതനെന്നോ വിവേചനം കൂടാതെ ഭൗതിക ലോകത്ത് ഗുണം ചെയ്യുക എന്ന അല്ലാഹുവിന്റെ കാരുണ്യത്തെ പ്രതിനിധാനം ചെയ്യുന്നു. അല്ലാഹു ഈ വിശേ

ഷണം ഇല്ലാത്തവനായിരുന്നെങ്കിൽ നമ്മുടെയൊക്കെ നിലനിൽപിന് അടിവേരുണ്ടാകുമായിരുന്നില്ല.

റഹീം എന്നത് പരലോകത്ത് മുഅ്മിനുകൾക്ക് മാത്രമായി അല്ലാഹു ചെയ്യുന്ന കാരുണ്യത്തെ പ്രതിനിധാനം ചെയ്യുന്നു. തിരികെ തരുവാൻ കഴിവില്ലാത്തവന് ഉപകാരം ചെയ്യുമ്പോഴാണ് കരുണ ചെയ്തു എന്ന് പറയുക. ഈ അർത്ഥത്തിൽ അല്ലാഹുവിന്റെ ആശ്രയ രാഹിത്യത്തെയും സൃഷ്ടികളുടെ പരാശ്രയ സ്ഥിതികളേയും തെളിയിക്കുന്നതാണ് ഈ നാമങ്ങൾ.

പരകോടി സൃഷ്ടികൾ അനവധി യാതനകൾ അനുഭവിക്കുന്നു. എന്നാൽ ഇവിടെ അല്ലാഹുവിന്റെ കാരുണ്യം എവിടെ? എന്ന് ചോദ്യം ഉയർന്നുവരുന്നു. ബുദ്ധിയെ ചിന്തിക്കാൻ വിട്ടാൽ ഈ ചോദ്യത്തിനുത്തരം കണ്ടെത്താം. രോഗശമനത്തിനായി ചെറിയ കുഞ്ഞിനെ ഡോക്ടർ ഇഞ്ചക്ഷൻ ചെയ്യുന്നു. കുട്ടി നിലവിളിക്കുന്നു. ഇത് കണ്ട് ഡോക്ടറെ കാരുണ്യ രഹിതനായി പ്രഖ്യാപിക്കാൻ പറ്റുമോ? റോഡിൽ നിസ്സഹായനായി ഒരാൾ മുറിവേറ്റു കിടക്കുന്നു. ഒരാൾ എടുത്ത് ഹോസ്പിറ്റലിൽ കൊണ്ടു ചെല്ലുന്നു. മരുന്നു തേച്ചപ്പോൾ രോഗി കരഞ്ഞു, ഇതിനാൽ ആരും ഈ കൊണ്ടുവന്ന ആളിനെ കാരുണ്യവാൻ എന്ന് വിളിക്കാതിരിക്കില്ല.

സ്ഥായിയായ ഒരു വിജയത്തിന് നിദാനമാകുന്ന താത്കാലികമായ ഒരു വേദന ആരും കുറ്റപ്പെടുത്തുന്നില്ല. ഇത് അല്ലാഹു തന്നെ പഠിപ്പിക്കുന്നു. ഒരാൾക്കും ഒരു ബുദ്ധിമുട്ടും സംഭവിച്ചിട്ടില്ല. "അക്കാരണത്താൽ പാപം പൊറുക്കപ്പെട്ടിട്ടില്ലാതെ." ഒരു മുള്ള് കൊള്ളുന്നതു വരെ പാപമോക്ഷത്തിന് കാരണമാണ്. (ഹദീസ്)

റഹീം എന്നതിന്റെ അർത്ഥം കാരുണ്യവാൻ എന്നാണ്. പക്ഷെ അല്ലാഹുവിന്റെ നാമം ഏറ്റവും കാരുണ്യവാൻ എന്നർത്ഥത്തിലാണ്. അതായത് അവനപ്പുറം ഒരു കാരുണ്യവാനില്ല. ഇതിനാൽ തന്നെ "റഹ്മാൻ" "റഹീം" എന്നീ നാമങ്ങൾ അല്ലാഹുവിന് മാത്രമെ പ്രയോഗിക്കുവാൻ പാടുള്ളൂ.

## അൽമാലിക് (രാജാധിരാജൻ)

സത്തയിലും ഗുണത്തിലും ആരുടെയും ആശ്രയം വേണ്ടാത്തവനാണ് യഥാർത്ഥത്തിൽ രാജാവാകുന്നത്. മറ്റു പലതിനും അവന്റെ ആശ്രയവും വേണം. ഇതിനാൽ തന്നെ ഈ പദവി ഒരു സൃഷ്ടികൾക്കും ലഭ്യമല്ല. പക്ഷെ ആപേക്ഷികതയെന്ന് നിബന്ധന

യുള്ള രാജക്കന്മാർ മാത്രമാണ് ഇവിടുത്തെ രാജാക്കന്മാർ. ഇക്കാരണത്താൽ തന്നെ ദാസന്മാരാരും തന്നെ പരിപൂർണ്ണ രാജാക്കന്മാരാവുകയില്ല. മറ്റു മനുഷ്യരെ അധികം ആശ്രയിക്കാതെ ജനങ്ങളാൽ ആശ്രയിക്കപ്പെടുന്നവനാണ് മനുഷ്യരിൽ രാജാവ്.

രാജാവെന്ന പദവി ജനങ്ങൾക്ക് ലഭിക്കാമെങ്കിലും രാജാധിരാജൻ എന്നത് അല്ലാഹുവിന് മാത്രമെ യോജിക്കൂ. കാരണം ഒരു രാജാവും മറ്റൊരു രാജാവിനടിമയാകുന്നില്ല. അഥവാ അടിമയായാൽ തന്നെ അവന്റെ രാജസ്ഥാനം നഷ്ടപ്പെടുന്നു. അല്ലാഹു എല്ലാ രാജാക്കന്മാരുടെയും രാജാവാണ്. ഭൂവില രാജാക്കന്മാരും അവന്റെ അടിമകൾ മാത്രമാകുന്നു. അപ്പോൾ സത്തയിൽ അവൻ മാത്രം രാജാവും സാങ്കൽപിക രാജാക്കന്മാരെ പരിഗണിക്കുമ്പോൾ അവൻ രാജാധിരാജനുമാകുന്നു.

## അൽഖുദ്ദൂസ്: പരിശുദ്ധൻ

ചിന്തയാലും, ചിന്തകരാലും പ്രാപ്യമല്ലാത്തവനും ചിന്തയിൽ ഉരുണ്ടുകൂടുന്നതോ ദൃഷ്ടികൾക്ക് നഗ്നമായതോ കർണശ്രാവ്യമോ സ്പർശനാത്മകമോ നാസികമോ ആയ എല്ലാ ന്യൂനതകളിൽ നിന്നും പരിശുദ്ധനുമാണവൻ. ഓരോ സൃഷ്ടിയും പൂർണ്ണതയെന്ന് ഒന്നിനെ കുറിച്ച് പറഞ്ഞാൽ അതവന്റെ സാഹചര്യത്തോടും അവസ്ഥയോടും ബന്ധപ്പെടുന്നു. അതേ വസ്തു തന്നെ മറ്റൊരുത്തന്റെ അവസ്ഥയും സാഹചര്യവും അപൂർണ്ണമെന്ന് വിധികൽപിക്കുന്നു. മൊത്തത്തിൽ രണ്ടും പൂർണ്ണമല്ലെന്നാകുന്നു. ഇങ്ങനെ വരുമ്പോൾ അല്ലാഹു ന്യൂനതകളിൽ നിന്ന് പരിശുദ്ധനായതുപോലെ സൃഷ്ടികൾ സങ്കൽപിക്കുന്ന പൂർണ്ണതകളെ തൊട്ടും പരിശുദ്ധനാകുന്നു.

മനുഷ്യൻ അവസ്ഥകളോടും സാഹചര്യങ്ങളോടും ബന്ധപ്പെട്ടുകിടക്കുന്നതിനാൽ അവന്റെ പൂർണ്ണതയും അവസ്ഥകളോട് ബന്ധപ്പെട്ടു കിടക്കുന്നു. ഒരാളുടെ ദൃഷ്ടിയിലെ പൂർണ്ണത മറ്റൊരാളുടെ ദൃഷ്ടിയിൽ അപൂർണ്ണതയാകുന്നു. മനുഷ്യൻ യഥാർത്ഥത്തിൽ അപൂർണ്ണനാകുന്നു. പൂർണ്ണനാകുക മനുഷ്യന് അസാദ്ധ്യമാണ്.

ജീവിതത്തിന്റെ ലക്ഷ്യത്തെകുറിച്ച് തികഞ്ഞ ബോധവും, അത് പ്രാപിക്കാനുള്ള തീവ്രയത്നവും കൈമുതലാക്കി, അനന്തമായ വിജയത്തിന്റെ മേച്ചിൽപ്പുറം തേടി താൽക്കാലികതയുടെ കെട്ടികുടുക്കുകളിൽ നിന്ന് രക്ഷനേടുന്നവനെ മനുഷ്യനിലെ പൂർണ്ണൻ എന്ന് വിളിക്കാം. മനുഷ്യൻ സൃഷ്ടിയായതിനാൽ സൃഷ്ടികളിലെ പൂർണ്ണൻ

എന്നോ അടിമകളിലെ പൂർണ്ണൻ എന്നോ മാത്രമെ ഇതിനർത്ഥം വരുന്നുള്ളൂ. ചിന്തയെ ശുദ്ധിയാക്കുന്നവന് മാത്രമെ ഇത് സാധൂകരിക്കാൻ കഴിയൂ. അപ്പോൾ ശുദ്ധമായ ചിന്തയും അതിനനുസൃതമായ പ്രവൃത്തികളും ഒരുവനെ പൂർണ്ണനാക്കുന്നു.

ഭൗതിക ശരീരവുമായി ബന്ധപ്പെട്ട മനുഷ്യ ചാപല്യങ്ങളെ അവഗണിച്ച് ആത്മീയലോകത്തിലെ പരിപൂർണ്ണതയോടെ തേടുന്നവൻ.

## (അസ്സലാം) പൂർണ്ണരക്ഷ

അല്ലാഹുവിന്റെ സത്തയും സിഫത്തുകളും ദോഷത്തിന്റെ എല്ലാ അവസ്ഥകളെ തൊട്ടും രക്ഷ പ്രാപിച്ചതാണ്. ഈ അർത്ഥത്തിൽ ചിന്തകൾ സംശുദ്ധവും അവയവങ്ങൾ പാപരഹിതവും കാര്യങ്ങൾ തലകീഴാകാതിരിക്കുകയും ചെയ്ത ഒരുത്തനെ കുറിച്ച് സൃഷ്ടികളിലെ സലാം എന്ന് വിളിക്കാം.

സൃഷ്ടികളുടെ രക്ഷയുടെയും ശിക്ഷയുടെയും അന്തിമ നിർണിതാവ് സൃഷ്ടി അല്ലാത്തതിനാൽ തന്നെ ഒരു സൃഷ്ടിക്കും പരമരക്ഷ വാദിക്കാനാവില്ല.

അല്ലാഹു തആലയെ സംബന്ധിച്ചിടത്തോളം അവൻ സ്വയം പരമരക്ഷ ഉള്ളവനാണ്. അവനെ ദോഷകരമായി ബാധിക്കാൻ അവനെപോലെ ആരുമില്ലല്ലോ. അവനുള്ളതൊക്കെ അവന് രക്ഷയാണ്. ചിലത് ദോഷമാക്കാൻ അവനെ ഭരിക്കുന്ന നിയമങ്ങളോ നിയമങ്ങളോ ഇല്ലല്ലോ. ഒരു അസാധ്യതയെ സങ്കൽപിക്കാൻ മാത്രം പാപം മസ്തിഷ്കത്തെ വിശാലമാക്കിയാലും അല്ലാഹുവിൽ ന്യൂനത കാണാവതല്ല. മറിച്ച് അല്ലാഹുവിന് മേലെ ഒരാൾ ഉണ്ടായിരുന്നെങ്കിൽ അല്ലാഹുവിന്റെ ന്യൂനത കാണാമായിരുന്നു. അങ്ങനെ വിശ്വസിച്ചാൽ മുക്തിയില്ലാശാസ്ത്രത്തെ മുറിവേൽക്കാത്ത ശാശ്വതനായി അല്ലാഹുവിനെ സങ്കൽപിക്കലാകും. യഥാർത്ഥത്തിൽ അവൻ അഖില ദോഷങ്ങളുടെയും ശാന്തിമാത്ര.

## അൽമുഅ്മിൻ

അല്ലാഹു അഭയദായകനാണ്. അഭയം പ്രാപിച്ചവനോ അഭയത്തിൽ കഴിയുന്നവനോ അല്ല. കാരണം ഭയമില്ലാത്തതാണ് എന്നതിൽ അല്ലാഹു ഒറ്റപ്പെടുന്നു. അഭയം തേടലിൽ സൃഷ്ടികൾ ഏകോപിക്കുന്നു. അപ്പോൾ അല്ലാഹു അഭയദായകനാകുന്നു. മനുഷ്യർ

പ്രകൃതിക്ഷോഭങ്ങളിൽ നിന്നും ഭയത്തിന്റെ എല്ലാ മുഖങ്ങളിൽ നിന്നും അഭയം തേടുന്നു. പ്രകൃതിയോട് യാതൊരു ബന്ധവുമില്ലാത്ത അല്ലാഹുവിനെന്ത് അഭയം. ഏകപക്ഷീയമായി സൈന്യത്തെ ഇളക്കിവിടുന്ന സൈന്യാധിപന് ഭയം വരുന്നില്ല. അതു പോലെ പ്രതിരോധിക്കപ്പെടാത്ത പ്രകൃതിക്ഷോഭം വിധിച്ച റബ്ബിനെന്തിനു ഭയം.

അല്ലാഹുവിന്റെ എല്ലാ പ്രവർത്തനങ്ങളും കാര്യകാരണ ബന്ധത്തിലധിഷ്ഠിതമാണ്. അവനെ കുറിച്ച് ശിക്ഷകനെന്ന് പറയാൻ പറ്റില്ല. ഒരാൾ ശിക്ഷിക്കപ്പെടുന്നത് കുറ്റം കാരണമാകുമ്പോൾ അയാളെ അടക്കിനിറുത്തുന്ന പ്രവൃത്തിയെ ശിക്ഷയെന്ന് പറയാൻ പാടില്ല. മറിച്ച് നീതിയെന്നേ പറയാനാവൂ. ശിക്ഷയുടെ വാതിലുകൾ എങ്ങനെയെല്ലാം അടക്കാൻ പഴുതുണ്ടോ, ആ വഴിക്കെല്ലാം അല്ലാഹു ദാസന്മാരെ രക്ഷിക്കുന്നു. അതിലൂടെ അവൻ ഏറ്റവും വലിയ രക്ഷകർത്താവാകുന്നു.

പൈശാചികത്വത്തിന്റെ പാതയിലേക്ക് ഊളിയിടുന്നവരെ കൈപിടിച്ച് അല്ലാഹുവിന്റെ മാർഗത്തിലേക്ക് നയിക്കുന്നവനാണ് സൃഷ്ടികളിൽ രക്ഷാകർത്താക്കൾ. കാരണം, ആഖിറത്തിലെ നിതാന്ത രക്ഷക്ക് പാകമാക്കുകയാണിവിടെ ചെയ്യുന്നത്. ഭൗതികലോകത്ത് യാതനയുടെ പാതയിലേക്ക് നയിക്കുന്നതാവും ചിലപ്പോൾ രക്ഷാദായകനാണ്. ഇവിടുത്തെ കഷ്ടതയായിരിക്കും നാളത്തെ രക്ഷക്ക് കാരണം.

അപ്പോൾ ഇന്നത്തെ ചെയ്തി നാളെ നീതിയും വിജയ മാർഗ്ഗവുമാകുന്നു. ഇന്ന് ആഢംബരത്തിൽ മുഴുകിയാൽ നാളെ അത് ശിക്ഷക്ക് കാരണമാകുന്നു. അപ്പോൾ ഇന്നത്തെ നീതി നാളത്തെ അനീതിയാകുന്നു. ആഢംബരത്തിലേക്ക് നയിച്ചവൻ ശിക്ഷാദായകനും.

## മുഹയ്മിൻ (സർവ്വരക്ഷകൻ)

സർവ്വ രക്ഷകൻ എന്നാണ് നേരെ അർത്ഥമെങ്കിലും സൃഷ്ടികളുടെ ആവശ്യം നിറവേറ്റുന്നവൻ എന്നാണിവിടെ ഉദ്ദേശം. സൃഷ്ടികളുടെ ആവശ്യം പൂർണ്ണമായും ഗുണകരമായി നിറവേറ്റാൻ ജ്ഞാനം, ശക്തി ഇവ അത്യാവശ്യമാണ്. സൃഷ്ടികളെ അറിയാനും ബുദ്ധിപരമായി പ്ലാൻ തയ്യാറാക്കാനും കഴിയുന്നതിന് പുറമെ നൽകാനുള്ള കഴിവും വേണം.

ഒരാൾ വഴിയിൽ മറ്റൊരാളുമായി തല്ലി അവശനായി കൊണ്ടി

ശിക്കുന്നു. മറ്റൊരാൾ കടന്നു വരുന്നു. അവശനായ ആളുടെ അവസ്ഥ അയാൾ മനസ്സിലാക്കി എന്ത് ചെയ്തു കൊടുക്കാനും തനിക്ക് കഴിവുണ്ട്.

ഇപ്പോൾ അയാൾക്കാവശ്യം അയാളുടെ രക്ഷയാണ്. അതിന് രണ്ട് വഴികളാണുള്ളത്. ഒന്ന് ആയുധം നൽകുക, രണ്ട് പിടിച്ചഭയം നൽകുക. ആയുധം നൽകിയാൽ പിടിച്ചുനിൽക്കാൻ ആരോഗ്യമില്ലെന്ന് തോന്നുന്നു. ഇവിടെ കടന്നുവന്ന മൂന്നാമനെ നമുക്ക് സൃഷ്ടികളിലെ മുഹയ്മിൻ എന്ന് വിളിക്കാം.

മറ്റുള്ള വിശേഷണങ്ങളെപോലെ പരാശ്രയനല്ലാത്ത പരമരക്ഷകൻ അല്ലാഹു മാത്രമാണ്. ദേഹവും ദേഹിയും രണ്ടായി കാണുകയും, ദേഹിയെ ദേഹത്തിന്റെ നിയന്ത്രിതാവാക്കുകയും ചെയ്താൽ ദേഹത്തിന്റെ രക്ഷക്കായി ചിന്തിക്കുകയും അതനുസരിച്ച് നടത്തുകയും ചെയ്യുന്നവനാണ് മനുഷ്യരിലെ രക്ഷകൻ.

## അസീസ്

പ്രതാപവാൻ: ദുർലഭവും അപ്രാപ്യവും ഗൗരവമേറിയതുമായ ഒരു സ്ഥാനം അർഹിക്കുന്നവനാണ് പ്രതാപവാൻ. പാത അത്യാവശ്യമല്ലാത്ത ദുർലഭങ്ങളും, അപ്രാപ്യമായ ഗൗരവങ്ങളും നബി(സ) യെ പിൻപറ്റുന്നു. പ്രവാചകൻ പറഞ്ഞു. (ഞാൻ ആദം സന്തതികളുടെ നേതാവാണ് ഞാൻ വീമ്പ് പറയുകയല്ല (ബുഖാരി) മുഹമ്മദ് (സ) ക്ക് തുല്യനായ ഒരു മനുഷ്യനും ഉലകത്തിന്റെ ഇന്നലെകളിലോ നാളെകളിലോ ഇല്ല. ഇന്ന് എന്നത് നാളത്തെ ഇന്നലെയും ഇന്നലത്തെ നാളെയുമാണല്ലോ?

## മുതകബ്ബിർ (മഹത്വം നടിക്കുന്നവൻ)

മഹത്വവും ഉന്നതിയും അവനു മാത്രവും, അതോടൊപ്പം അത് കരുതുകയും ചെയ്യുന്നവൻ. മനുഷ്യന് സ്വന്തമായി ഒന്നുമില്ലാത്തതിനാൽ കിബ്റ് നടിക്കാൻ പാടില്ല. കാരണം അവന്റേതെല്ലാമെന്നല്ല അവൻ തന്നെ അല്ലാഹുവിന്റെ ഔദാര്യമാണ്. ആരുടെയും സ്വത്തെടുത്ത് തന്റേതാക്കി ഹുങ്ക് നടിച്ചാൽ ഉടയവൻ വെറുതെ വിടുമോ? അതാണല്ലാഹു പറഞ്ഞത് കിബ്റെന്റെ തട്ടമാണ്. അതാരും ധരിക്കരുത്. അത് കുഫ്റിലേക്ക് നയിക്കുന്ന വഴിയാണ്. നമ്മുടെ അടിമത്വത്തെ പടച്ച റബ്ബിന് മുന്നിൽ സമ്മതിച്ചനുസരിച്ച് വസിക്കുവാനാണ്

യഥാർത്ഥത്തിൽ സംശുദ്ധവൻ. ഏകാധിപതിയായ ഭരണാധികാരിക്കു മുന്നിൽ താഴ്മയുടെ ചുവടുകളാണ് പരിഗണനീയമാകുന്നത്. അല്ലാഹു മാത്രമാണധികാരിയെന്നും ഞാൻ വെറുമൊരടിമയാണെന്നും ഉറച്ച് സമ്മതിച്ച് കീഴ്‌വണങ്ങിയില്ലെങ്കിൽ അവൻ ശിക്ഷാ നടപടി സ്വീകരിക്കും. അതിനാൽ നമ്മുടെ രക്ഷാനിദാനം യഥാർത്ഥ ഛത്രാധിപതികളുടെ മേൽക്കോയ്മ അംഗീകരിച്ചു കൊടുക്കലാണ്. അപ്പോഴേ നമ്മുടെ പ്രവർത്തനങ്ങൾ സൂക്ഷ്മവും ചലനങ്ങൾ ചിന്തിതമാവുകയുമുള്ളൂ. ചിന്തിതമല്ലാത്ത ചുവടുവെയ്പ്പുകൾ പിഴക്കാൻ സാധ്യതയേറെയാണ്.

## ഖാലിഖ് - ബാരിഅ് - മുസവ്വിർ

പരാശ്രയനല്ലാത്ത ഒരു സൃഷ്ടികർത്താവിന്റെ വിശേഷണമാണിത്. സൃഷ്ടിക്കാൻ പ്ലാൻ തയ്യാർ ചെയ്യുന്നു. പദ്ധതി നടപ്പാക്കുന്നു. കുറ്റമറ്റ രൂപകൽപ്പന നടത്തുന്നു. സഹായികളുടെയോ, പങ്കുകാരുടെയോ പിൻബലമില്ലാതെയാണിങ്ങനെനാഥൻ ചെയ്യുന്നത്.

മനുഷ്യനെ സൃഷ്ടിക്കുവാൻ അവൻ തീരുമാനിച്ചു. കളിമണ്ണിനോടവൻ പറഞ്ഞു. കളിമണ്ണ് പരിപൂർണ്ണനായ ആദമായി മാറി.

മനുഷ്യൻ പരസ്പരം ബന്ധപ്പെട്ട് സഹകരിച്ച് വസിക്കുന്നവനാകണം. സമൂഹങ്ങൾ ജനിക്കണം. മനസ്സുകൾ അടുക്കണം. അതിനാൽ തന്നെ മനുഷ്യനെ സൃഷ്ടിക്കുവാൻ തെരഞ്ഞെടുത്തത് പാറയോ, തടിയോ, ചരലോ അല്ല. മറിച്ച് ഒട്ടിച്ചേരുന്ന പ്രകൃതമുള്ള കളിമണ്ണിനെയാണ്. ഒരു കളിമൺകൂനയോട് ഒരായിരം മനുഷ്യനാകാനല്ല പറഞ്ഞത്. പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട ഒരു ചെറു ഭാഗം മണ്ണിനോട് ഒരു മനുഷ്യനാകാൻ കൽപ്പിച്ചു. അവൻ വസിക്കാൻ പോകേണ്ടിടത്തു നിന്നു തന്നെ അവനെ സൃഷ്ടിക്കാൻ മൂലകമെടുത്തു. അവിടെ തന്നെ അവനെ ദഹിപ്പിക്കാൻ ബാക്ടീരിയകളെ സംവിധാനിച്ചു.

ഇണയും തുണയുമാകാൻ തുണയെ ഇണയിൽ നിന്നു സൃഷ്ടിച്ച അല്ലാഹുവിന്റേത് അതിസൂക്ഷ്മമായ പ്ലാനിംഗും, പ്രാക്ടിക്കലുമാണ്.

മനുഷ്യനെ ഭൂമിയിലേക്ക് നിയോഗിച്ച റബ്ബ് അതി വിശിഷ്ടമായ സൃഷ്ടികർമ്മമാണ് നടത്തിയത്. ഭൂമിയെയും അതിലുള്ള ചരാചരങ്ങളെയും മനുഷ്യന് കീഴൊതുക്കി കൊടുത്തു. എന്നാൽ ശേഷിയിൽ മനുഷ്യനേക്കാൾ കഴിവുള്ള ആനയും സിംഹവുമുണ്ട്. മനുഷ്യനടുക്കാൻ പറ്റാത്ത തീഗോളങ്ങളുമുണ്ട്. പക്ഷെ ആ ശേഷികളെ മുഴുവൻ

കണ്ടെത്തുവാൻ പറ്റിയ ശേമുഷി അവന് കൊടുത്തു.

അവനെ നാഥൻ നിയോഗിച്ചത് തടിപിടിക്കാനല്ല. മലതുരക്കാനുമല്ല. മറിച്ച് അല്ലാഹുവിന്റെ വിശുദ്ധമതം വഹിക്കാനാണ്. അല്ലാഹു മനുഷ്യനെ അർത്ഥമായിട്ടാണ് സൃഷ്ടിച്ചത്. അതിനാൽ തന്നെ അവന്റെ ഹൃദയത്തിനാണ് വില നൽകിയതും. അല്ലാഹു നോക്കുന്നത് ഹൃദയത്തിലേക്കാണ്.

ചിന്തക്ക് വിശാലത നൽകിയ മനുഷ്യൻ തന്റെ കണ്ടുപിടുത്തങ്ങളിൽ അഹങ്കരിക്കാതിരിക്കാൻ അവനെ അശക്തതയോട് ബന്ധിച്ചാണ് സൃഷ്ടിച്ചത്. പരശ്ശതം ജീവികളെയും പരകോടി കിലോമീറ്റർ അന്തരംഗങ്ങളെയും കാണാൻ കഴിഞ്ഞ മനുഷ്യന് അവന്റെ സ്വന്തം ശരീരം സ്വന്തമായി ഒന്നു കാണാനുള്ള കഴിവ് നൽകിയിട്ടില്ല.

ഈ മഹാസൃഷ്ടി കർമത്തിനു പിന്നിലെ പരിപൂർണ്ണനായ ഖാലിഖ്, പക്വനായ ബാരിഅ്, അന്യൂനനായ മുസ്വവ്വിർ, അവനത്രെ അല്ലാഹു. അവനു മുന്നിൽ സർവ്വാത്മനാ ഞാൻ കീഴൊതുങ്ങുന്നു. മനുഷ്യന്റെ അന്തരംഗത്ത് തന്നെ ജീവിക്കുന്ന അനന്തകോടി സൂക്ഷ്മ ജീവികളെയും സൃഷ്ടിച്ച് സംരക്ഷിക്കുന്നതും ഇവൻ തന്നെ. മലക്കുകളെ സാധുവാകാൻ തക്ക രൂപത്തിൽ തന്നെ പടച്ചു. അങ്ങനെ തന്നെ പിടിച്ചുനിൽക്കാനുള്ള കഴിവും നൽകി. അങ്ങനെ ഓരോ സൃഷ്ടികളെയും സൃഷ്ടിക്കൽ കൊണ്ടുദ്ദേശിച്ച ലക്ഷ്യത്തിനനുസൃതമായി രൂപകൽപന ചെയ്തു. ക്ലോണിംഗിനെ മറികടക്കുന്ന സൃഷ്ടികർമമോ? സർവ്വാധിനാഥനായ സംവിധായകനില്ല തന്നെ.

## ഗഫ്ഫാർ

ഏറ്റവും പൊറുക്കുന്നവൻ. ഏറ്റവും കഴിവുള്ളതോട് കൂടി ഏറ്റവും പൊറുക്കുന്നവനാണ് അല്ലാഹു. അധികാരത്തിന്റെ എല്ലാ ചട്ടവുമുണ്ട്. എന്നിട്ടും നീതിയും എന്ന വശവും കവിഞ്ഞ് വിടുതി ചെയ്യുകയാണവൻ. ഏതെല്ലാം പഴുതുകളിൽ തന്റെ സൃഷ്ടിയെ രക്ഷിക്കാമോ ആ പഴുതുകളിലെല്ലാം സൃഷ്ടികളെ രക്ഷിക്കുന്നു. പാപങ്ങൾ എത്രയേറിയാലും ഒരു 'അസ്തഗ്ഫിറുല്ലാ' അർത്ഥഗർഭമാകുമ്പോൾ പാപകൂന ചാമ്പലാകുന്നു.

പാപമോചനത്തിനും വിടുതിക്കും അപേക്ഷിക്കും തോറും മനുഷ്യൻ കോപിക്കുന്നു. എന്നാൽ അല്ലാഹു ചോദിക്കാത്തവനോട് കോപിക്കുന്നു. അവൻ വിടുതി ചെയ്തതിനാൽ അവന്റെ സ്ഥാനം കുറയുകയോ ഏറുകയോ ചെയ്യുന്നില്ല. സംരക്ഷിതകളുടെ ന്യൂന

തകൾ മറച്ചുവെക്കാനും നന്മകളെ പുകഴ്ത്താനും കഴിവുള്ള മനുഷ്യനെ മനുഷ്യരിലെ ഗഫ്ഫാർ എന്നു പറയാം.

ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനെ കുറിച്ച് ചിന്തിക്കുന്നതിലും പരസ്പരം കാണാവതായതാൽ മനുഷ്യ സമൂഹത്തിന്റെ നിലനിൽപ് തന്നെ അവതാളത്തിലാണ്. ഇവിടെ തികച്ചും സർവ്വാധിനാഥനായ അല്ലാഹു ഒരു ഗഫ്ഫാറിന്റെ റോളാണ് അഭിനയിക്കുന്നത്.

## ഖഹ്ഹാർ

സർവ്വ ശത്രുക്കളെയും അടക്കി വാഴുന്നവനാണ് ഖഹ്ഹാർ എന്ന് പറയുന്നത്. അല്ലാഹു അവന്റെ പ്രവാചകന്മാരിലൂടെ അവതരിപ്പിച്ച ആശയങ്ങളെ പല സമുദായങ്ങളും എതിർത്തു. യഥാർത്ഥത്തിൽ ഇത് നാഥനായ റബ്ബിനോടുള്ള എതിർപ്പായിരുന്നു. അവരെ അവൻ വേണ്ടവണ്ണം കൈകാര്യം ചെയ്തു. ചിലരെ കുരങ്ങന്മാരാക്കി. ചിലരെ തൂഫാനിലൂടെ നശിപ്പിച്ചു. ചിലരെ അവൻ കല്ലെറിഞ്ഞു കൊന്നു. അവൻ അവനെ എതിർത്തവരെ അടക്കിഭരിച്ചു.

സൃഷ്ടികളിൽ നിന്നുള്ള ഖഹ്ഹാർ തന്റെ ശത്രുക്കളെ അടക്കിവാഴുന്നവനാണ്. മനുഷ്യന്റെ ഏറ്റവും വലിയ ശത്രു ദേഹേഛ കൽപിതനായ സ്വശരീരം തന്നെയാണ്. അതിനെ നിലക്ക് നിർത്തിയവൻ വിജയിച്ചു. ഖുർആൻ പറയുന്നു. "തസ്കിയത്ത് (ആത്മ സംസ്കരണം) നടത്തിയവൻ വിജയിച്ചു".

## വഹാബ്

പ്രതിഫലം പ്രതീക്ഷിക്കാതെ ദാനം ചെയ്യുന്നവനാണ് വഹാബ്. ഒരു രൂപാ നൽകൽ കൊണ്ട് പ്രതിഫലമായി പിന്നൊരിക്കൽ ഒരു രൂപയെ അതിന്റെ പേരിൽ ബഹുമാനമോ സ്ഥാനമോ പ്രതീക്ഷിക്കാത്തവനാണ് ഈ സ്ഥാനത്തിനർഹനാകുന്നവൻ. ഇപ്പോൾ ചെയ്തില്ലെങ്കിൽ അത് മോശമല്ലേ എന്ന രീതിയിൽ ചിലർ ചിലതൊക്കെ ചെയ്യുന്നു. ചെയ്യുന്നത് ആളുകളിൽ നിന്ന് ആക്ഷേപം കേൾക്കാതിരിക്കുക എന്ന നേട്ടം പ്രതീക്ഷിച്ചാണ്. അത് ഹിബത്താകില്ല. നമ്മൾ അല്ലാഹുവിനെ മാത്രം ലക്ഷ്യമാക്കി ഇബാദത്ത് ചെയ്യുന്നു. ഇത് ഹിബത്താണെന്ന് ചിന്തിച്ചേക്കാം. എന്നാൽ അടിമ യജമാനന് പാദ സേവ ചെയ്യുന്നത് അടിമയുടെ നേട്ടത്തിനാണ്. അവരുടെ പാദസേവകൊണ്ട് പകർച്ച വരാത്ത പരമാധികാരിയായ

അല്ലാഹുവിന് നാം വഴങ്ങുന്നത് വഴങ്ങാതിരുന്നാലുള്ള ശിക്ഷയിൽ നിന്ന് രക്ഷപകരമാകാനാണ്.

## റസ്സാഖ്

ഭക്ഷണദാതാവ്. അവനാണ് ഭക്ഷണം നൽകുന്നത്. ചിലർക്ക് നേരിട്ട് നൽകുന്നു. മറ്റുള്ളവർക്ക് മധ്യവർത്തികൾ വഴിയും. ഭക്ഷണമാവശ്യമായ ജീവികൾ എവിടെയായാലും അവൻ ഭക്ഷണം നൽകുന്നു. പക്ഷികൾ രാവിലെ കൂടുവിടുന്നു. അലക്ഷ്യമായ പ്രയാണത്തിൽ സൃഷ്ടാവതിന്റെ വയറു നിറയ്ക്കുന്നു.

മനുഷ്യ കുഞ്ഞിനെ നാഥൻ മാതാവിന്റെ വയറ്റിൽ ജനിപ്പിക്കുന്നു. പൊക്കിൾ വഴി ഒരു ഭക്ഷണസെല്ലിന്റെ കവാടം തുറന്നു കൊടുക്കുന്നു. ആവശ്യത്തിന് ഭക്ഷണം അവിടെ എത്തിക്കുന്നു. ജനിച്ചാലുടൻ ഉമ്മയുടെ നെഞ്ചിൽ തന്നെ മുലപ്പാൽ സംവിധാനം ഏർപ്പാടു ചെയ്തിരിക്കുന്നു. കുട്ടി അതിൽ നിന്നും വിശപ്പകറ്റുന്നു. അതിനെ തുടർന്ന് ഭൂമിയിൽ അവന് ഹോട്ടലുകൾ നിരവധി. ഏറ്റവും വലിയ ഭക്ഷണദാതാവായ അല്ലാഹുവിന്റെ അതുല്യത എത്രമാത്രം. ഏറ്റവും വലിയ ഭക്ഷണദാതാവായവൻ അല്ലാഹു ആയതിൽ തന്നെ എത്ര പണക്കാരനെയും പട്ടിണികിടത്താൻ അവൻ വിചാരിച്ചാൽ സാധിക്കുന്നു.

## അൽഫത്താഹ്

ഏറ്റവും തുറക്കുന്നവൻ എന്നാണർത്ഥം. എല്ലാവാതായനത്തിന്റെയും താക്കോൽ അല്ലാഹുവിന്റടുക്കലാണ്. അവൻ വിചാരിക്കാത്തതൊക്കെ അടഞ്ഞുകിടക്കും. പക്ഷേ അവന്റെ ഔദാര്യം കൊണ്ട് എത്രയെത്ര വാതിലുകളാണ് തുറക്കപ്പെട്ടത്.

ചന്ദ്രനിലേക്കും, ചൊവ്വയിലേക്കും മറ്റുമുള്ള വാതിൽ അവൻ മനുഷ്യന് തുറന്നു കൊടുത്തു. ഭൂഗർഭ അറകളിൽ മുഴുവൻ വാതിലുകളുടെയും സാക്ഷ നാഥൻ എടുത്തുമാറ്റിയിരിക്കുന്നു. ചിന്താ ചക്രവാളങ്ങളെ തന്നെ, പടച്ച തമ്പുരാൻ മനുഷ്യന് തുറന്നു കൊടുത്തു. അല്ലാഹുവിന്റെ റഹ്മാൻ എന്ന വിശേഷണവും, ഫത്താഹെന്ന വൈശിഷ്ട്യവും ഒരുമിച്ച് കൂടിയില്ലായിരുന്നെങ്കിൽ മനുഷ്യൻ ഇത്തരം കണ്ടുപിടുത്തങ്ങളൊന്നും നടത്തില്ലായിരുന്നു.

മനുഷ്യ ചിന്തക്കു മുന്നിൽ മർക്കടമായി കണ്ട വാതിലുകളെല്ലാം

നിസ്സാരമായി അവൻ തുറക്കുന്നു. കാരണം എല്ലാ വാതിലും അവന്റേതാണ്. എന്നിട്ടും തുറക്കപ്പെടാനാവാത്ത ഒരായിരം വാതായനങ്ങൾക്ക് മുന്നിൽ മനുഷ്യൻ നിസ്സഹായനായി കൈകൂപ്പി നിൽക്കുന്നു. ഞങ്ങൾക്ക് നീ വിജയത്തിന്റെ വാതായനങ്ങൾക്ക് തുറന്നുതാ നാഥാ.

## അലീം

ഏറ്റം അറിയുന്നവൻ എന്നാണർത്ഥം. സർവ്വതിന്റെയും സൃഷ്ടാവും പരിപാലകനുമായ നാഥൻ സകലതും അറിയുന്നു. കാലഭേദമില്ലാത്തവൻ എല്ലാ കാലങ്ങളിലെയും ജ്ഞാനിയാണ്. നിർണിതമായ കാലത്തിൽ മാത്രം വസിക്കുന്ന മനുഷ്യൻ, ഏതാനും ചിലതു മാത്രമറിഞ്ഞ് മൺമറയുന്നു. സൃഷ്ടികളുടെ ജ്ഞാനം മുഴുവൻ ഇട്ടാവട്ടത്തിൽ ഒതുങ്ങുന്നു. എന്നാൽ അല്ലാഹുവിന്റെ ജ്ഞാനം അനന്തമായി എന്നും അവശേഷിക്കുന്നു. സൃഷ്ടികളുടെ മുഴുവൻ ജ്ഞാനവും ആർജിതമാണെങ്കിൽ സൃഷ്ടാവിന്റേത് ആർജിതമല്ല.

## ഖാബിള്, ബാസിത്വ്

ചുരുക്കുന്നവൻ നീട്ടുന്നവൻ

ഇന്നത്തെ പരമ ദരിദ്രനെ നാളത്തെ കോടീശ്വരനാക്കുന്നു. അല്ലാഹു അവന്റെ യമീൻകൊണ്ട് ആകാശത്തെ നീട്ടി. മനുഷ്യന്റെ എല്ലും മുള്ളും എല്ലാം ഒരു കോശത്തിൽ ചുരുട്ടി വച്ചു. ഒരു കോശത്തിൽ നിന്ന് നീട്ടി നീട്ടി അവൻ മനുഷ്യനെ പൂർണ്ണനാക്കുന്നു. അന്ത്യനാളിൽ ആകാശ ഭൂമികളെ ചുരുട്ടി ഒതുക്കുന്നു.

അല്ലാഹു നീട്ടി തന്ന പല തലങ്ങളും നാം ഇന്നനുഭവിക്കുന്നു. ഇതെല്ലാം ഒരു ദിനം അവൻ തന്നെ ചുരുട്ടും ദൈവിക ചിന്തയിൽ ഹൃദയ വികാസം വരുത്തുന്നവരാണ് സൃഷ്ടികളിലെ ഖാബിളും, ബാസിതും. ഹൃദയമിടിപ്പിന്റെ ഉയർച്ചയും താഴ്ച്ചയും ബാസിതും ഖാബിളിലും അർത്ഥവത്താകുന്നു.

## അൽഖാഫിദ്, റാഫിഅ്

സത്യ നിഷേധികളെയും ദേഹേച്ഛ പിന്തുടരുന്നവരെയും അല്ലാഹു ഇകഴ്ത്തുന്നു. ഇഹപര ലോകങ്ങളിൽ അവൻ നിന്ദ്യത

നൽകുന്നു. അത് വ്യക്തമായ രീതിയാണ്. കാരണം മനുഷ്യൻ അവന്റെ സെലക്ഷൻ പവറിനെ ദേഹേഛക്കടിമപ്പെടുത്തുമ്പോൾ അവൻ പൈശാചിക മാർഗത്തിൽ പ്രവേശിക്കുന്നു. മറിച്ച് വിചാരത്താൽ നിയന്ത്രിക്കുമ്പോൾ പ്രവർത്തനങ്ങൾ വിചാരപരവും ചിന്തിതവുമാകുന്നു. ചിന്തിത പ്രവർത്തനങ്ങൾ ഏറെയും ഇലാഹീബന്ധിതമാകുന്നു. വികാരവും വിചാരവും തമ്മിലുള്ള മത്സരത്തിൽ വികാരം ജയിക്കുമ്പോൾ പൈശാചികാധിപത്യത്തിൽ അവൻ ഒതുങ്ങുന്നു. വിചാരം മുൻകടക്കുമ്പോൾ അവൻ ഇലാഹീയതയിൽ ഇഴുകിച്ചേരുന്നു.

കാര്യകാരണ ബന്ധത്തിലൂടെ മാത്രം നീങ്ങുന്ന നാഥൻ ഒരാളെയും അവൻ ചെയ്ത ദുഷ്ചെയ്തി കൊണ്ടല്ലാതെ നിന്ദിക്കുകയില്ല.

സത്യ മാർഗത്തിൽ നിലനിൽക്കുകയും, അസത്യത്തെ എതിർക്കുകയും ചെയ്യുമ്പോൾ അടിമയും ഈ വിശേഷണത്തിന് പാത്രമാകുന്നു.

## മുഇസ്സ്, മുദില്ല്

ഉദ്ദേശിച്ചവർക്കാധിപത്യം നൽകുകയും മറ്റുള്ളവരെ മേൽകോയ്മക്ക് കീഴിലാക്കുകയും ചെയ്യുന്നവൻ എന്നാണർത്ഥം. താത്കാലികമായ സൃഷ്ടിശ്രേഷ്ഠതകളിൽ കണ്ണുനട്ടിരിക്കാതെ നിദാന്ത പ്രതാപവാനായ അല്ലാഹുവിൽ അഭയം പ്രാപിച്ച് അവനിൽ മാത്രം ചിന്തിച്ചിരിക്കുന്നവനാണ് മനുഷ്യനിലെ ഇസ്സത്തുള്ളവൻ.

മഹാന്റെ വാക്യങ്ങൾ എന്ത അർത്ഥവത്താണ്

“ഈ ലോകം എത്ര നൈമിഷികം
ഇതിന്റെ പ്രേമി എത്ര നിന്ദ്യൻ”

പ്രതാപ പൂർണ്ണമായ ഒരു നാളേക്ക് വേണ്ടി ഇന്നിനെ കർമ്മമയമാക്കുവാൻ നാഥൻ തുണക്കട്ടെ. ഇന്നുകൾക്ക് നാളെയുണ്ട് . എല്ലാ ഇന്നുകളുടെയും നാളെ യാഥാർത്ഥ്യം ഏത് ഇന്നിന്റെ നാളെയാണ് യാഥാർത്ഥ്യമാകുക എന്ന് നമുക്കറിയില്ല. നാം ഇന്നുകളെ കർമ്മ സജ്ജമാക്കുക.

## സമീഅ്

പരിമിതമായ നമ്മുടെ ശ്രവണ കേന്ദ്രങ്ങൾക്കപ്പുറം വിശാലമായ ഒരു ശ്രാവ്യ കേന്ദ്രത്തിന്റെ ഉടമയായ സർവ്വശ്രാവ്യൻ ഉണ്ടെന്ന

ബോധം നമ്മുടെ വചസ്സുകളെ നിയന്ത്രിക്കണം. -സംഅ്- എന്നിടത്ത് കഴിഞ്ഞിട്ടുണ്ട്.

## ബസീർ (ബസ്വറിൽ ചർച്ച മുൻ കടന്നിട്ടുണ്ട്)

കാഴ്ചയും ദർശനേന്ദ്രിയവുമുള്ള മനുഷ്യനപ്പുറം, കാണുന്നത് മുഴുവൻ വ്യക്തമായറിയുന്ന ദർശനേന്ദ്രിയ രഹിതനായ കാഴ്ചക്കാരനാണ് അല്ലാഹു എന്നത് നമ്മുടെ ചെയ്തികൾക്ക് സൽകർമ്മ ചാരുത നിലനിർത്താൻ പ്രചോദനമാകണം. ഇരുട്ടും, ഇരുട്ടറയും രാത്രിയും, പാതിരാത്രിയും വിവേചനമില്ലാതെ കാണുന്നവൻ. അവനത്രെ ബസീർ

## ഹകം

അല്ലാഹു ഏറ്റവും വലിയ വിധി കർത്താവാണ്. "നാം ഒരു വിധികാൽ വിധിച്ചിരിക്കുന്നു". എന്തൊക്കെ എങ്ങനെയൊക്കെ ആകണമെന്ന് അല്ലാഹു അവിതർക്കിതമായി വിധിച്ചിരിക്കുന്നു. ഓരോ മനുഷ്യനും, ഓരോ സാധനവും അല്ലാഹുവിന്റെ മുൻ വിധി പ്രകാരമാണ് സഞ്ചരിക്കുന്നത്. തെറ്റും ശരിയും നന്നായി വേർതിരിച്ചറിയുന്നവനെ നന്നായി വിധി കൽപിക്കാൻ കഴിയൂ. തെറ്റും ശരിയും നിർണ്ണയിച്ചവനല്ലാതെ അത്ര നന്നായി അറിയുകയില്ല.

അല്ലാഹു എന്തു വിധിച്ചോ അതു പോലെയേ താൻ ആവുകയുള്ളൂ. അതിനാൽ നിഷ്ക്രിയത്വം സ്വീകരിക്കാൻ തീരുമാനിച്ചു കൂടാ. മനുഷ്യന്റെ സെലക്ഷൻ പവർ അനുസരിച്ചല്ലാഹു നടപ്പിലാക്കുന്നു. മനുഷ്യൻ രക്ഷിക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും നിദാനം ഈ മൈക്രോപോയിന്റാണ്. മനുഷ്യന്മാരുടെ ചെയ്തികാനുസൃതമായിട്ടാണ് നാം സമ്പൂർണ്ണ പ്രവർത്തനങ്ങൾ നടത്തിയതെന്ന് ഖുർആൻ തന്നെ പഠിപ്പിക്കുന്നു.

അല്ലാഹു വിധി കർത്താക്കളിൽ വെച്ചേറ്റവും വലിയ വിധി കർത്താവാണ്. അല്ലാഹുവിന്റെ വിധിയെ അനുകൂലമാക്കുവാൻ കൈക്കൂലിക്കോ ചാക്കിടലുകൾക്കോ സാധ്യമല്ല. അവന്റെ വിധിക്ക് മാറ്റം കൽപിക്കാനുള്ള ജൂറികളോ ബെഞ്ചുകളോ ഇല്ല തന്നെ. അവന്റെ വിധി അന്തിമവും അജയ്യവുമാണ്.

അല്ലാഹുവിന്റെ നിയമങ്ങളും വിലക്കുകളും മാനദണ്ഡമാക്കി വിധിക്കുന്നവനാണ് മനുഷ്യനിലെ യഥാർത്ഥ വിധികർത്താവ്. ഖുർ

ആര്‍ പറയട്ടെ. അല്ലാഹുവിന്റെയും റസൂലിന്റെയും വിധിക്ക് മാറ്റം കല്‍പിക്കാന്‍ ഒരു മുസ്‌ലിമിനും മുസ്‌ലിമത്തിനും അധികാരം ഇല്ല.

വിധിയില്‍ പക്ഷപാതത്തിനിടവരുന്ന ഒരു പ്രവൃത്തിയും ഖാളിയില്‍ നിന്നുണ്ടാവരുതെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. വിധിക്കപ്പെടേണ്ടവനില്‍ നിന്ന് ഒരു മിഠായി കൂടി സ്വീകരിക്കാന്‍ ഹാകിമിന് പാടില്ല. കാരണം വിധിയില്‍ അത് സ്വാധീനം ചെലുത്തിയാലോ ?

ഏറ്റവും വലിയ വിധിയുടെ നാള്‍ അന്ത്യദിനമാണ്. ഒരാളെ കൊന്നവനെയും നൂറാളെ കൊന്നവനെയും ഒരു പ്രാവശ്യം മാത്രം ഇവിടെ വധിക്കുന്നു. പൂര്‍ണ്ണമായും പ്രവൃത്തിക്കനുസൃതമായി വിധി കല്‍പിക്കാനുള്ള കോടതികള്‍ ഇവിടെയില്ല. ഇവിടെ വിധിച്ചവരെയും വിധിക്കപ്പെടുന്നവരെയും ഒന്നിച്ച് നാളെ നാഥന്‍ അന്തിമമായ വിധി നടത്തും. ഇവിടുത്തെ നിയമങ്ങളെ വെട്ടിച്ചാലും അവിടെ ഒളിച്ചോടാനാകില്ല. അതിനാല്‍ എന്റെ പ്രവൃത്തികള്‍ കുറ്റമറ്റതാകണം. ഇതാണിവിടെ ഒരു മുസ്‌ലിം ലക്ഷ്യമാക്കേണ്ടത്.

## ആദില്‍

നീതിമാന്‍ എന്നാണിതിന്റെ അര്‍ത്ഥം. അര്‍ഹമായ ശിക്ഷ നല്‍കാതിരിക്കുന്നവനെയോ, അനര്‍ഹമായ ശിക്ഷ നല്‍കുന്നവനെയോ നീതിമാനെന്ന് പറയാന്‍ പറ്റില്ല. മറിച്ച് അര്‍ഹമായ ഇളവും. ശിക്ഷയും നല്‍കുന്നവനാണ് നീതിമാന്‍.

ഇതിന്റെ വിപരീതമാണ് ളുല്‍മ് അഥവാ അക്രമം. അക്രമത്തിന്റെ അര്‍ത്ഥം ഒന്നിനെ അതിന്റേതല്ലാത്ത സ്ഥാനത്ത് വെക്കുക എന്നാണ്. മനുഷ്യന് വേണ്ടി ഉലകത്തെ മുഴുവനും പടച്ചു തന്നു. കാട്ടാനകളെ കാട്ടിലും, മനുഷ്യനെ വീട്ടിലും പാര്‍പ്പിച്ചു. മനുഷ്യന് നാസാരന്ധ്രങ്ങളും, കര്‍ണ്ണപുടങ്ങളും, കൈയ്യും, കാലും, കണ്ണും നല്‍കി. ഇവിടെ അവന്‍ ഉദാരനാണ്. ഇപ്പോഴുള്ള സ്ഥാനങ്ങളില്‍ ഓരോന്നിനെ ഫിറ്റ് ചെയ്തു. ഇവിടെ അവന്‍ നീതിമാനാണ്. കാരണം ഏതെങ്കിലുമൊരു അവയവം സ്ഥാനം തെറ്റുമ്പോള്‍ മനുഷ്യന്‍ മറ്റൊന്നാകയോ ആകുമായിരുന്നു.

അല്ലാഹു തികച്ചും നീതിമാനായ വിധികര്‍ത്താവാണ്. അവന്റെ സൂര്യതാപത്തെ അധികം ഏല്‍ക്കാന്‍ കഴിയാത്തവനെ സൂര്യനില്‍ നിന്നും പരകോടി കിലോമീറ്ററുകള്‍ അകലെയാക്കി.

രണ്ടു പരാതിക്കാര് ഇസ്‌ലാമിന്റെ കോടതിയില്‍ വന്നാല്‍ ഒരാളെ തന്റെ പേരിട്ടു കൊണ്ടും. അപരനെ ഇരട്ട പേരുകൊണ്ടും

വിളിച്ചുകൂടാ. കാരണം വിധികർത്താവിന് ഒന്നാമത്തെ ആളോട് മാനസിക താൽപര്യമുണ്ടെന്ന് മറ്റെയാൾ മനസ്സിലാക്കിയാലോ?

ഇത്രമാത്രം സൂക്ഷ്മമായി ഇസ്‌ലാമിക നീതി നടപ്പിലാക്കുന്നവനാണ് മനുഷ്യനിലെ നീതിമാൻ. അനീതികാരനായ വിധികർത്താവിനെ അല്ലാഹുവേണ്ടതുപോലെ കൈകാര്യം ചെയ്യുന്നതാണ്.

മനുഷ്യന് ഗുണമായി തോന്നുന്നതെന്തും നീതിയും, അലോസരമായി തോന്നുന്നതൊക്കെ അനീതിയുമാണെന്ന് ചിലർ ചിന്തിച്ചുവശാക്കിയിട്ടുണ്ട്. ഇതിനാൽ തന്നെ മനുഷ്യർക്ക് ഗുണം ചെയ്യൽ അല്ലാഹുവിന് നിർബന്ധമാണെന്നും അല്ലെങ്കിൽ റബ്ബ് അനീതിയാണ് ചെയ്യുന്നതെന്നും ചിലർ വാദിച്ചു. പക്ഷെ അവരുടെ ചിന്തക്ക് വാതം പിടിച്ചുപോയതാണ്.

നിസ്കാരം നിർവ്വഹിക്കാത്തവൻ സുഖലോലുപനായി ജീവിക്കുന്നു. ഇബാദത്തെടുക്കുന്നവൻ പട്ടിണിയിലും പരിവട്ടത്തിലുമായി നട്ടം തിരിയുന്നു. റബ്ബ് എന്ത് നീതിയാണ് ചെയ്യുന്നതെന്ന് ചിലർ ചോദിച്ചേക്കാം. എന്നാൽ പരമനീതിമാനായ നാഥന്റെ ന്യായതന്ത്രങ്ങൾ അൽപജ്ഞരായ നമുക്ക് തിരിയണമെന്നില്ല. ഇന്ന് നിന്ന് നിസ്കരിക്കുന്നവന് നാളെ സ്വർഗമാളിക കിട്ടുമ്പോൾ അപരൻ വിറകുകൊള്ളിയാകുന്ന ദിനം വരും. അപരനാൽ ആക്രമിക്കപ്പെടുമ്പോൾ ഒരു മുഅ്മിൻ ചിന്തിക്കട്ടെ. ആരോഗ്യമുള്ളവർ അടിച്ചമർത്തുമ്പോൾ മുസ്‌ലിം മനസ്സ് തുറക്കട്ടെ. പരമ നീതിമാനായ അല്ലാഹു നീതി വിധിക്കുമ്പോൾ എനിക്ക് ആസ്വദിക്കാം. ഇതും അവന്റെ നീതിയാണ്. മനുഷ്യർ മാത്രമാണനീതി കാണിച്ചത്.

ഇബ്റാഹിമുല്ലഖാനിയുടെ വാക്കുകൾ ശ്രദ്ധേയമാണ്.

പ്രതിഫലം തന്നാൽ അത് പരമ ഔദാര്യം
പ്രതിശിക്ഷ തന്നാൽ അത് പരമ നീതിയും
(ജൗഹറത്തുത്തൗഹീദ്)

## ലത്വീഫ്

ജ്ഞാനത്തിലും പ്രവൃത്തിയിലും അതിസൂക്ഷ്മത പാലിക്കുന്നവനാണ് ലത്വീഫ്. ഇത് സൃഷ്ടികൾക്ക് സാധ്യമല്ല. കാരണം അല്ലാഹുവിന്റെയടുക്കൽ മറഞ്ഞതില്ല എല്ലാം പരസ്യമാണ്. അവന്റെ പ്രവൃത്തികൾ അവന്റേത് സ്വന്തമാണ്.

ലുത്വുഫെന്നാൽ ലോലത എന്നർത്ഥം. ഈ നിലക്ക് നാഥൻ മനു

ഷ്യരോട് എത്ര ദയമാണ് കാണിച്ചത്. ഔദാര്യങ്ങളുടെ ഭണ്ഡാരങ്ങൾ തുറന്നു കൊടുത്തിട്ട് വെറും നിസാരമായ നിർബന്ധകർമ്മങ്ങളാണ് നിർവ്വഹിക്കാൻ പറഞ്ഞത്. മനുഷ്യനും അവന്റേതും എല്ലാം അല്ലാഹുവിന്റേതാണ്. എന്നിട്ട് 5 നേരത്തെ അതിമയമായ നിസ്കാരം നിർബന്ധിച്ചു. സ്വന്തമായ സമ്പത്ത് മുഴുവൻ കൊടുത്തിട്ട് അതിലെ ഒരു ചെറിയ ശതമാനം സകാത്ത്, അതും ഒരു കൊല്ലം തികഞ്ഞാൽ. മനുഷ്യൻ അനുഭവിക്കുന്ന നിഅ്മത്തുകളുടെ ആയിരത്തിലൊരംശത്തിന് ടാക്സാകാൻ പോലും പാകമല്ലാത്ത ഇബാദത്ത് അത് മാത്രമെ അവൻ ആവശ്യപ്പെടുന്നുള്ളൂ. 24 മണിക്കൂറിൽ നിന്ന് വെറും 25 മിനിട്ട് മാത്രമേ നമിക്കാൻ പറഞ്ഞുള്ളൂ. 365 ദിവസത്തിൽ നിന്ന് വെറും 30 ദിവസത്തെ പകൽ പട്ടിണിയും.

നമുക്കായി എല്ലാം ചെയ്ത് തന്ന അല്ലാഹു, അവനു വേണ്ടി ഒന്നും ചെയ്യാൻ കൽപ്പിക്കുന്നില്ല. നാം ചെയ്യുന്ന ഇബാദത്തിലും ഫലം നമ്മുക്കു തന്നു. റബ്ബിന്റെ ഔദാര്യമറിഞ്ഞ് അവനോട് സ്നേഹം വെക്കാൻ അവന്റെ കൽപ്പനകളെ വണങ്ങാൻ മനുഷ്യൻ ഇതിൽ നിന്നും പാഠമുൾക്കൊള്ളണം.

## ഖബീർ

ഈ പദം അലീമിന്റെ അർത്ഥത്തിലാണെങ്കിലും അധികം അറിയുന്നവൻ എന്ന വിശാലത ഇതിനുണ്ട്.

മനുഷ്യൻ അവന്റെ അന്തരംഗത്തിൽ അരങ്ങേറുന്ന അഭിനയങ്ങൾ ആത്യന്തികമായി അറിഞ്ഞ് ചികിത്സിക്കുമ്പോഴാണ് യഥാർത്ഥത്തിൽ ഖബീർ ആകുന്നത്. ഇല്ലാത്ത ആത്മാർത്ഥത പുറത്ത് കാട്ടപ്പെടുമ്പോൾ നാം അതറിയാതെ പോകുന്നു. സ്വശരീരത്തെ സസൂക്ഷ്മം നിരീക്ഷിച്ചു നിയന്ത്രിക്കുന്നവൻ ഖബീറാകുകയും അവൻ ഖബീറിനോടടുക്കുകയും ചെയ്യുന്നു.

## ഹലീം

സഹനശാലി എന്നാണിതിന്റെ അർത്ഥം. സത്യാസത്യധാരകൾ സുവിദിതമായി മനുഷ്യനു മുന്നിൽ വിശദീകരിച്ചുകൊടുത്തു. എന്നിട്ടും അധികപേർ അവനോട് നന്ദികേട് കാണിച്ചു. അല്ലാഹു നൽകിയ വായു ശ്വസിച്ചും ജലം കുടിച്ചും ഭക്ഷണം കഴിച്ചും അല്ലാഹുവിനെ അവർ കളവാക്കി. അവന്റെ ഇലാഹിയ്യത്തിനെ അവർ നിഷേധിച്ചു. പക്ഷെ ക്ഷമാശാലിയായ അല്ലാഹു അവരെ നിലംപരി

ശാഠ്യമില്ല. കോപം മറിച്ചില്ല. മനുഷ്യകുലത്തെ ഒന്നായി നശിപ്പിച്ചില്ല. മറിച്ച് അവൻ ക്ഷമിക്കുന്നു. സഹിക്കുന്നു. അവനധികാരക്കുറവുണ്ടായിട്ടല്ല. ശേഷിമോശം കൊണ്ടുമല്ല.

ഒരാൾ മറ്റൊരാളെ ആക്രമിച്ചു. ആക്രമിക്കപ്പെട്ടവന് കൈയൂക്കില്ല. അതിനാലവൻ തിരിച്ചൊന്നും ചെയ്തില്ല. ഇതിന് ക്ഷമിച്ചെന്നു പറയാൻ പറ്റില്ല. മറ്റൊരാൾ, അവൻ ആക്രമിക്കപ്പെട്ടു. സർവ്വവിധ ആരോഗ്യവും, ആയുധവുമുണ്ടായിട്ടും അവൻ തിരിച്ചൊന്നും ചെയ്തില്ല. ഇവനെ ക്ഷമാശാലി എന്ന് വിളിക്കാം.

നമ്മുടെ ചെയ്തികൾക്ക് നാം തിരിച്ചൊന്നും അനുഭവിക്കാത്തത് അല്ലാഹു സമാധാനിയായത് കൊണ്ടാണെന്നും വിധിയുടെ നാളിൽ അത് വീട്ടപ്പെടുമെന്നും നാം പാഠമുൾക്കൊള്ളുക. ഹലീം ആയതിനാൽ നമുക്ക് വിജയ പ്രതീക്ഷക്ക് വകയുണ്ടെന്നും ഇതിനാൽ ഇബാദത്തിനാൽ ദോഷങ്ങൾ പരിഹരിക്കപ്പെടാം എന്ന പ്രത്യാശക്കും ഈ വിശേഷണം പഴുതു തരുന്നു.

## അളീം

അർത്ഥ വ്യാപ്തിക്കും ആകാര വ്യാപ്തിക്കും ഇതുപയോഗിക്കും. അതിഗംഭീരൻ എന്നാണിതിന്റെ അർത്ഥം. മലപോലെ വലിയ സാധനങ്ങൾക്കും, പ്രത്യക്ഷത്തിൽ ചെറുതും അർത്ഥത്തിൽ വിശാലവുമായതിനും ഇത് സാധ്യമാകുന്നതാണ്. അല്ലാഹു അവന്റെ അർത്ഥം ഗ്രാഹ്യമല്ലാത്ത വിധം ഗോപ്യമാണ്. അവന്റെ കഴിവുകളോ അവനെ തന്നെയോ ആവാഹിക്കാൻ അവർക്കാഖിലർക്കും അസാധ്യമാണ്.

മനുഷ്യനിലെ ഗാംഭീര്യങ്ങൾ മുഴുവൻ ആപേക്ഷികമായിരിക്കും. ഒരാളെ അപേക്ഷിച്ച് മറ്റയാൾ ഗംഭീരനാകുമെങ്കിൽ വേറൊരാളെ അപേക്ഷിച്ചയാൾ ഗംഭീരനല്ലായിരിക്കാം.

സൃഷ്ടികളിൽ വെച്ച് അമ്പീമുകൾ പ്രവാചകരും ഔലിയാക്കളുമാണ്. അവരുടെ ഗോപ്യമായ അർത്ഥത്തിന് മുന്നിൽ തലകുനിക്കാത്ത വിജിഗീഷുക്കളില്ല. അവരുടെ വ്യക്തിത്വത്തിന് മുന്നിൽ പരിഭ്രമിക്കാത്ത ചിന്തകരോ അന്വേഷകരോ ഇല്ല. ഇലാഹി ബന്ധിതമായ അർത്ഥവ്യാപ്തിയുള്ളവരെ അസാധാരണ മനുഷ്യരെന്ന് ലോകം കൊട്ടിഘോഷിക്കുന്നു. ചിന്തകർ ആണയിടുന്നു. പ്രയത്നങ്ങളുടെയും ചിന്തകരുടെയും നിരോധിത മേഖലയായി നിത്യം അവശേഷിക്കുന്നു. പക്ഷേ മനുഷ്യൻ അറിയാത്തതിന്റെ ശത്രു ആണെന്ന്

പറഞ്ഞതുപോലെ ചില ഇതികർത്തികൾ യാഥാർത്ഥ്യത്തിന് മുന്നിൽ കണ്ണ് മുറുക്കിച്ചിമ്മുന്നു.

## ഗഫൂർ

ഗഫ്ഫാറിന്റെ അർത്ഥം തന്നെയാണെങ്കിലും പദക്രമിക അനുസരിച്ച് ചില പ്രത്യേകതകൾ ഉണ്ട്. ഗഫ്ഫാർ എന്നത് പൊറുക്കലിന്റെ എണ്ണവർദ്ധനവിനെയും ഗഫൂർ എന്നത് ഉൾസാരം വ്യാപ്തിയെയും സൂചിപ്പിക്കുന്നു.

## ശകൂർ

നന്ദിയുള്ളവൻ എന്നാണിതിനർത്ഥം. ചുരുങ്ങിയ കാല ഭൗതിക ജീവിതത്തിലെ നൈമിഷികമായ ഇബാദത്തിന് നിദാനവും നിത്യ സംതൃപ്തവുമായ സ്വർഗം തരുന്നു. ചെറിയ ചെറിയ മനുഷ്യനനുപേക്ഷണിയമായ കാര്യങ്ങൾ ഒരുനിയ്യത്ത് ചെയ്യലോടെ അവകൾ ഇബാദത്തിന്റെ വലിയ ഭണ്ഡാരങ്ങളായി മാറുന്നു. പ്രതിഫലമായി മഹാകാര്യങ്ങൾ ചെയ്തുതരുന്നു.

ഈ ഭൗതിക ജീവിതത്തിൽ നാഥൻ ചെയ്തു തന്ന നിഅ്മത്തുകൾക്ക് അത്യധികം ശുക്റ് ചെയ്യുന്നവനാണ് മനുഷ്യരിലെ ശകൂർ. പക്ഷെ ഒരു കണ്ണിന്റെ ശുക്റ്പോലും ജീവിത കാലത്തിൽ ചെയ്തു തീർക്കാനാവാത്ത മനുഷ്യൻ ആ ശുക്റ് ചെയ്താൽ തന്നെ അല്ലാഹു ആ ശുക്റിനും ശുക്റ് ചെയ്യുന്നു. നിങ്ങൾ ശുക്റുള്ളവരെങ്കിൽ നാം നിങ്ങൾക്ക് ഏറ്റി തരും (ഖുർആൻ). ഇത്രമാത്രം വിശാലമാണ് ശുക്റ്.

പരസ്പരം മനുഷ്യന്മാർ ശുക്റുള്ളവരാകണം. ഒരാൾ ഒരു നല്ലകാര്യം ചെയ്തുതന്നാൽ അനുഭവിച്ചവൻ ശുക്റിന് ബാദ്ധ്യസ്ഥനാകുന്നു. ശുകൂർ എന്ന ഇലാഹി വൈശിഷ്ട്യം ഇബാദത്ത് വർദ്ധിപ്പിക്കാനാണ് മനുഷ്യനെ പ്രേരിപ്പിക്കുന്നത്.

## അലിയ്

ഉന്നതൻ എന്നാണ് പദാർത്ഥം. സ്ഥാനങ്ങളിലും സാധനങ്ങളിലും ഉന്നതങ്ങളുണ്ട്. ചിന്തയിലും ഛന്ദയിലും ഉന്നതങ്ങളുണ്ട്. ഭാവനയിലും യഥാർത്ഥത്തിലും അത്യുന്നതങ്ങളുണ്ട്. ഇവയൊക്കാൾ ഉന്നതനാണല്ലാഹു. കാരണം അവൻ നയനങ്ങൾക്ക് ഗോചരമോ, ഇന്ദ്രി

യങ്ങൾക്ക് പ്രാപ്യമോ ചിന്താമണ്ഡലങ്ങൾക്ക് എത്തിപ്പെടാവുന്നതോ അല്ല.

അല്ലാഹു സ്ഥാനത്തിലുന്നതനാണെന്നതിൽ തർക്കമില്ല. പക്ഷെ ചിലർ സ്ഥലത്താൽ ഉന്നതനാണെന്നും സ്ഥലം സങ്കൽപിച്ചും കൊടുത്തിട്ടുണ്ട് അത് വിഡ്ഢിത്തമാണ്. സ്ഥലകാലബന്ധിയായി ഉണ്ടായവക്കല്ലാതെ സ്ഥലകാലാവശ്യമില്ല. സ്ഥലത്തിന്റെയും കാലത്തിന്റെയും സ്രഷ്ടാവും വിധാതാവുമായ അല്ലാഹുവിന് സ്ഥാനം നിർണ്ണയിക്കുന്നത് ബുദ്ധിശൂന്യമാണ്.

ഖുർആനിലെ ചില പ്രയോഗങ്ങൾ പദാർത്ഥത്തിൽ സ്ഥലോന്നത്യം ദ്യോതിപ്പിക്കുന്നതാണെങ്കിലും സ്ഥലാശ്രയനല്ലാത്ത അല്ലാഹുവിനെ കുറിച്ചാകുമ്പോൾ സ്ഥാനോന്നതമാണ് ഉദ്ദേശിക്കുന്നത്. പരം ഭാഷയുടെ സൗന്ദര്യവും ഗ്രാഹിക വശവും പരിഗണിച്ചാകണം പ്രയോഗങ്ങളിൽ അങ്ങനെ വന്നിട്ടുള്ളത്. ഈ യാഥാർത്ഥ്യം ചിന്തിക്കാതെപോയവരാണ് അല്ലാഹുവിനെ കസേരയിലിരുത്തിയതും മിമ്പറിൽ നിന്നിറങ്ങും പോലെ ഇറക്കിയതും

പക്ഷെ യഥാർത്ഥ ഇസ്‌ലാം അല്ലാഹുവിനെ ചെയറിലിരുത്തിയിട്ടോ, കൈയ്യിൽ പിടിച്ചിട്ടോ ഇല്ല. അല്ലാഹുവിന് ശരീരമുണ്ടെന്ന് വിശ്വസിക്കുന്നവർ വ്യക്തമായ പിഴവിലാണ്. അവരെ പിൻതുടരുവാനോ അവരോട് ചങ്ങാത്തം പുലർത്താനോ പോലും പാടില്ല.

## കബീർ

സത്തയിലുള്ള സമ്പൂർണ്ണതക്കാണ് ഇതുപയോഗിക്കുന്നത്. ആദിയോ അന്ത്യമോ ഇല്ലാത്തവനെന്ന നിലയ്ക്ക്. അല്ലാഹുവിന്റെ ഉണ്മ പരിപൂർണ്ണവും മഹത്വവുമാണ്.

സത്തയിലുള്ള തന്റെ സമ്പൂർണ്ണത അന്യരിലേക്കും കൂടി വ്യാപിപ്പിക്കുന്നവനാണ് മനുഷ്യരിലെ കബീർ. ബുദ്ധിയും സാമർത്ഥ്യവും അവൻ അതിനായി ഉപയോഗിക്കുന്നു. അന്യൂനമായ സത്തയിൽ അനന്തരവകാശമുള്ളവൻ അനാദ്യനും, അനന്തനുമായ അല്ലാഹു മാത്രമാണ്. അവന്റെ വിശിഷ്ടതയാണ് അവൻ ഉള്ളതാണെന്നത്. അവന്റെ ഉണ്മയ്ക്കയ്ക്ക് ഇന്നലകളോ നാളകളോ ഇല്ല. എല്ലാം ഇന്നുകളാണ്.

## ഹഫീള്

പരമ സൂക്ഷിപ്പുകാരന്റെ നാമമാണിത്. തണുപ്പിന് പരിഹാരമായി ചൂടും, തീ കെടുത്താനുള്ള വെള്ളവും അവൻ സൃഷ്ടിച്ചു. മനുഷ്യ ശരീരത്തെ ചൂട് തണുപ്പ് എന്നിങ്ങനെ സമ്മിശ്രമായ സൂക്ഷ്മ നിലയിൽ നിലനിർത്തുന്നു.

പരസ്പര വിരുദ്ധങ്ങളായ വസ്തുക്കൾക്കിടയിൽ സന്തുലിതത്വം നിലനിർത്തുന്നു. ഇടക്കാലത്തെങ്ങാനും ആരെങ്കിലും പരാജയപ്പെട്ടാൽ അവർക്ക് സഹായമെത്തിക്കുന്നു. രോഗാണുക്കൾക്കും ആരോഗ്യ സംരക്ഷിത അണുക്കൾക്കുമിടയിൽ സന്തുലിതത്വം നിലനിർത്തുന്നു. ആരെങ്കിലും പരാജപ്പെട്ടാൽ അവർ കുറച്ചാളെകൂടി ഇറക്കുമതി ചെയ്തുകൊടുക്കുന്നു.

പാപക്കിണറിൽ വീഴാതെ അവയവങ്ങളെ സംരക്ഷിക്കുന്നവൻ, മോശങ്ങളിൽ പെടാതെ ചിന്തയെ സൂക്ഷിക്കുന്നവൻ ഇവനാണ് മനുഷ്യനിലെ ഉന്നതൻ. വിശ്വാസ മോഷ്ടാക്കളായ പൈശാചിക വേട്ടക്കെതിരെ പരിച ഏർപ്പെടുത്തുന്നവനത്രെ ഹഫീള്.

## മുഖീത്

ഭക്ഷണം പടച്ചു ഭക്ഷിക്കേണ്ടവർക്കെത്തിച്ചു കൊടുക്കുക, അതിലേക്ക് ഭുജിപ്പിക്കുന്നവനാണ് മുഖീത് എന്നു പറയുന്നത്.

മേൽനോട്ടം വഹിക്കുക എന്നർത്ഥവും ഇതിനുണ്ട്. മേൽനോട്ടം വഹിക്കണമെങ്കിൽ ആദ്യം വഹിക്കാവുന്നതായ എന്തെങ്കിലും ഉണ്ടാവണം, അത് സ്വന്തമാവുകയും വേണം. അല്ലാഹു എല്ലാറ്റിന്റെയും ഉടമയായതിനാൽ തന്നെ എല്ലാത്തിന്റെയും മേൽനോട്ടക്കാരനുമാണ്. അവന്റെ മേൽകോയ്മ അംഗീകരിക്കാത്ത ആരും എവിടെയുമില്ല.

ധാന്യങ്ങൾ പൊടിച്ച് മനുഷ്യന്റെ വായിലെത്തുന്നു. അതിന്റെ ഉത്ഭവം മുതൽ ഇതുവരെ പ്രവർത്തിച്ച മൂലകങ്ങൾ എല്ലാം സർവ്വാധിനാഥന്റെ പൊടിക്കൈകൾ മാത്രം. ഒരു നേരം കഴിച്ച ഭക്ഷണത്തിന്റെ ഉറവിടം മുതൽ വായിൽ എത്തുന്നതുവരെയുള്ള സഞ്ചാരമാർഗം ചിന്തിച്ചാൽ അവസാനം എത്തുന്നത് ഈ സഞ്ചാരപഥം നിശ്ചയിച്ച തന്ത്രജ്ഞനായ ഭക്ഷണദാതാവിലേക്കാണ്. ഇലാഹിചിന്തക്ക് വഴിയൊരുക്കിയ സംവിധായകന്റെ മുന്നിൽ കൂപ്പുകൈകളോടെ അജ്ഞതയും അശക്തിയും ഞങ്ങൾ തുറന്നു സമ്മതിക്കുന്നു.

## ഹസീബ്

ഏവർക്കും മതിയായവനാണ് അല്ലാഹു. ഉമ്മയുടെ കൈയ്യിലിരുന്ന കുഞ്ഞിന് വിശക്കുമ്പോൾ തന്റെ പിതാവിനെ മതിയാകുന്നില്ല. അവൻ നിലവിളിക്കുന്നു. ചിലപ്പോൾ അവന് ഉമ്മയെ മതിയാകുന്നില്ല. ഭാര്യക്ക് ഭർത്താവിനെയും, ഭർത്താവിന് ഭാര്യയെയും, ആണുങ്ങൾക്ക് പെണ്ണുങ്ങളെയും തുടങ്ങി ഒരു സൃഷ്ടിക്കും ഒരു സൃഷ്ടിയും മതിയാകുന്നില്ല. കാരണം സഹായം തേടുന്നവനും തേടപ്പെടുന്നവനും സ്വയം മതിയാകാത്തവരാണ്. സ്വയം മതിയാകാത്തവന് മറ്റൊരുത്തനെ മതിയാക്കാനാവില്ല.

സ്വയം നിലനിൽക്കുന്ന നാഥനിലേക്ക് അടുക്കൂ. ഏവർക്കും അവൻ മതി. ആരെങ്കിലും അല്ലാഹുവിൽ സർവ്വാർപ്പണം നടത്തിയാൽ അവർക്കവൻ മതി. (ഖു:)

താൻ ആരെയോ ജനിപ്പിച്ചു, തന്നെ ആരോ ജനിപ്പിച്ചു. ഈ ബന്ധമേ മാതാപിതാക്കളും മക്കളുമായി വരുന്നുള്ളൂ. പക്ഷേ റബ്ബിന്റെയടുക്കൽ ആയാൽ എന്നെ ആരും ഉണ്ടാക്കിയില്ല, എനിക്കാരെയും വേണ്ടതാനും. ഞാൻ എന്റെ അടിമയെ പടച്ചു അവന് ഞാൻ പ്രശ്നപൂരണം നടത്തുന്നു.

## ജലീൽ

ശ്രേഷ്ഠതയുടെ എല്ലാ ഗുണങ്ങളും മേളിച്ചവനാണ് ജലീൽ എന്ന് പറയുന്നത്. നിരുപാധികമായ ജ്ഞാനം, സ്വയം പര്യാപ്തത, നിരാശ്രയത്വം ഇവ മേളിക്കുമ്പോൾ ജലാലിയത്ത് പൂർണ്ണമാകുന്നു.

അല്ലാഹു ശ്രേഷ്ഠനാണെന്നതിലുപരി ശ്രേഷ്ഠത അവൻ തന്നെയാണെന്ന് പറയാം. ശ്രേഷ്ഠതയുടെ ഗുണമാണ് സൗന്ദര്യം, ജമാൽ. അല്ലാഹു തആല നൽകിയ സൗന്ദര്യമാണ് ജീവികളുടേത്. എന്നാൽ അല്ലാഹുവിന്റെ സൗന്ദര്യം അവന്റെ സ്വന്തമാണ്. അതിനെ മറികടക്കുന്ന സൗന്ദര്യം ഇല്ലതന്നെ.

ശ്രേഷ്ഠതക്കുള്ള നിദാനം പരാശ്രയരാഹിത്യമാണ്. ആരെയും ആശ്രയിക്കാത്തവൻ അല്ലാഹു മാത്രമാണെന്നതിൽ ശങ്കയില്ല തന്നെ. സകലത്തിനെയും അടക്കിഭരിക്കുന്നു. ഏവരും അവന്റെ ആജ്ഞാനുവർത്തികളാകുന്നു. അവന്റെ പെർമിഷനില്ലാതെ ഒന്നും എവിടെയും സംഭവിക്കില്ല. പിന്നെന്തിനാണ് അവൻ ആശ്രയിക്കുന്നത്.

## കരീം

ആദരണീയൻ എന്നാണർത്ഥം. ആദരിക്കപ്പെടാൻ ചില മാനദണ്ഡങ്ങൾ ഉണ്ട്. അപരരെ സഹായിക്കുക, പ്രശ്നങ്ങൾ പരിഹരിക്കുക, തുല്യരില്ലാതിരിക്കുക, അറിവും തന്ത്രവും ഉണ്ടായിരിക്കുക തുടങ്ങി നീളുന്നു ആ പട്ടിക. ഇതെല്ലാം അതിന്റെ പരിപൂർണ്ണതയിൽ നിലകൊള്ളുന്നത് അല്ലാഹുവിൽ മാത്രമാണ്.

അതിനാൽ സത്യത്തിൽ ആദരണീയൻ അവനെ ഉള്ളൂ. ലോകം ആദരിക്കുന്നവരുടെയെല്ലാം ആദരണീയതക്കുള്ള മാനദണ്ഡം അല്ലാഹുവിൽ നിന്ന് ലഭിച്ചതാണ്. ആലിമിന്റെ ഇൽമും നേതാവിന്റെ നേതൃപാടവും അല്ലാഹുവിൽ നിന്ന് കിട്ടിയതാണ്.

മനുഷ്യരുടെ മനസ്സിനെ സ്വാധീനിക്കാൻ കഴിഞ്ഞ മനുഷ്യനാണ് മനുഷ്യർക്കിടയിൽ ആദരവ് പിടിച്ചു പറ്റിയവൻ. മാനസാന്തരത്തെ അധീനമാക്കാൻ ചെറുവേലകൾ കൊണ്ടൊന്നുമാവില്ല. ഹൃദയസ്പൃക്കായ സൽവൃത്തികൾ തന്നെ വേണം. അത് ചെയ്യൽ നല്ലൊരു വ്യക്തിത്വത്തിൽ നിന്ന് മാത്രമേ സാധിക്കുകയുള്ളൂ.

## റഖീബ്

ഏകാഗ്രമായി നിരീക്ഷിക്കുന്നവനാണ് ആ വിശേഷണം ലഭിക്കുന്നത്. പരിസരത്തെ കോലാഹലങ്ങൾക്കിടയിലും താൻ വീക്ഷിക്കുന്നതിൽ നിന്ന് ചിന്ത മാറാതെ സസൂക്ഷ്മം വിലയിരുത്തുന്നു. സ്ഥല കാല ബന്ധിതമല്ലാത്ത നാഥൻ അവന്റെ സൃഷ്ടികളിൽ സദാ റഖീബായിക്കൊണ്ടിരിക്കുന്നു.

ഭൗതികാഡംബരത്തിന്റെ ഇടിപ്പടക്കങ്ങളിലും മിന്നിത്തിളങ്ങലുകളിലും പതറാതെ സ്രഷ്ടാവായ നാഥനിൽ ചിന്ത അർപ്പിച്ചവനാണ് സൃഷ്ടികളിലെ റഖീബ്.

റഖീബായ റബ്ബാണ് തന്റേതെന്നും അവന്റെ അതി സൂക്ഷ്മമായ നിരീക്ഷണത്തിലും തന്നിൽ ഒരു ന്യൂനതയും ഉണ്ടാവരുതെന്ന് താൻ ഉറയ്ക്കണം. അത് ജീവിത ശുദ്ധിക്ക് നിദാനമാകും.

## മുജീബ്

വിളിക്കുത്തരം ചെയ്യുന്നവനാണല്ലാഹു. നാം എന്തു ചോദിക്കുന്നോ അതൊക്കെയും അവൻ കേൾക്കുന്നു, അതിനവൻ ഉത്തരം

ചെയ്യുന്നു. എന്നാൽ ചിലരൊക്കെ പറഞ്ഞേക്കാം ഞാൻ എത്ര ദുആ ചെയ്തു പക്ഷെ ഒന്നും എനിക്ക് ലഭിച്ചിട്ടില്ല? ഇതിനുത്തരം ആദ്യം നാം നമ്മോട് തന്നെ ചോദിക്കുക ദുആയുടെ ആത്മാർത്ഥത എത്രയുണ്ടായിരുന്നു എന്ന്.

ആത്മാർത്ഥമാണെങ്കിൽ തന്നെ നമ്മുടെ സങ്കുചിതമായ കാഴ്ചപ്പാടിൽ നേട്ടമാണെന്ന് കരുതുന്നതിൽ നാം അവനോട് ചോദിക്കുന്നു. ഉള്ളും പുറവുമറിയുന്ന നാഥൻ നാം ചോദിക്കുന്നത് നമ്മുക്ക് ഭൂഷണമായതല്ലെന്നറിഞ്ഞതിനാൽ താൽക്കാലം തരംതിരിക്കുന്നു. ഖിലത് നമ്മുടെ ഗുണം മാനിച്ച് തരുന്നു. നമ്മുടെ ദുൻയവിയായി കണ്ണിൽ കുടുക്കാണെന്ന് തോന്നുന്നതിൽ നിന്ന് നാം രക്ഷ ചോദിക്കുന്നു. ഏതായാലും ആത്മാർത്ഥമായ ഒരു ദുആയും അവൻ തട്ടില്ലെന്ന് തീർച്ചയാണ്. ഒന്നുകിൽ ചോദിച്ചത് അല്ലെങ്കിൽ ബോധിച്ചത് അത് രണ്ടുമില്ലെങ്കിൽ ആ വിധത്തിൽ പ്രതിഫലം തരും. ഇതാണ് ദുആയുടെ അവസ്ഥ.

ചോദിക്കും തോറും മനുഷ്യൻ വെറുക്കുന്നു. നാഥൻ അടുക്കുന്നു. നാഥനോട് ദുആ ചെയ്യുംതോറും നാം അവന്റെ ഇലാഹിയ്യത്ത് സമ്മതിക്കുന്നു. നമ്മുടെ നിസ്സഹായത തുറന്നടിക്കുന്നു. നാം നിസ്സാരമാണെന്ന ബോധം നമ്മിൽ ജനിക്കുന്നു.

## വാസിഅ്

വിശാലൻ എന്നാണർത്ഥം. അധികാരത്തിലായാലും, ജ്ഞാനത്തിലായാലും ഈ വിശാലതകളെ ഉൾക്കൊള്ളുന്നു. അവനില്ലാത്ത ഇൽമില്ല. അല്ലാത്ത രാജാവില്ല. അവന്റെ രാജപരിധി വിശാലമാണ്. കാരുണ്യവാൻ അവനാണ്. അവൻ ഉദ്ദേശിച്ചാൽ എല്ലാം ഒരു കുൻ കൊണ്ട് നശൂർണ്ണമാകുന്നു. ആ കുൻ കൊണ്ട് പതിന്മടങ്ങായി പുനർജനിക്കുന്നു. എല്ലാം അല്ലാഹുവിന്റെ പവറിന്റെ വിശാലതയാണ്.

ഇമാം റാസി പറയുന്നു, അല്ലാഹുവിന്റെ ജ്ഞാനം പാരാവാരം പോലെ വിശാലമാണ്. അതിൽ നിന്ന് നദി സമാനമായ ജ്ഞാനമേ നബിക്ക് നൽകിയിട്ടുള്ളൂ.

അതിൽ നിന്നുള്ള ഒരു തുള്ളിയെ ഇന്നുള്ള ജ്ഞാനം മൊത്തം കൂട്ടിയാൽ ഉണ്ടാകുന്നുള്ളൂ. എന്നിട്ടും ഇവിടെത്ര ആലിമുകൾ. അപ്പോൾ നാഥന്റെ ജ്ഞാനം എത്രവിശാലമാണ്.

## ഹകീം

യുക്തിമാനുള്ള നാമമാണിത്. യുക്തി യുക്തിയാകുന്നത് അതിനെ മറികടക്കുന്ന ശക്തി ഇല്ലാത്തപ്പോഴാണ്. സാധാരണ യുക്തിക്ക് പ്രാപ്യമല്ലാത്ത ഒരാശയം ഒരാൾ പറഞ്ഞാൽ അയ്യാളെ നാം യുക്തിമാനായി പഴിക്കുന്നു. അയാളുടെ മരണശേഷമാകും ചിലപ്പോൾ മറ്റൊരു യുക്തിമാൻ ആ യുക്തിയെ നിഷേധിച്ച് സ്ഥിരപ്പെടുത്തുന്നത്.

അല്ലാഹുവിന്റെ ഏതു പ്രവർത്തനങ്ങളും യുക്തിസഹമാണ്. അയുക്തികമായ കുറെയുള്ളതിനിടയിലെ ഒരു യുക്തിയാണ് സാധാരണ മുഴച്ചുകാണുന്നത്. എന്നാൽ ഇവിടെ എല്ലാം യുക്തികമാണ്. തീർത്തും തന്ത്രപരമായ ആവിഷ്കരണമാണ് നാഥൻ നടത്തിയത്. എല്ലാ യുക്തിശാലികളെയും സൃഷ്ടിക്കാൻ യുക്തി ആവിഷ്കരിച്ചവനുണ്ടോ യുക്തി രാഹിത്യം?

ഇക്കാരണങ്ങളാൽ അല്ലാഹുവിനെ ശരിയാംവണ്ണം മനസ്സിലാക്കിയവന്റെ വാക്കുകൾ തത്വങ്ങളായിരിക്കും. ഇതിൽ നിന്നാകാം സൂഫികൾക്ക് തത്വജ്ഞാനികൾ എന്ന നാമം വന്നത്.

തത്വജ്ഞാനികളുടെ പല വാക്കുകളും സാധാരണക്കാർക്ക് വഹിക്കാനായിക്കൊള്ളണമെന്നില്ല. സാധാരണക്കാർക്ക് ഗ്രാഹ്യമല്ലാത്ത തത്വങ്ങൾ എടുത്ത് പലരും പലകുഴപ്പങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. 'അനൽ ഹഖും' മാഫീ ജുബ്ബതി ഇല്ലല്ലാ എന്നിവകളൊക്കെ ഈ ഗണത്തിൽപ്പെട്ടവയാണ്. അനൽ ഹഖ് പറഞ്ഞ ഹല്ലാജിനെ സമകാലികർ വധിച്ചു. തത്വജ്ഞാനിയായ ഹല്ലാജിന്റെ വാക്കറിയുന്ന ശേഷക്കാരനായ തത്വജ്ഞാനി അബ്ദുൾ ഖാദിർ അൽജീലാനി പറഞ്ഞു. ഞാൻ ഉള്ളപ്പഴായിരുന്നെങ്കിൽ ഞാൻ തടയുമായിരുന്നു.

## വദൂദ്

കാരുണ്യവാൻ എന്നർത്ഥം പറയാമെങ്കിലും കാരുണ്യവും ഇതും തമ്മിൽ ഒരു വ്യത്യാസമുണ്ട്. കാരുണ്യം ആവശ്യപ്പെടുന്നവന് നൽകുന്നതും, വദൂദെന്ന് പറയുമ്പോൾ ചോദിക്കണമെന്ന ഉപാധി കൂടാതെ നൽകുന്നവനെന്നുമാണർത്ഥം.

നമ്മുടെ ആധുനിക നിഅ്മത്തും അല്ലാഹു വദൂദായതിനാൽ കിട്ടിയതാണെന്ന് വ്യക്തം. നമ്മെ മുസ്‌ലിംകളായി ജനിപ്പിച്ചത് നമ്മുടെ അപേക്ഷകൊണ്ട് തന്നെ. അനുഗ്രഹമല്ല മറിച്ച് അവന്റെ വദൂദെന്ന

സിഫത്തു കൊണ്ട് കിട്ടിയതാണ്.

അവശരും അശരണരുമായ മനുഷ്യരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പെരുമാറുന്നവനാണ് മനുഷ്യരിലെ വദൂദ്. അവനോട് അശരണർ അപേക്ഷിക്കണമെന്നോ ചോദിക്കണമെന്നോ ഇല്ല. ഈ നാമം അശരണരെ കൈ പിടിച്ചുയർത്താൻ പണക്കാർക്ക് പ്രചോദനമാകണം. "ഒരു സഹോദരന്റെ ആവശ്യസാധൂകരണത്തിൽ ഏർപ്പെട്ടവന്റെ ആവശ്യസാധൂകരണത്തിലാണ് നാഥൻ" എന്ന പ്രവാചക വചനം ഇവിടെ പ്രസ്താവ്യമാണ്.

## <u>മജീദ്</u>

അതി മഹത്വമുള്ളവന്റെ നാമമാണിത്. ശ്രേഷ്ഠമായ സത്തയും പ്രവൃത്തിയും മഹത്വവും ഉള്ളവർക്കാണ് മജീദ് എന്ന് പറയുന്നത്.

## <u>ബാഇസ്</u>

പുനരുജ്ജീവിപ്പിക്കുന്നവൻ എന്നാണർത്ഥം. മണ്ണിൽ നിന്ന് മനുഷ്യനെ ജനിപ്പിച്ച് മണ്ണിലേക്ക് മടക്കി മണ്ണിൽനിന്ന് നാളെ മനുഷ്യരെ പുനഃജീവിപ്പിക്കും.

യഥാർത്ഥത്തിൽ മനുഷ്യൻ മരിക്കുന്നില്ല. മനുഷ്യന്റെ ശരീരമാണ് നശിക്കുന്നത്. അർവാഹ് (ആത്മാക്കൾ)കളുടെ ലോകത്ത് നിന്നും ഉമ്മയുടെ പള്ളയിലൂടെ അജ്സാദു (ശരീര)കളുടെ ലോകത്തേക്ക് വിടുന്നു. ശരീരവും ആത്മാവും തമ്മിൽ ഒരു കണക്ഷൻ നൽകി റൂഹിന്റെ അഭിലാഷം ശരീരം നടപ്പിൽ വരുത്തുന്നു. ശരീരത്തിന്റെ അനുഭൂതികളും ആസ്വാദനങ്ങളും റൂഹ്കൂടി ഉണ്ടാകുമ്പോഴേ ശരീരത്തിനനുഭവപ്പെടുന്നുള്ളൂ. റൂഹിന്റെ നിക്ഷേപ സ്ഥാനങ്ങളാണ് മാറുന്നത്.

മണ്ണായി പോയ ശരീരത്തെ പൂർണ്ണമായി പഴയപടി അല്ലാഹു ജനിപ്പിക്കുന്നു. അവനിൽ ആത്മാവ് നിക്ഷേപിച്ച് വിചാരണക്കെടുക്കുന്നു. (മരണവും മറ്റും അന്ത്യദിനത്തിലെ വിശ്വാസത്തിൽ വിശദീകരിക്കാം) (ഇ:അ)

## <u>അശ്ശഹീദ്</u>

തെളിഞ്ഞറിയുമ്പോൾ അറിയുന്നവൻ എന്നർത്ഥം തന്നെ

യാണ് ഇവിടെയും വരുന്നത്. ഇത് സ്വാഭാവികമാണെന്ന് മാത്രം.

## ഹഖ്ഖ്

നിത്യമായ യാഥാർത്ഥ്യം അല്ലാഹു മാത്രമാണ്. ഞാൻ ഉണ്ടെന്നത് ഇന്ന് സത്യമാണ്. നാളെയത് കളവാകും. ഞാൻ മരിച്ചു എന്നത് മറ്റൊന്നാൾ സത്യമായിരിക്കും. കുറച്ച് ദിവസം കഴിയുമ്പോൾ അത് കളവാകാം. കാരണം നാം നിത്യസത്യങ്ങളല്ല. താത്കാലിക ജീവികളായാൽ താത്കാലിക സത്യങ്ങൾ മാത്രം. നിത്യ ജീവനുള്ളവൻ നിത്യസത്യവാനും.

സൃഷ്ടികളുടെ സത്താലഭിച്ചതാണ്. അത് നീങ്ങിയാൽ നിരർത്ഥകമാകുന്നു. അല്ലാഹുവിന്റേത് ഉള്ളതാണ് നീങ്ങുന്നതല്ലതന്നെ. സ്വശരീരം മിഥ്യയാണെന്ന് ബോധ്യപ്പെട്ടവനാണ് യഥാർത്ഥത്തിൽ ഹഖ്ഖ്. (ഇതിന്റെ 'അൽ' വിവരണം വഹ്ദത്തുൽ വുജൂദിൽ കഴിഞ്ഞിട്ടുണ്ട്)

## വകീൽ

ഭാരമേൽപ്പിക്കപ്പെടുന്നവൻ. ചിലകാര്യങ്ങളിൽ ഭാരമേൽക്കുന്നവൻ വകീലാകില്ല. മറിച്ച് എല്ലാകാര്യങ്ങളിലും വകീലാകുന്നവനാകണം. അത് അല്ലാഹു മാത്രമാണ്. കാര്യങ്ങൾ ആശ്രയരഹിതമാകുന്നവനെ ഭാരമേൽപ്പിക്കാൻ കഴിയൂ. അതിനാൽ തന്നെ വകീൽ അല്ലാഹുമാത്രമാണ്.

## ഖവിയ്യ് - മതീൻ

സമ്പൂർണ്ണ ശക്തൻ, അതിശക്തൻ. ഖുർആൻ പറയുന്നു. "നിശ്ചയം അല്ലാഹു ശക്തവാനും പ്രതാപവാനുമാകുന്നു." 'നിശ്ചയം അല്ലാഹു ഖുവ്വത്തുടയവനും മതീനുമാണ്.'

## വലിയ്യ്

സ്നേഹിയും സഹായിയുമായുള്ളവനാണ് വലിയ്യ് എന്നു പറയുന്നത്. മനുഷ്യനിൽ സ്നേഹമെന്നാൽ അവന്റെ ഹൃദയം മറ്റൊരുവനോട് ചായുക എന്നാണ്. എന്നാൽ ഈ അർത്ഥം ഇവിടെ ഉദ്ദേശ്യമില്ല. "വിശ്വസിച്ച സമുദായത്തിന്റെ സഹായിയും രക്ഷകനും അല്ലാഹു ആകുന്നു" എന്നേ അർത്ഥമുള്ളൂ. അല്ലാഹുവിന്റെ മിത്ര

ഖദളെ സ്നേഹിക്കുകയും, ശത്രുക്കളെ വെറുക്കുകയും ചെയ്യുന്നവനാണ് സൃഷ്ടികളിൽ വലിയ്യ്. ഇക്കാരണത്താൽ തന്നെയാണ് ഇവരെ എതിർക്കുന്നവരോട് നാഥൻ യുദ്ധം പ്രഖ്യാപിച്ചത്.

## അൽഹമീദ്

സ്തുത്യർഹൻ. യഥാർത്ഥ സ്തുത്യർഹൻ അല്ലാഹുവാണ്. കാരണം, സ്തുതിക്ക് അർഹതയുള്ളവൻ അവൻ മാത്രമാണ്. ബാക്കിയുള്ളവരുടെ കഴിവുകളെല്ലാം ലഭ്യമായ വായ്പയും അല്ലാഹു യഥാർത്ഥ ഉടമയുമാണ്.

## അൽബാത്വിന്

അല്ലാഹുവിന്റെ സൃഷ്ടികളിലൂടെ അവന്റെ സാന്നിദ്ധ്യം സുതാര്യം വ്യക്തമാണ്. അവൻ ഇല്ലെന്ന് നിഷേധിക്കാൻ കഴിയുക നശിക്കാത്ത ആർക്കും വേണ്ടതാണ്.

എന്നാൽ സത്തയിൽ അവൻ ഗോപ്യമാണ്. അവനെ പ്രാപിക്കാൻ പഞ്ചേന്ദ്രിയങ്ങൾക്കോ മസ്തിഷ്കത്തിനോ സാധ്യമല്ലാത്തതാണ് താനും.

## ബർറ്

ഏറ്റവും വലിയ ഔദാര്യവാൻ കൈ അയച്ചു നൽകുന്നവൻ. തീരുമെന്ന ഭയമില്ലാതെ കൊടുക്കുവാൻ റബ്ബിനേ കഴിയൂ.

## അത്തവ്വാബ്

അത്യധികം പശ്ചാത്താപം സ്വീകരിക്കുന്നവൻ. തൗബക്ക് പ്രോത്സാഹനം കൊടുക്കുകയാണ് നാഥൻ. തൗബ ഒട്ടും ചെയ്യാത്തതായി ഒരു സമുദായം മാറിയാൽ അവരെ നശിപ്പിച്ച് തൗബ ചെയ്യുന്നവരെ കൊണ്ടുവരുമെന്നാണ് നാഥൻ പറയുന്നത്. പാപത്തിൽ നിന്ന് തൗബ ചെയ്തവൻ പാപം ചെയ്യാത്തവനെ പോലെയാണെന്നാണ് പ്രവാചക പാഠം.

## മുൻതഖിം

കുറ്റവാളികളെ അർഹമായ രീതിയിൽ ശിക്ഷിക്കുന്നവനുള്ള

നാമമാണിത്. തൗബക്കും മറ്റുമുള്ള ഇടവേള കൊടുത്തശേഷം മാത്രമേ നാഥൻ ഇങ്ങനെ ചെയ്യുകയുള്ളൂ. തെറ്റുകാരെ ശിക്ഷിക്കുന്നത് നീതിയുടെ ലക്ഷണം മാത്രമാണ്. അല്ലാതെ സ്ഥാനം കുറക്കുന്നതോ മാനം കെടുത്തുന്നതോ ഒന്നുമല്ല.

## അഫുവ്വ് റഊഫ്

പാപങ്ങൾ, വിടുതി ചെയ്യുന്നവനാണ് അഫുവ്വ്. കനിവോടുകൂടി പ്രജകളോട് പെരുമാറുന്നവനാണ് റഊഫ്

## മാലികുൽ മുൽക് ദുൽജലാലിവൽ ഇക്റാം

മുഴുവൻ അധികാരത്തിന്റെയും ഉടമയാണ് മാലികുൽ മുൽകെന്ന് പറയുന്നത്. അതി പ്രഭാവിയും ആദരവുള്ളവനുമാണ് മാലികുൽ മുൽക് ദുൽജലാലിവൽഇക്റാം കൊണ്ടുദ്ദേശിക്കുന്നത്. അധികാരികളുടെയൊക്കെ സൃഷ്ടാവായ നാഥൻ മാലികുൽ മുൽകായില്ലെങ്കിലേ അത്ഭുതമുള്ളൂ. മുഴുവൻ മാഹാത്മ്യങ്ങളും സൃഷ്ടിച്ചവനല്ലാതെ ഒരു ദുൽജലാലി വൽ ഇക്റാമുമില്ല.

## വാലി, മുതആലി

സൃഷ്ടികളുടെ കാര്യങ്ങൾ ആസൂത്രണം ചെയ്യുകയും ഏറ്റെടുക്കുകയും ചെയ്യുന്നവനാണ് രക്ഷാധികാരി അൽവാലി.

അൽഅലിയ്യിനേക്കാൾ ആഴമേറിയ അർത്ഥമാണ് അൽമുതആലി.

## അൽമുഖ്സിത്വ്

നീതിമാൻ എന്നാണ് നേരെ അർത്ഥം. അല്ലാഹുവിന്റെ നീതി മഹത്തരമാണ്. അവന്റെ നീതി പോലും ഔദാര്യത്തിന്റെ ചുവയുള്ളതാണ്. അതാണ് നബി(സ) പഠിപ്പിക്കുന്നത്. ഒരു ദിവസം നബി(സ) അണപ്പല്ലുകൾ കാണുമാറ് ചിരിച്ചു. ഉമർ(റ) കാരണമന്വേഷിച്ചു. നബി പറഞ്ഞു, രണ്ടു മനുഷ്യർ അല്ലാഹുവിന്റെ മുന്നിൽ നിൽക്കുന്നു. ഒരാൾ മറ്റെയാൾക്കെതിരെ ആവലാതി ബോധിപ്പിച്ചു. അല്ലാഹു അപരനോട് പരിഹാരം നൽകാൻ നിർദ്ദേശിച്ചു. അയാൾ പറഞ്ഞു,

പടച്ചവനെ പരിഹാരം നൽകാൻ എനിക്ക് സ്വാലിഹായ അമലുകളില്ല. ഇത് കേട്ട പരാതിക്കാരൻ പറയുന്നു എനിക്ക് കുറെ ദോഷങ്ങളുണ്ട്. ഇത് കേട്ട് അപരൻ പരിഭ്രമിച്ചു. നാഥൻ അയാളോട് പറഞ്ഞു, ഇയാളുടെ പാപങ്ങൾ നീ പേറുക. എന്നിട്ട് സ്വർഗ്ഗത്തിലെ ഒരു മഹാ മാളിക കാട്ടികൊടുത്തു. പരാതിക്കാരൻ അത് കണ്ട് അത്യത്ഭുതത്താൽ നാഥനോട് ചോദിച്ചു ഇതാർക്കുള്ളതാണ്? അല്ലാഹു പറഞ്ഞു ഇയ്യാൾക്ക്, നീ വിടുതി ചെയ്തുകൊടുത്താൽ നിനക്കുള്ളതാണ്. അത് കേട്ട അയാൾ അത് കൊണ്ട് തൃപ്തിപ്പെടുന്നു. മറ്റെയാൾ രക്ഷപ്പെടുന്നു. നീതിക്കിവിടെ ഭംഗം വന്നതുമില്ല. നീതിയും ന്യായവും നടപ്പാക്കുന്നതിനൊപ്പവും അടിമകളോട് അൻപ്പു കാണിക്കുന്നു. അതാണിതിലെ ചിത്രം.

## ജാമിഅ്

ഒരുമിപ്പിച്ചു കൂട്ടുന്നവൻ: ആത്മാക്കളെ അവൻ ഒരുമിച്ചു കൂട്ടി. അവിടുന്ന് ചോദ്യം ചെയ്തു. നിഅ്മത്തുകളുടെ സംഗമമായി മനുഷ്യനെ സൃഷ്ടിച്ചു. അവനിൽ മനുഷ്യ പൂർണ്ണതക്കാവശ്യമായതെല്ലാം ഒരുമിച്ചു കൂട്ടി.

നാളെ അന്ത്യനാളിൽ ഏവരെയും ഏതിനെയും അവൻ ഒരുമിച്ചുകൂട്ടും. അവരുടെ പ്രവർത്തികൾ ഒരുമിച്ച്കൂട്ടിയ ലിസ്റ്റ് വിതരണം ചെയ്യും. വിധികളും മറ്റും കഴിഞ്ഞശേഷം സജ്ജനങ്ങളെ സ്വർഗ്ഗത്തിലേക്കും, ദുർജ്ജനങ്ങളെ നരകത്തിലും അവൻ ഒരുമിച്ചു കൂട്ടും.

പക്ഷപാതവും അതിപൂർണ്ണവുമായി ഒരുമിച്ചു കൂട്ടാൻ ഏകാധിപതിക്ക് മാത്രമേ സാധിക്കുകയുള്ളൂ.

## ഗനിയ്യ് മുഗ്നി

ഐശ്വര്യമുള്ളവനും ഐശ്വര്യം നൽകുന്നവനുമാണ് അല്ലാഹു. അവൻ ആരെയും ആശ്രയിക്കാത്തതിനൊപ്പം പലരെയും ഐശ്വര്യ സമ്പന്നരാക്കുന്നു. കാരണം അവന്റേതാണ് എല്ലാം.

## മാനിഅ്, ളാറ്, നാഫിഅ്

ബുദ്ധിമുട്ടുകളെ തടയുന്നവനാണ് മാനിഅ്. ഖൈറും ശർറും അവനിൽ നിന്നാണുത്ഭവിക്കുന്നതും.

## നൂർ, ഹാദി

അല്ലാഹു സർവ്വതിനും പ്രഭ പകരുന്നവനും അവൻ തന്നെ പ്രഭയുമാണ്. ഇത് ഒരു ആലങ്കാരിക പ്രയോഗം മാത്രമാണ്. അല്ലാതെ അവൻ പ്രകാശമാണെന്നല്ല. മറിച്ച് അവന് നൂറുണ്ട്. ആ നൂറിനെ പോലും പ്രാപിക്കാൻ നമുക്കാവില്ല. ആ പ്രഭ പ്രത്യക്ഷമായപ്പോഴാണ് ബഹുമാനപ്പെട്ട മൂസാ(അ) ബോധരഹിതനായത്.

മാർഗ ദർശനം നൽകുന്നവൻ എന്നാണ് ഹാദി എന്നതിന്റെ അർത്ഥം. അലക്ഷ്യമായി അന്നം തേടി അലഞ്ഞു നടക്കുന്ന പക്ഷി പറവാദികൾക്ക് വൈകുന്നേരം മാർഗദർശനം നൽകി തന്റെ കൂട്ടിൽ എത്തിക്കുന്നതാരാണ് ? അതത്രെ അല്ലാഹു.

## ബദീഅ് ബാഖി

അതുല്യനും എന്നും ശേഷിക്കുന്നവനുമാണവൻ. അല്ലാഹു വിനാശമോ തുല്യരോ ഇല്ല. തുടക്കമുള്ളവനല്ലേ അന്ത്യവുമുള്ളൂ, ജനിച്ചവനല്ലേ മരിക്കുകയുള്ളൂ. തുല്യതയില്ലാത്ത സംവിധായകൻ എത്ര മഹോന്നതൻ. ഏതു മേഖലയിലേയും ചക്രാധിപതികൾക്കെങ്ങനെയാണ് തുല്യരുണ്ടാവുക.

## വാരിസ് റഷീദ്

എല്ലാറ്റിന്റെയും അനന്തരാവകാശിയായ അല്ലാഹു പറയുന്നു. സകലതും നാശമടയും അല്ലാഹുമാത്രം അവശേഷിക്കും. അതായത് താത്കാലികം സ്വായത്തമാക്കിയതെല്ലാം അവസാനിക്കും. അനന്തരവകാശത്തിന്റെ പരമ്പരകൾക്ക് വിരാമംകുറിക്കും. എല്ലാ അവകാശങ്ങളും അവന് മാത്രമാകും. ഇന്നും എല്ലാ അവകാശങ്ങളും അവനുതന്നെയെങ്കിലും അവൻ നൽകിയ അവകാശം ചിലർക്കുണ്ട്. അതു കൂടി അന്നത്തോടെ അവസാനിക്കും.

പൂർണ്ണ വിവേകിക്കാണ് റഷീദ് എന്നു പറയുന്നത്. പരാശ്രയം കൂടാതെ തീരുമാനമെടുക്കാനും, നടപ്പിലാക്കാനും, സ്വന്തം ഇഷ്ടപ്രകാരം കാര്യങ്ങൾ നടപ്പിലാക്കാനും അവനു മാത്രമെ കഴിയുകയുള്ളൂ.

## അസ്സബൂർ

ക്ഷമാപൂർവ്വം കാര്യ നിർവ്വഹണം നടത്തുന്നവൻ എന്നാണിതിനർത്ഥം. ഏതെങ്കിലും ഒരു കാര്യം സമയം എത്തുന്നതിന് മുമ്പ് നിർവ്വഹിക്കാൻ ധൃതിയില്ല. സമയം തെറ്റാതെ താൻ നിശ്ചയിച്ച പ്ലാനിൽ നിന്ന് അണുകിട മാറാതെ കാര്യങ്ങൾ ചെയ്യുന്നു.

ഈ വിശേഷണത്തിനും അവൻ ഏകാധിപതിയാകുന്നു.

## സമാപ്തം

എവിടെയുള്ള എന്തിനെകുറിച്ച് പരാമർശിച്ചാലും ഒരർത്ഥത്തിൽ അത് അല്ലാഹുവിനെകുറിച്ചാണ്. അത്രമാത്രം പ്രവിശാലമായ, പെരുമകളുടെ ഉടമയിലാണവൻ. ചിന്തയിലും ചിന്താതീതത്തിലും പരമ പ്രാപ്തി വരിച്ചവനാണവൻ.

അവന്റെ അപദാനങ്ങൾ എഴുതിതീർക്കാനാവില്ല. "ഇസ്ലാമെന്ന" മതം ഉൾക്കൊള്ളാമോ? അല്ലാഹു ചോദിച്ചു. കൂറ്റൻ മലകളും കടുകട്ടിമരങ്ങളും നിരസിച്ചു. ഭൂമിയും, ആകാശവും, സമുദ്രവും, സമതലവും വിസമ്മതിച്ചു. പക്ഷെ ശേഷികൊണ്ടു മാത്രം മനുഷ്യൻ അത് ഏറ്റെടുത്തു. ഹതഭാഗ്യനായ മനുഷ്യൻ, അവൻ കരാറുവിടുന്നതിൽ നിസ്സഹായനായി നിലം പതിച്ചു. ചുമക്കാനാകാതെ പരിഭ്രമിച്ചു. മനുഷ്യൻ അത്രമാത്രം ഐതിഹാസികത കാണിച്ചപ്പോൾ മറ്റുള്ളവരെയെല്ലാം അവന് കീഴൊതുക്കി കൊടുത്തു. ഇപ്പോൾ മനുഷ്യനെ നോക്കി മൃഗങ്ങൾ കളിയാക്കുന്നുണ്ടാകുമോ? മരങ്ങൾ പൊട്ടിച്ചിരിക്കുന്നുണ്ടാകുമോ? മനുഷ്യൻ ചിന്തിക്കുന്നു. വെറുമൊരു കീറത്തുണിയായിരുന്നെങ്കിൽ, പക്ഷിയായിരുന്നെങ്കിൽ, മണ്ണാകുന്ന എന്തെങ്കിലുമായിരുന്നെങ്കിൽ......

പക്ഷെ റബ്ബ് കാരുണ്യവാനാണ്. നീതിമാനാണ്. അടിച്ചേൽപ്പിക്കുന്നവനല്ല. നിലക്ക് നിവസിച്ച മനുഷ്യർക്കവൻ സ്ഥാനമാനങ്ങൾ നൽകുന്നു. അത്യുന്നതങ്ങൾ മനുഷ്യന്റെ കാൽക്കീഴിലാക്കി കൊടുക്കുന്നു. അവനെ കാണാൻ ഭാഗ്യം നൽകുന്നു.

നാം മനുഷ്യരായി, ഒരു വശത്ത് ഹതഭാഗ്യരായി, അതിനേക്കാൾ നാഥൻ അയച്ചതിന് വേണ്ടി നാം അദ്ധ്വാനിച്ചാൽ വലിയ ഭാഗം നാം ഭാഗ്യവാന്മാരുമായി.

ഈശ്വരവാദിയാകട്ടെ നിരീശ്വരവാദിയാകട്ടെ പ്രപഞ്ചത്തിനൊരു നിയന്താവുണ്ടെന്ന് സമ്മതിക്കുന്നു. നിരീശ്വരവാദിയും ഗതികെടുമ്പോൾ 'ദൈവമേ' എന്നു വിളിക്കുന്നു. മസ്തിഷ്കമുള്ള ബഹുജനത്തിന്റെ സമ്മതം തന്നെ അല്ലാഹു ഉണ്ടെന്നതിന് തെളിവാണ്.

അല്ലാഹുവിനെ എന്തുകൊണ്ടാണ് അവൻ എന്ന് പ്രയോഗിക്കുന്നത്. എന്താ ഒരു മര്യാദയുമില്ലേ. ചോദിക്കപ്പെടാം. എന്നാൽ ഏകനായ, അപ്രാപ്യനായ അല്ലാഹുവിനെക്കുറിച്ച് അദ്ദേഹം എന്ന് പ്രയോഗിച്ചാൽ ഒരു ദേഹ സങ്കൽപം വന്നേക്കാം. അത് അല്ലാഹുവിന് സങ്കൽപിച്ചുകൂടാ. അതിനാൽ ആപ്രയോഗം പാടെ നാം മാറ്റിവെച്ചു. അവൻ എന്നാണ് വിളിക്കുന്നതെങ്കിലും പരമ മാഹാത്മ്യങ്ങളും സകല സർവ്വാധിപത്യവും അംഗീകരിച്ചു കൊണ്ടാണ് നാം വിളിക്കുന്നത്.

രൂപ സങ്കല്പങ്ങളോ പ്രതി ബിംബ പ്രാതിനിധ്യങ്ങളോ ഇല്ലാതെ നാം അജ്ഞാതനായ അല്ലാഹുവിനെ ആരാധിക്കുന്നു.

അല്ലാഹുവിന്റെ ഏകത്വത്തിനോ, സൃഷ്ടി സാദൃശ്യരാഹിത്യത്തിനോ വിഘാതം കൂടാതെ അവനെ വിശ്വസിക്കാൻ സർവ്വാധിനാഥൻ തുണയേകട്ടെ.

www.islamkerala.com
E-Mail : abdulla_cherumba@yahoo.com
Mobile : 0097150 7927429